## മാവൂർ ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം

## സമഗ്ര വികസനരേഖ




കേരളം
കോഴിക്കോട് ജില്ല
മാവൂർ

135-3

# ജനകീയാസൂത്രണം കേരളത്തിൽ
# മാവൂർ ഗ്രാമപഞ്ചായത്ത്
# സമഗ്രവികസനരേഖ

KOZHIKODE DISTRICT
LOCATION MAP
SCALE. 1:500,000



## എഡിറ്റോറിയൽ ബോർഡ്


സുനിൽകുമാർ പുലിയപ്പുറം

പ്രേംരാജ്മോഹൻ

പുതുക്കുടി സുരേഷ്

അനിൽകുമാർ പാറപ്പുറം

സത്യൻ കളരിക്കൽ

ശശിധരൻ വെള്ളനൂർ

രമേശ്ബാബു എം

എൻ. പി. അഹമ്മദ്

ബാലകൃഷ്ണൻ പി.

ഡോ. രാജൻ

# മാവൂർ ഗ്രാമപഞ്ചായത്ത്

## ഭരണസമിതി അംഗങ്ങൾ



പ്രസിഡണ്ട്
**വി ബാലകൃഷ്ണൻ നായർ**



വൈസ് പ്രസിഡണ്ട്
**ഇ. ഭാഗീരഥി**



സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
**കെ. പി. രാജശേഖരൻ**

*അംഗങ്ങൾ*

ടി. സരോജിനി

ചിറ്റടി അഹമ്മദ്കുട്ടി

മുരളീധരൻ വിളക്കുമാടം

പി. പി. ഇസ്മാലുട്ടിഹാജി

ടി. വിശാലാക്ഷി ടീച്ചർ

പി. ബാലകൃഷ്ണൻ

പി. വി. നിർമല

കെ. ശിവദാസൻ നായർ




# വാർഡ് മെമ്പർമാർ

വാർഡ്      പേര്

1. ടി. സരോജിനി.
2. സി. അഹമ്മദുകുട്ടി.
3. വി.എം. മുരളീധരൻ.
4. വി. ബാലകൃഷ്ണൻ നായർ - പ്രസിഡന്റ്.
5. പി. പി. ഇസ്മാലുട്ടിഹാജി.
6. കെ. പി. രാജശേഖരൻ - സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
7. വിശാലാക്ഷി ടീച്ചർ.
8. പി. ബാലകൃഷ്ണൻ.
9. പി. വി. നിർമ്മല.
10. ഇ. ഭാഗീരഥി - വൈസ് പ്രസിഡന്റ്
11. ശിവദാസൻ നായർ കെ.

# താളുകൾ മറിക്കുമ്പോൾ


ആമുഖം

പഞ്ചായത്ത് പൊതുവിവരണം.

സാമൂഹിക-സാംസ്കാരിക ചരിത്ര പശ്ചാത്തലം.

ഭൗമഘടന.

ജലഘടന.

ജനഘടന.

കൃഷിയും ജലസേചവും

മൃഗസംരക്ഷണവും, മത്സ്യബന്ധനവും.

വിദ്യാഭ്യാസം.

കുടിവെള്ളവും, പൊതുജനാരോഗ്യവും

വ്യവസായം.

ഗതാഗതവും, ഊർജ്ജവും.

പാർപ്പിടവും, സാമൂഹ്യക്ഷേമവും

സംസ്കാരം.

വനിത.

സഹകരണമേഖല.

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം.

വിഭവസമാഹരണം.

# ആമുഖം

സ്വതന്ത്ര ഇന്ത്യയുടെ ജനാധിപത്യ ഭരണക്രമത്തിന് ഒരു പുതിയ മാനം നൽകികൊണ്ട് സാമൂഹ്യ, സാമ്പത്തിക രാഷ്ട്രീയ രംഗത്ത് സമൂലമായ പരിവർത്തനത്തിന്റെ കേളികൊട്ടുയർത്തിക്കൊണ്ടാണ് 21-ാം നൂറ്റാണ്ടിലേക്ക് കേരളജനത കാലെടുത്ത് വെക്കുന്നത്.

ഭരണ ഘടനയുടെ മാർഗ്ഗനിർദ്ദേശക തത്വങ്ങൾക്ക് അനുസൃതമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് രാജ്യപുരോഗതിയിലുള്ള നിർണ്ണായകമായ പങ്ക് വ്യക്തമാക്കുന്ന 73, 74 ഭരണഘടനാഭേദഗതിയും അതോടനുബന്ധിച്ച് കേരളത്തിലാകെ ഉയർന്നുവരുന്ന ജനകീയ മുന്നേറ്റത്തെ, - പ്രവർത്തനങ്ങളെ ഇന്ത്യാരാജ്യം മുഴുവൻ ഉറ്റു നോക്കിക്കൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യം കിട്ടി 50-ാം വർഷത്തിലേക്ക് കാലെടുത്ത് വെക്കുന്നതുവരെയും ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്ത ജനകീയ ഭരണക്രമങ്ങൾ നടപ്പിൽ വരുത്താനോ അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്താനോ എന്തുകൊണ്ടോ നമുക്ക് കഴിഞ്ഞില്ല. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി കണ്ടെത്തിയ ``ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന" യാഥാർത്ഥ്യം ഉൾക്കൊള്ളുന്നതിനോ രാജ്യപുരോഗതിക്ക് മുൻഗണന നൽകുന്നതിനോ നാം ശ്രദ്ധിക്കാതെ പോയതിന്റെ പരിണത ഫലം രാജ്യം ഇന്ന് അനുഭവിക്കുകയാണ്.

ഇതിൽ നിന്ന് വ്യത്യസ്തമായി വികസന കാര്യങ്ങളിൽ ഏതിനെല്ലാം മുൻഗണന നൽകണമെന്ന് തീരുമാനിക്കാനുള്ള അധികാരം താഴെ തട്ടിലുള്ള സാധാരണക്കാരനും ലഭ്യമാകുമാറ് 35-40% സംസ്ഥാന വരുമാനത്തിന്റെ വിഹിതം ജനങ്ങളുടെ അദ്ധ്വാനശേഷികൂടിപൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു പുതിയ മുന്നേറ്റത്തിന് ``9-ാം പദ്ധതി ജനകീയ പദ്ധതിയാക്കുന്നതിലൂടെ" തുടക്കം കുറിച്ചിരിക്കുകയാണ്. 8 പഞ്ചവത്സര പദ്ധതികൾ കൊണ്ട് പലവികസനങ്ങളും ഉണ്ടായി എങ്കിലും നാം ചെലവഴിച്ച കോടികളുടെ ഫലം കൊയ്തെടുത്തത് ഒരു ന്യൂനപക്ഷമായിരുന്നു എന്ന ബോധം ഉൾക്കൊണ്ടുകൊണ്ടായിരിക്കണം ഇനിയുള്ള പ്രവർത്തനം നാം ഏറ്റെടുക്കേണ്ടത്.

നമ്മുടെ ഗ്രാമീണ ജനതയിൽ ഉറങ്ങിക്കിടക്കുന്ന അദ്ധ്വാന ശേഷിയും ഉപയോഗിക്കാതെ കിടക്കുന്ന ഭൂസ്വത്തുക്കളും കൂട്ടിയോജിപ്പിച്ചു കൊണ്ട് ശരിയായ ഉൽപാദന വർദ്ധനവിലേക്ക് വഴി തിരിച്ച് വിടുന്നതോടെ ജനകീയാസൂത്രണമെന്ന നമ്മുടെ ലക്ഷ്യം നൂറുശതമാനവും സാക്ഷാത്കരിക്കപ്പെടുമെന്നും കേരളത്തിന്റെ സമഗ്രപുരോഗതി ഇതുവഴി നേടിയെടുക്കാമെന്നും നമുക്കു പ്രത്യാശിക്കാം. ഈ ബോധം ഉൾക്കൊണ്ട് കൊണ്ട് ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനും അവരുടെ പ്രശ്നങ്ങൾ ഏതെന്ന് മനസ്സിലാക്കി യാഥാർത്ഥ്യബോധത്തോടെ മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് പദ്ധതികൾ രൂപപ്പെടുത്തിയെടുക്കുന്നതിന് വേണ്ടി നിലവിലുള്ള ജനകീയ സമിതികളെ ശക്തിപ്പെടുത്തലാണ് ജനകീയാസൂത്രണം കൊണ്ട് നാം ഉദ്ദേശിക്കുന്നത്.

എന്തെല്ലാം പരിമിതികളുണ്ടായിരുന്നാലും ശരി, 9-ാം പദ്ധതിയുടെ ഭാഗമായി 1997 മാർച്ച് മാസത്തിൽ പ്രഖ്യാപിക്കുന്ന കേരളത്തിന്റെ പദ്ധതി വിഹിതം ജന നന്മക്കുവേണ്ടി, ജനങ്ങളുടെ താൽപര്യപ്രകാരം ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

നമ്മുടെ ചരിത്രത്തിൽ തന്നെ ഒരു പുതിയ മുതൽകൂട്ടായിത്തീരുന്ന ഈ മഹാസംരംഭത്തെ, പ്രവർത്തനത്തെ തങ്കലിപികളിൽ എഴുതിചേർക്കാനും കേരളം ``മാനുഷരെല്ലാരുമൊന്നുപോലെ"യായ മഹാബലിയുടെ ഭരണകാലത്തെ പോലെ ഇനിയും ഉയർന്നുവരട്ടെ- എന്ന് ആശംസിച്ചുകൊണ്ട് ഈ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഹൃദ്യമായ ഭാവുക്ങ്ങൾ നേരുന്നു.

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മാവൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | മാവൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | കുന്ദമംഗലം. |
| താലൂക്ക് | : | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : | കുന്ദമംഗലം |
| വിസ്തീർണ്ണം | : | 20.48 ച.കി.മീ |

# അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ചാത്തമംഗലം പഞ്ചായത്ത് |
| തെക്ക് | : | ചാലിയാർ പുഴ |
| പടിഞ്ഞാറ് | : | പെരുവയൽ പഞ്ചായത്ത് |
| കിഴക്ക് | : | ചാത്തമംഗലം പഞ്ചായത്ത് |
| ജനസംഖ്യ | : | 23771 (1991ലെ സെൻസസ്) |
| പുരുഷൻമാർ | : | 11726 |
| സ്ത്രീകൾ | : | 12045 |
| ജനസാന്ദ്രത | : | 1277 (ചതുരശ്ര കിലോമീറ്ററിന്) |
| സാക്ഷരർ | : | 21276 |
| വാർഡുകൾ | : | 11 എണ്ണം. |

# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ബ്രിട്ടീഷ് ഇന്ത്യയിൽ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു കോഴിക്കോട്. പ്രദേശം ഉൾപ്പെടെയുള്ള മലബാർ ജില്ല. മലബാർ ജില്ലയിലെ കോഴിക്കോട് താലൂക്കിൽ പെട്ട സ്ഥലമായിരുന്നു മാവൂർ പഞ്ചായത്ത്. ബ്രിട്ടീഷ് ഭരണത്തിനു മുമ്പ് സാമൂതിരിയുടെ ഭരണത്തിൻ കീഴിലായിരുന്നു ഈ പ്രദേശം.

ഇന്നത്തെ മാവൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കണ്ണിപ്പറമ്പ്ദേശവും പാലങ്ങാട് ദേശവും ഉൾപ്പെട്ട ഭൂവിഭാഗം കണ്ണിപറമ്പ് പഞ്ചായത്തും ചെറുപുഴക്ക് പടിഞ്ഞാറുള്ള പ്രദേശങ്ങളായ ചെറുപ്പ, മണക്കാട് പ്രദേശങ്ങൾ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലും ബാക്കിപ്രദേശങ്ങൾ ഉൾപ്പെട്ട ഭാഗം മാവൂർ പഞ്ചായത്തുമായാണ് നിലനിന്നിരുന്നത്.

ഇന്ന് മാവൂർ അങ്ങാടിനിൽകുന്ന പ്രദേശം പണ്ട് പുൽപറമ്പ് എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. ഭൂമിശാസ്ത്രപരമായ, ഓരോ പ്രദേശത്തിനും ഉണ്ടായിക്കൊണ്ടിരിക്കുന്ന, ഭൗതികമായ മാറ്റങ്ങൾ മാവൂരിനെയും ബാധിച്ചു. മാവുകൾ കൂട്ടമായി തഴച്ചുവളരുന്ന പ്രദേശമായതിനാലാകണം ഈ പ്രദേശത്തിന് മാവൂർ എന്ന പേര് ലഭിച്ചത്. ഇതിന്റെ ദൃഷ്ടാന്തമായി ഇപ്പോഴും മാവൂർ അങ്ങാടിക്കു സമീപവും പള്ളിയോൾ, കണ്ണിപറമ്പ് ഭാഗങ്ങളിലും ``മാവൂർ" എന്ന പേരിന്റെ ചരിത്രസ്മാരകമായി പടുകൂറ്റൻ മാവുകൾ തഴച്ചുവളർന്നു നിൽക്കുന്നതു കാണാം.

ഈ പഞ്ചായത്തിലെ പ്രധാന പ്രദേശങ്ങളിലെല്ലാം തന്നെ വലിയനായർ - നമ്പൂതിരി - മുസ്ലീം കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. ചെറൂപ്പ പ്രദേശത്ത് സ്ഥിരമായി അധികാരിയായിരുന്നത് പേരൂർ ഇല്ലത്തെ നമ്പൂതിരിമാരായിരുന്നു. അതിനുശേഷം കമ്പളത്ത് ചോലക്കൽ തറവാട്ടുകാരായ കെ.സി. ഉണ്ണീരിനായർ, ശേഷം കോമുനായർ തുടങ്ങിയവർ ഭരണം നടത്തിപ്പോന്നു. മാവൂരിന്റെ വടക്കു ഭാഗത്തായി കണ്ണിപറമ്പ് അംശത്തിൽ കെ.യു. ബാലൻ നായർ അധികാരിയായി പ്രവർത്തിച്ചിരുന്നു.

ഇതിനുപുറമെ നമ്മുടെ പ്രദേശം കണ്ണൂർ ജില്ലയിലെ പ്രമുഖ ജന്മികുടുംബമായ ചെപ്പങ്ങോട്ട് ഇല്ലം, സാമൂതിരി രാജവംശത്തിലെ താവഴിയായ കിഴക്കെ കോവിലകം എന്നിവരുടെ ജന്മത്തിലായിരുന്നു എന്ന് രേഖകളിൽ കാണുന്നു.

കണ്ണിപറമ്പ് ഭാഗത്ത് പേരൂർ, കാര്യാട്ട് കുടുംബങ്ങളായിരുന്നു പ്രധാനികൾ. മാവൂരിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ഒരു കണ്ണിയായി നിലനിന്നിരുന്ന ഭൂപ്രദേശത്തെ `കണ്ണിപറമ്പ്' എന്ന പേർ വിളിക്കാനിടയായി എന്ന് `മലബാർ മാനുവൽ' എന്ന ചരിത്ര ഗ്രന്ഥത്തിൽ കാണുന്നു. മാത്രമല്ല പുരാണ കഥാപാത്രങ്ങളിലെ മഹർഷിവര്യനായിരുന്ന കണ്വമഹർഷി ഈ പ്രദേശങ്ങളിലെവിടെയോ മോക്ഷപ്രാപ്തിക്കുവേണ്ടി തപസ്സനുഷ്ഠിച്ചു എന്ന് വിശ്വസിക്കുന്നവരേറെയുണ്ടിവിടെ. ഈ മഹർഷിയുടെ പേരിനോടുസാദൃശ്യപ്പെടുത്തി ഈ പ്രദേശത്തിന് `കണ്ണിപറമ്പ്' എന്ന പേർ ലഭിച്ചു എന്നും പഴമക്കാർ വിശ്വസിക്കുന്നു. കണ്വമഹർഷിക്ക് പൂജാകർമ്മങ്ങൾ ചെയ്യുന്നതിനു വേണ്ടി ഗംഗാനദിയിലെ തീർത്ഥ ജലം തന്റെ തപശക്തിയാൽ ഇവിടെയെത്തിച്ചിരുന്നു എന്നും, അതേപോലെ ചില പ്രത്യേകദിനങ്ങളിൽ ഇപ്പോഴും തീർത്ഥജലം പ്രവഹിക്കാറുണ്ടെന്നും, ഇത് സ്വീകരിക്കാനായി ധാരളം പേർ ഇവിടം സന്ദർശിച്ചുപോരുന്നു. ഈ കാരണത്താൽ ഈ കുന്നിൻപുറം തീർത്ഥകുന്ന് എന്ന പേരിൽ പ്രസിദ്ധമാണ്.

കണ്ണിപറമ്പ് ശിവക്ഷേത്ര ദർശനത്തിന് സാമൂതിരിരാജാവ് ഉപയോഗിച്ച നാട്ടുപാതയാണ് ഇപ്പോൾ മാങ്കാവ് - കണ്ണിപറമ്പ് റോഡ് എന്ന പേരിൽ വികസിപ്പിച്ചറോഡ്.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് എരഞ്ഞിമണ്ണ് മണ്ണേരി, എരഞ്ഞിമണ്ണ് നല്ലുവീട്ടിൽ, പുലിയപ്പുറം, എടത്തിൽ നായർ എന്നീ നായർ തറവാടുകളും, എടലകുളം പറമ്പത്ത് ഇല്ലം, പാലക്കോളിൽ ഇല്ലം, തുടങ്ങിയ നമ്പൂതിരി ഇല്ലങ്ങളും അധീനതയിൽവെച്ചുപോന്ന പ്രദേശമാണ് മാവൂർ. ഈ പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള മുഴുവൻ പ്രദേശങ്ങളും നടുവിലേടത്ത് ഇല്ലം, മഞ്ഞക്കോട്ട് തറവാട്ടുകാർ എന്നിവരുടെ അധീനതിയിലായിരുന്നു.

മാവൂർ ദേശത്തിന്റെ കിഴക്കെഭാഗം 128 ക്രമ

നമ്പർ പ്രകാരം ഉണ്ടായിരുന്ന ഭൂസ്വത്തുക്കൾ മുഴുവൻ എരഞ്ഞിമണ്ണ് മണ്ണേരി, കുടുംബത്തിന്റെ അധീനതയിലായിരുന്നു. സാമൂതിരിരാജാവിന്റെ പടനായകൻമാരായിരുന്നു ഇവർ. ഈ കുടുംബത്തിൽപ്പെട്ടവരെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ തലകാപ്പുനായർ, മൂത്തനായർ, ഇളയനായർ, ഏറ്റവും പ്രായംകുറഞ്ഞആളെ ഉണ്ണിപണിക്കർ എന്നും വിളിച്ചിരുന്നു. ഭൂസ്വത്തുക്കൾ അടക്കി വാണിരുന്ന തലകാപ്പുനായർ തന്റെ സ്വന്തം നിലയിൽ എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ എന്ന പേരിൽ ഒരു വിദ്യാഭ്യാസസ്ഥാപനം നടത്തിപ്പോന്നു. ഇത് ഇപ്പോഴും പഞ്ചായത്തിന്റെ വടക്കു-കിഴക്ക് അതിർത്തിയിൽ ചാത്തമംഗലം പഞ്ചായത്തിന്റെ ആരയങ്കോട് സ്ഥിതിചെയ്യുന്നുണ്ട്.

ഇതേ കാലത്തിന് അല്പശേഷം പുലിയപ്പുറം തറവാടുവകയായി കടുങ്ങോച്ചൻ പണിക്കർ അടുവാട് ഒരു L.P. സ്കൂൾ സ്ഥാപിച്ചു.

എന്നാൽ ഇതിനുമുമ്പ് തന്നെ ഈ പഞ്ചായത്തിലെ പഴക്കം ചെന്ന സ്കൂൾ ആയി പ്രവർത്തിച്ചിരുന്നത് കോഴിക്കോട് താലൂക്ക് ബോർഡിന്റെ കീഴിലുള്ള ലോവർ പ്രൈമറി മാപ്പിള എലിമെന്ററി സ്കൂൾ ആയിരുന്നു. ഇതാണ് ഇപ്പോൾ മാവൂരിന്റെ ഹൃദയഭാഗത്ത് ഗവൺമെന്റ് അപ്പർ പ്രൈമറിമാപ്പിള സ്കൂൾ ആയി പ്രവർത്തിച്ചു വരുന്നത്. ഇതിന്റെ ആദ്യത്തെ മാനേജർ കടോടി കുഞ്ഞാലിക്കുട്ടി ആയിരുന്നു.

മാവൂർ-കണ്ണിപറമ്പ് അംശം ദേശത്തിൽ എടലകുളത്ത് പറമ്പത്ത്, പാലക്കോൾ, പാലങ്ങാട്, വീട്ടിക്കാട്ട്, എന്നീ നമ്പൂതിരി ഇല്ലങ്ങളുടെ ഊരാളൻ വകയാണ് കൽച്ചിറ ശ്രീനരസിംഹ മൂർത്തീ ക്ഷേത്രം, നല്ലുവീട്ടിൽ കുടുംബത്തിന്റെ വകയായി, ഇപ്പോഴത്തെ കമ്പനി സ്ഥിതിചെയ്യുന്ന സ്ഥലത്തായി ഒരു അമ്പലവും, കളരിയും ഉണ്ടായിരുന്നു. ഇത് 1965-70 കാലഘട്ടത്തിൽ കണിയാത്ത് എന്ന സ്ഥലത്ത് മാറ്റി സ്ഥാപിച്ചു. ഇവിടെ ത്രിപുരന്തകൻ പ്രതിഷ്ഠയാണുള്ളത്, കൂഴമ്പ്രകാവ് കരുമകൻ, കിഴക്കിൻ കരകാവ്, പട്ടകുളങ്ങര ക്ഷേത്രം, ചെറൂപ്പ അയ്യപ്പൻ കാവ്, മുത്താച്ചിക്കാവ് തുടങ്ങിയ കുറെയധികം ആരാധനാലയങ്ങൾ ഇവിടെ സ്ഥിതിചെയ്യുന്നു. കമ്പനി വകയായി നിർമ്മിച്ച രാധാകൃഷ്ണ ക്ഷേത്രവും ഇവിടെയുണ്ട്.

അക്കാലത്ത് ഈ പ്രദേശത്തെ പ്രധാനപ്പെട്ട മുസ്ലിം തറവാട്ടുകാരായിരുന്നു പറമ്പൻമാർ, കിഴക്കെ തൊടികക്കാർ, പൂന്തോട്ടത്തിൽ, മുരട്ടീരി, പുനത്തിൽ കൽപ്പള്ളി, കിടാപ്പിൽ, പുന്നോത്ത്, കടോടി, വടക്കിനിയേടത്ത് എന്നീ കുടുംബക്കാർ.

മാവൂരിലെ ആദ്യത്തെ മുസ്ലിം ആരാധനാ

കേന്ദ്രമായിരുന്നു പാറമ്മൽ പ്രദേശത്ത്
സ്ഥിതിചെയ്യുന്ന `കുന്ദമംഗലം'പള്ളി
ഹാർദ്ദത്തിന്റെ പ്രതീകമായി കിഴക്കിൻ ക
താലപ്പൊലിക്ക് വെടിപൊട്ടിക്കാനുള്ള അ
ഗുരുക്കന്മാരുടെ പ്രതീകമായി കിഴക്കെ
മുസ്ലിം തറവാട്ടുകാർക്കായിരുന്നു.

കുറെയധികം അദ്ധ്യാപകരും, വ
പ്രവർത്തകരും ഇക്കാലത്ത് നമ്മുടെ
ത്തിൽ ഉണ്ടായിരുന്നു. തട്ടായി രാമ
കാര്യാട്ട് ഗോവിന്ദൻ നായർ, പുലിയപ്പു
ന്ദൻ നായർ, കിഴക്കെ മഞ്ഞക്കോട്ട്
നായർ, കൃഷ്ണൻമാസ്റ്റർ, മൂലത്തും
ഗോവിന്ദൻ നായർ, സുകുമാരൻ മാസ്റ്റ
കുട്ടികൃഷ്ണൻ മാസ്റ്റർ തോൾകുഴി
മാസ്റ്റർ, എന്നിവർ ഇവിടെ അദ്ധ്യാപക
ലുണ്ടായിരുന്നു. തട്ടായി രാമൻ നായരു
സൗദാമിനി ടീച്ചർ, കദീജ ടീച്ചർ എ
അക്കാലത്തെ അദ്ധ്യാപികമാരായിരുന്ന
ഗവിദ്യാലയങ്ങളും നിലവിൽ ഉണ്ടാ
പിതാംബരൻ മാസ്റ്റർ തുടങ്ങിയവർ അ
ളിൽ വയോജനവിദ്യാഭ്യാസരംഗത്ത് വള
പ്രവർത്തിച്ചിരുന്നു.

ഇന്ത്യയിലാകമാനം ഉയർന്നുവ
ന്ത്ര്യസമരത്തിന്റെ അലയൊലികൾ ഈ
ത്തിൽ കാര്യമായ സ്വാധീനം ചെലുത്തി
1933 - ഓടുകൂടിയാണ് കേളപ്പജിയുടെ
ത്തിൽ മാവൂരിൽ ഒരു കോൺഗ്രസ് ക
കരിക്കുന്നത്. ഇതിന്റെ പ്രസിഡണ്ട് അബ്
സെക്രട്ടറി മുണ്ടങ്ങര രാമൻകുട്ടിനായർ
ഇ. എൻ കുട്ടികൃഷ്ണൻ മാസ്റ്ററും അ
1936-ൽ കെ.സി. കുഞ്ഞൻനായർ എ
നായർ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗ
രരംഗത്ത് വരികയും ജയിൽവാസം അ
കയും ചെയ്തിട്ടുണ്ട്. കിടാപ്പിൽ അലവി
സമരത്തിൽ പങ്കെടുത്തതിന്റെ ഭ
പെൻഷൻ വാങ്ങുന്ന വ്യക്തിയാണ്.

നമ്മുടെ പല പ്രദേശങ്ങളിലും ജാ
ഉച്ചനീചത്വങ്ങൾ അക്കാലത്ത് നടപ്പി
രുന്നു. കോലുകുത്തിയും, ശീലകെട്ടി
ആയിരുന്നു അക്കാലത്ത് നികുതി ബാ
ക്കിയിരുന്നത്. ദേശീയതലത്തിൽ തന്നെ
സ്സിന്റെ പ്രവർത്തകർ അൽപ്പം മാറി
കയും സോഷ്യലിസ്റ്റ് കോൺഗ്രസ് രൂപ
ചെയ്തു.

1942-ഓടു കൂടിയാണ് കമ്മ
പ്രസ്ഥാനം ഇവിടങ്ങളിൽ വേരുറക്കുന്ന
കേരളീയൻ, E.M.S, കൃഷ്ണപ്പിള്ള, ചാ

സ്റ്റർ, വി.ടി. അച്ചുതൻനായർ എന്നീ നേതാക്കൾ ഈ പ്രദേശവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുകയും പലപ്പോഴും ചെറൂപ്പ, കായലം, കണ്ണിപറമ്പ് എന്നിവിടങ്ങളിൽ ഒളിവിൽ കഴിയുകയും ചെയ്തിട്ടുണ്ട്.

1959-ൽ രൂപംകൊടുത്ത് 69-ൽ ആവിഷ്ക്കരിച്ച ഭൂപരിഷ്കരണ നിയമം ജന്മി-കുടിയാൻ ബന്ധത്തിന് പുതിയമാനങ്ങളുണ്ടാക്കി. ഇതിനു മുമ്പു തന്നെ 1947-ൽ ജന്മിമാരുടെയും, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ മുഷ്കിനെതിരായി നടന്ന സമരം മാട്ടിടവന കുടുംബത്തിൽ താമസിച്ചിരുന്നവരുടെ ജന്മസ്വത്തിൽ നിന്നും കേവലം 250 രൂപ പാട്ട ബാക്കി ഈടാക്കുന്നതിനു വേണ്ടി എരഞ്ഞൻ പറമ്പത്ത് കൃഷ്ണൻ നമ്പൂതിരി എന്ന ജന്മി ഏകദേശം 10 ഏക്കറോളം ഭൂസ്വത്ത് 250 രൂപക്ക് ലേലത്തിൽ കോടതിയുടെ സഹായത്തോടെ വില്പിക്കുകയുണ്ടായി. ഇതിനെതിരെ കുഞ്ഞൻനായർ, കെ.സി. മാധവൻ നായർ എം.പി. നാരായണൻ നായർ, വി.ടി. അച്ചുതൻ നായർ തുടങ്ങിയവർ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ശക്തമായ ചെറുത്തു നില്പ് നടത്തി അന്നത്തെ നിയമമനുസരിച്ച് 6-പേർക്ക് ജയിൽ ശിക്ഷ ലഭിക്കുകയും, ബാക്കിപേരെ നല്ലനടപ്പിന് വിധിക്കുകയും ചെയ്തു. 1949 ഡിസംബർ മാസത്തിൽ ബാലൻമാസ്റ്റർ എന്ന കൃഷ്ണൻമാസ്റ്റർ ബ്രാഞ്ച് മാനേജരായി ആദ്യത്തെ പോസ്റ്റ് ഓഫീസ് മാവൂരിൽ പ്രവർത്തനം ആരംഭിച്ചു.

1956-ൽ കേരളസംസ്ഥാനം രൂപീകരിച്ചെങ്കിലും ഒന്നാം പഞ്ചവത്സരപദ്ധതി കാലത്ത് കേരളത്തിൽ കാര്യമായി വൻകിട വ്യവസായങ്ങളൊന്നും ഇല്ലായിരുന്നു. ഇതിന് പരിഹാരം കാണുന്നതിനു വേണ്ടി അന്നത്തെ കേരളസർക്കാർ ഒരു വ്യവസായം തുടങ്ങുന്നതിനു വേണ്ടി ബിർളാ ഗ്രൂപ്പുമായി ചർച്ച നടത്തി. ജലം, ഭൂമി, അസംസ്കൃത വസ്തുമായ മുള തുടങ്ങിയ അനുകൂല സാഹചര്യങ്ങളുള്ള മാവൂരിൽ വ്യവസായം തുടങ്ങാൻ തീരുമാനിച്ചു. വി.പി. ഗോഹൽ എന്ന ഉദ്യോഗസ്ഥൻ അക്കാലത്ത് മുളയിൽ നിന്ന് പൾപ്പ് ഉണ്ടാക്കുന്ന വിദ്യ കണ്ടു പിടിച്ചു. 1959-ൽ കമ്പനിക്കാവശ്യമായ സ്ഥലമെടുപ്പ് നടത്തി 1963-ൽ ഉൽപ്പാദനം ആരംഭിച്ചു. 10000 ത്തിലധികം പേർ അന്ന് തൊഴിലാളികളായി ജോലിചെയ്തിരുന്നു. പ്രവർത്തനം തുടങ്ങിയപ്പോൾ തന്നെ ജല-വായു മലിനീകരണ പ്രശ്നവും, പ്രക്ഷോഭവും തുടങ്ങി ഇതേ തുടർന്ന് 1974-ൽ രാമനിലയ കരാർ ഒപ്പുവെക്കുകയും മലിനജലം ഈ കരാറിന്റെ ഭാഗമായി 7 കിലോമീറ്ററിലധികം ദൂരമുള്ള ചുങ്കപ്പള്ളിയിൽ പൈപ്പ്ലൈൻ വഴി കൊണ്ടുപോയി ഒഴുക്കി. ഇപ്പോൾ 3000-ത്തിലധികം പേർ ഇവിടെതൊഴിലെടുക്കുന്നു. 2000-ത്തോളം കരാർ തൊഴിലാളികളും ഇവിടെയുണ്ട്. 9-ഓളം തൊഴിലാളിസംഘടനകളുണ്ടിവിടെ.

കമ്പനിയുടെ വരവോടു കൂടിയാണ് ഒരു സമൂഹമെന്ന നിലയിൽ ക്രിസ്ത്യാനികൾ മാവൂർ പ്രദേശങ്ങിൽ എത്തിയത്. പാറമ്മൽ ക്യസ്തുരാജ് ചർച്ച് ആയിരുന്നു അവരുടെ ആദ്യത്തെ ആരാധനാലയം.

മാവൂരിന്റെ സാമ്പത്തിക-സാമൂഹിക സാംസ്കാരിക രംഗത്ത് വമ്പിച്ച മാറ്റങ്ങളുണ്ടാകുന്നതിന് ഈ വ്യാവസായിക സ്ഥാപനം കാരണമായി. 1962-ന് അൽപ്പം മുമ്പായി കമ്പനിയുടെ ആവശ്യാർത്ഥം ഇവിടെ വൈദ്യുതി എത്തി. കമ്പനിയുടെ വരവോടെ ഇന്ത്യയുടെ ഭൂപടത്തിൽ കേരളത്തിന്റെയും, മാവൂരിന്റെയും സ്ഥാനം ഉയർന്നു നിന്നു. ഒന്നോ രണ്ടോ പീടിക മാത്രം ഉണ്ടായിരുന്ന മാവൂർ ഒരു ചെറി പട്ടണമായിമാറി. കമ്പനിയുടെ വരവോടെ തെങ്ങിലക്കടവിൽ പുഴക്ക് പാലം പണിതു. അതിനുമുമ്പ് ചെറൂപ്പ വരെയായിരുന്നു. ബസ് സർവ്വീസ് ഉണ്ടായിരുന്നത്, ദേവീപ്രസാദ്, അഞ്ചരക്കണ്ടി, പുതിയറ, ജനാനുകൂലൻ. എന്നീ ബസ്സുക്കൾ ആയിരുന്നു അന്ന് ഓടിയിരുന്നത്.

മാവൂർ പഞ്ചായത്തിന്റെ ഇന്നുള്ള പ്രദേശങ്ങൾ വിവിധ ഭരണ കർത്താക്കളുടെ കീഴിലായിരുന്നു. ഇന്നുള്ള 1,2, വാർഡുകൾ ഉൾപ്പെടുന്ന പ്രദേശം ഡിസ്ട്രിക് ബോർഡിന്റെ കീഴിലും, കണ്ണിപറമ്പ് പ്രദേശം, ഇന്നുള്ള 4,10,11, വാർഡുകൾ ഉൾപ്പെട്ട കണ്ണിപറമ്പ് പഞ്ചായത്തും ആയിരുന്നു. ഇതിന്റെ പ്രസിഡണ്ട് പാലങ്ങാട് പരമേശ്വരൻ നമ്പൂതിരി ആയിരുന്നു. കൂടാതെ ഇന്നത്തെ 5,6,7,8,9 എന്നീ വാർഡുകൾ ഉൾപ്പെടുന്ന മാവൂർ പഞ്ചായത്ത് എന്നപേരിലും അറിയപ്പെട്ടിരുന്നു. ഈ കാലഘട്ടത്തിൽ വില്ലേജ്-പഞ്ചായത്ത് കോടതി മാവൂരിലുണ്ടായിരുന്നു. ഈ കോടതിയിൽ തീർപ്പാവാത്ത കേസുകൾ മേൽകോടതിയായ, സ്മാൾ കോടതിയിൽ വിചാരണ നടത്തുകയം ചെയ്തിരുന്നു.

1956-ൽ ഫെബ്രുവരി 1-ാം തിയ്യതി നോമിനേറ്റഡ് സ്ഥിരം പഞ്ചായത്ത് പ്രസിഡണ്ടായി വി. എൻ അബ്ദുള്ളയെ നിയമിച്ചു. ഇദ്ദേഹത്തിന് എക്സിക്യൂട്ടീവ് അധികാരങ്ങൾ ഉണ്ടായിരുന്നു.

1960 വരെ ഭരണം നടത്തിയ ഈ ഭരണ സമിതിയിൽ V. N. അബിദുള്ള സ്ഥിരം പ്രസിഡണ്ട്, വി. ശങ്കരനാരായണൻ, ടി. അപ്പുണ്ണി നായർ, എം രാമൻകുട്ടിനായർ, കെ. കെ. വെളുബിര, ടി. പി. ആലി, പി. അയമത് - വൈസ് പ്രസിഡണ്ട് എന്നിവ

രായിരുന്നു. ആദ്യത്തെ മാവൂർ പഞ്ചായത്ത് ഓഫീസ് ആയി പ്രവർത്തിച്ചിരുന്നത് ഇന്ന് പഞ്ചായത്ത് ഷോപ്പിംഗ് സെന്റർ നിലനിൽക്കുന്ന കെട്ടിടത്തിലായിരുന്നു. 1960-നു ശേഷം നോമിനേറ്റഡ് ഭരണസമിതിയെ അധികാരത്തിൽനിന്ന് മാറ്റുകയും സ്പെഷ്യൽ ഓഫീസർ ഭരണാധികാരം ഏറ്റെടുക്കുകയും ചെയ്തു.

1963-ൽ മാവൂർ പഞ്ചായത്തിൽ ആകെ 6 വാർഡുകളാണ് ഉണ്ടായിരുന്നത്. ഇതിൽ ഉൾപ്പെട്ട 4-ാം വാർഡ് (കണ്ണിപ്പറമ്പ്) ദ്വയാംഗവാർഡായിരുന്നു. സ്ഥാനാർത്ഥി അടിസ്ഥാനത്തിൽ നടന്ന ആദ്യത്തെ തെരെഞ്ഞെടുപ്പിൽ ഇ. എൻ. ബാലൻ നായർ എന്ന ഇ. എൻ. ടി. ശങ്കരനാരായണൻ നായർ പ്രസിഡണ്ടും, പി. ടി. മുഹമ്മദാലി വൈ: പ്രസിഡണ്ടും ആയി. പി. ടി. മുഹമ്മദാലിക്കുശേഷം നാരായണൻ നായർ വൈ: പ്രസിഡണ്ടായി പ്രവർത്തിച്ചിരുന്നു.

1979 ആയപ്പോഴേക്കും 6 എന്നത് 9 വാർഡായി മാറുകയും, മഹിളാ, ഹരിജൻ റിസർവേഷനും ഉണ്ടാവുകയും ചെയ്തു. ഈ തെരെഞ്ഞെടുപ്പിൽ പ്രസിഡണ്ടായി എം. ധർമ്മജനും, വൈ: പ്രസിഡണ്ടായി കെ. സി. ഗോപാലകൃഷ്ണനും ആയിരുന്നു തെരഞ്ഞെടുക്കപ്പെട്ടത്. കെ. സി. ഗോപാലകഷ്ണനുശേഷം ഇ. ഉണ്ണിമോയിൻ മാസ്റ്റർ വൈസ്പ്രസിഡണ്ടായി. 1988-ൽ ആകെ 11-ാം വാർഡായി മാറുകയും, വനിതാ റിസർവേഷൻ 2 ആയി മാറി. എം ധർമ്മജൻ പ്രസിഡണ്ടും, കെ. ജി. പങ്കജാക്ഷൻ വൈ: പ്രസിഡണ്ടും ആയി. 1995 ആയപ്പോഴേക്കും 4 വനിതാ സംവരണവും ഒരു പട്ടികജാതി സംവരണവും അടങ്ങുന്ന 11-ാം വാർഡായി മാറി.

വളരെയധികം ചരിത്രപരമായ മാറ്റങ്ങൾ ഇത്രയും കാലത്തിനകം ഞങ്ങളുടെ പഞ്ചായത്തിനുള്ളിൽ ആകമാനം വന്നുചേർന്നിട്ടുണ്ട് എന്ന് വ്യക്തമാണ്. സൂക്ഷ്മമായി പരിശോധിച്ചാൽ ഇനിയും പലതരം ചരിത്രയാഥാർത്ഥ്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഇതിനുള്ള ഒരു സൂചനയായി മാത്രം ഈ ചരിത്രപരമായ വിവരണത്തെ ഉപയോഗപ്പെടുത്തുകയും കർമ്മനിരതമായ നാളെക്കു വേണ്ടിയുള്ള ഒരു പുതിയ ശക്തി സംഭരിക്കാൻ കൂട്ടായ പ്രവർത്തനത്തിന് ആഹ്വാനം ചെയ്തുകൊണ്ട് ഈ ലഘുചരിത്രകുറിപ്പിന് പരിസമാപ്തി കുറിക്കുന്നു.

# ഭൗമഘടന

പഞ്ചായത്തിന്റെ 4 വാർഡുകളിലൂടെ ഒഴുകുന്ന ചെറുപുഴയും 5 വാർഡുകൾ ബന്ധപ്പെട്ടുകൊണ്ടും മലപ്പുറം കോഴിക്കോട് ജില്ലകളെ വേർതിരിക്കുന്നതുമായ ചാലിയാർ പുഴ ബേപ്പൂരിൽ അറബിക്കടലിൽ ചേരുന്നു. ചെറുപുഴ പഞ്ചായത്തിന്റെ അമ്പായതൊടിവെച്ച് ചാലിയാറുമായി സന്ധിക്കുന്നു. ചാലിയാറിന്റെ തെക്കുഭാഗം മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

പഞ്ചയത്തിന് കിഴക്ക്-തെക്ക് ഒഴുകുന്ന ചാലിയാറിന് നടുവിലായി ഊർക്കടവ് ഭാഗത്ത് പച്ചപ്പോടുകൂടിയ ഒരു തുരുത്ത് സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറ് പെരുവയൽ പഞ്ചായത്തും വടക്ക് കിഴക്കായി ചാത്തമംഗലം പഞ്ചായത്തും തെക്ക് കിഴക്കായി ചാലിയാർ പുഴയും മാവൂർ പഞ്ചായത്തിന്റെ അതിർത്തി പങ്കുവെക്കുന്നു. 20.48 ച. കി. മീ. ആണ് പഞ്ചാത്തിന്റെ ആകെ വിസ്തീർണ്ണം.

ഭൂപ്രകൃതിയനുസരിച്ച് മാവൂർ പഞ്ചായത്തിനെ 8 മേഖലകളായി തിരിക്കാം.

1. ഉയർന്ന കുന്നിൽ പ്രദേശം.
2. കുത്തനെയുള്ള ചെരിവ്.
3. ചെറു ചെരിവ്.
4. ചെരിവ് സമതലം.
5. സമതല നിരപ്പ്.
6. വെള്ളം കയറുന്ന സ്ഥലം.
7. തീരപ്രദേശം.
8. ചെറുപുഴ.

| ഭൂപ്രകൃതി മേഖലകൾ | ഹെക്ടർ |
|---|---|
| പുരയിടം | 1517.89 |
| നിലം | 341.6 |
| പുറമ്പോക്ക് | 180.4 |
| പുഴ | 115.6 |
| തോട് | 8.38 |
| റോഡ് | 44.32 |
| റവന്യൂ | 0.54 |
| POB | 0.75 |

അവലംബം-

വില്ലേജ് ഓഫീസ് രേഖ. പഠനപര്യടനം

മാവൂർ പഞ്ചായത്തിന്റെ 70%ചെങ്കൽ മണ്ണും 8% മണൽ മണ്ണും 12% കളിമണ്ണുമാണ്.

മാവൂർ പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 300.2 സെ.മി. മഴ ലഭിക്കുന്നുണ്ട്. 1989 മുതൽ 96 വരെയുള്ള 8 വർഷങ്ങളിലെ കണക്കനുസരിച്ച് ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ഫെബ്രുവരി മാസത്തിലാണ്. അതായത് ശരാശരി 1. മി.മീറ്റർ മഴ. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. (അവലംഭം മഴലഭ്യത പട്ടിക)

ഭൂമിശാസ്ത്രപരമായി ഭൂരിഭാഗം പ്രദേശങ്ങളും മലകളായതിനാൽ പെയ്യുന്ന മഴവെള്ളം പൂർണ്ണമായും തോടുകളിൽകൂടി ചാലിയാർ പുഴയിലെത്തുന്നു. ഈ വെള്ളത്തെ ഫലപ്രദമായി തടഞ്ഞുനിർത്താൻ ആവശ്യമായ പദ്ധതികൾ നിലവിലില്ല.

പഞ്ചായത്തിന്റെ തെക്കും കിഴക്ക്തെക്ക് ഭാഗത്തുമായി ചാലിയാർ പുഴയും, പഞ്ചായത്തിലൂടെ വടക്കുനിന്നു തെക്കോട്ട് ചെറുപുഴയും ഒഴുകുന്നു. അമ്പായത്തൊടി ഭാഗത്ത് വെച്ച് ചെറുപുഴ ചാലിയാർ പുഴയുമായി കൂടിച്ചേരുന്നു. പഞ്ചായത്തിലെ മുഴുവൻ തോടുകളും തന്നെ വിവിധ സ്ഥലങ്ങളിൽ ചാലിയാർ പുഴയും ചെറുപുഴയുമായി സന്ധിക്കുന്നു. ചെറുപുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് 1315 മീറ്റർ നീളത്തിൽ ജലസേചനത്തിന് വേണ്ടി കനാൽ നിർമ്മിച്ച് കൃഷിക്കുപയോഗിച്ചുവരുന്ന കണ്ണിപറമ്പ് മിനി ജനസേചന പദ്ധതിയാണ് പ്രാധാന ജലസേചന പദ്ധതി. വിവിധ പ്രദേശത്തിൽ അൻപതിലധികം കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കുടിവെള്ളത്തിന്റെ രൂക്ഷമായ ക്ഷാമം ഒരളവുവരെ പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തു വക 130 പൊതുടാപ്പുകളോടു കൂടിയ ഒരു ശുദ്ധജലവിതരണ സംവിധാനം പഞ്ചായത്തിലുണ്ട്. കൂടാതെ 3300ലധികം കിണറുകളും 12 ലധികം കുഴൽ കിണറുകളും അടങ്ങിയതാണ് മാവൂർ പഞ്ചായത്തിലെ ജലസ്രോതസ്സ്. ശരാശരി ഭൂനിരപ്പിൽ നിന്ന് 10മീറ്റർ താഴ്ചയിൽ ഇവിടെ വെള്ളം ലഭിക്കുന്നു. ഭൂരിഭാഗം പ്രദേശങ്ങളും ഭൂരിഭാഗം പ്രദേശങ്ങളും കുന്നിൻ പ്രദേശങ്ങളായതിനാൽ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. ജലക്ഷാമം അനുഭവപ്പെടുന്നത് പ്രധാനമായും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ്.

മാവൂർ പഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 26144 ആണ്. ഇതിൽ 13166 പുരുഷന്മാരും, 12978 സ്ത്രീകളുമാണുള്ളത്. ഈ സെൻസസ് പ്രകാരം സ്ത്രീകളെക്കാൾ പുരുഷന്മാരാണ് കൂടുതൽ (188). ആകെ വീടുകൾ 4953. അതായത് വീടൊന്നിന് 5.27 ആളുകൾ. ജനസാന്ദ്രത ചതുരശ്ര കി.മീറ്ററിന് 1277 ആണ്. 6 വയസ്സിനു താഴെയുള്ള കുട്ടികൾ 3228 ഉം പട്ടികജാതി ജനസംഖ്യ 3383 ഉം ആണ്. ആകെയുണ്ടായിരുന്ന ജനസംഖ്യയിൽ 21276 പേർ സാക്ഷരരാണ്. സാക്ഷരരിൽ 11115 പുരുഷൻമാരും 10165 സ്ത്രീകളുമാകുന്നു.

1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം ഇപ്പോഴത്തെ ജനസംഖ്യ 23771 ആണ്. ഇതിൽ 11726 പുരുഷൻമാരും, 12045 സ്ത്രീകളും അടങ്ങുന്നു.

വിദ്യാഭ്യാസരംഗത്ത് ഇനിയും വളരെയേറെ മുന്നേറ്റം മാവൂർ പഞ്ചായത്തിലുണ്ടാവേണ്ടതുണ്ട്. വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതിവിശേഷം അടിയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ട് സാങ്കേതികമായ അറിവ് നേടിയെടുത്താലേ ഇതിനൊരു മാറ്റം ഉണ്ടാവുകയുള്ളൂ. ഒരു വ്യവസായ മേഖലയായ മാവൂരിൽ ഇത് അനിവാര്യമാണ്.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കാർഷിക രംഗം ആദായകരമല്ലാതായിത്തീർന്നതോടെ മറ്റുതൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. പ്രധാനമായും ഗ്രാസിം കരാർതൊഴിൽ മേഖലകളിലേക്കും, കെട്ടിട നിർമ്മാണ രംഗത്തേക്കുമാണ് ഇപ്പോൾ കൂടുതൽ പേരും തൊഴിൽ കണ്ടെത്തിക്കൊണ്ടിരിക്കുന്നത്. പണ്ട് കാലത്ത് ജാതിപരമായ വിവേചനങ്ങൾ നില നിന്നിരുന്നെങ്കിലും അതിനെതിരായ മുന്നേറ്റങ്ങളും നടന്നിട്ടുണ്ട്. ഇത് മതനിരപേക്ഷ സംസ്കാരത്തിന്റെ വളർച്ചക്ക് സഹായകമായി.

# കൃഷിയും ജലസേചനവും

മാവൂർ പൂർണ്ണമായും ഒരു കാർഷിക ഗ്രാമമായിരുന്നു. ഇരുപതോളം കുന്നിൻ പ്രദേശങ്ങളും താഴ്വരകളിലുള്ള നെൽവയലുകളും ചാലിയാറിനോടും ചെറുപുഴയോടും ചേർന്നു കിടക്കുന്ന പുഴതീരങ്ങളും അടങ്ങിയതാണ് ഇവിടത്തെ ഭൂപ്രദേശം. പ്രധാനമായ കൃഷി തെങ്ങ്, നെല്ല്, ഇടവിളയായി കവുങ്ങ്, കുരുമുളക്, കിഴങ്ങു വർഗ്ഗങ്ങൾ, വാഴ, എള്ള്, വെറ്റിലകൃഷി, ധാന്യങ്ങൾ, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ, കശുമാവ് എന്നിവയും കൃഷി ചെയ്തിരുന്നു. പണ്ടുകാലത്ത് ജനങ്ങളുടെ പ്രധാനപ്പെട്ട ജീവനോപാധി കൃഷിയും അതിനോടനുബന്ധിച്ച മറ്റ് തൊഴിൽ പ്രവർത്തികളായിരുന്നു. എന്നാൽ ഗ്വാളിയോർ റയോൺസിന്റെ വരവോടുകൂടിയും കൃഷി ലാഭകരമല്ലാത്തതുകൊണ്ടും കാർഷികമേഖലയിൽ നിന്നും ആളുകൾ പിൻമാറുവാൻ തുടങ്ങി.

സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 30 മീറ്ററിനും 70 മീറ്ററിനും ഇടയിലാണ്. ഇടനാട് വിഭാഗത്തിൽപ്പെടുന്ന ഭൂപ്രദേശമാണ് മാവൂർ. ഏറ്റവും ഉയരം കൂടിയ സ്ഥലം മാവൂർ പഞ്ചായത്തിന്റെ അതിർത്തിയായി വരുന്ന പൊൻപറക്കുന്നാണ്. കൂടാതെ പ്രധാന കുന്നുകളായ മേച്ചേരിക്കുന്ന്, കൂനിച്ചിമാട് കുന്ന്, എക്കായിക്കോട് കുന്ന്, കോട്ടക്കുന്ന്, വില്ലേരിക്കുന്ന്, പഴയംകുന്ന്, കച്ചേരിക്കുന്ന്, കത്തയംകുന്ന്, തീർത്ഥകുന്ന്, ഇടച്ചംമ്പാട് കുന്ന്, മതിലഞ്ചേരികുന്ന്, പരുത്തിപ്പാറകുന്ന്, കോട്ടപ്പറമ്പത്ത് കുന്ന്, പാടത്തുംകണ്ടിക്കുന്ന്, ചെറിയകുന്ന് മുതലായവയും നമ്മുടെ പഞ്ചായത്തിലുണ്ട്. മുപ്പത് മീറ്ററിന് താഴെയുള്ള പ്രദേശങ്ങൾ വയലുകളും പുഴയോരങ്ങളുമാണ്. കൂടുതലായി കുന്നിൻപ്രദേശങ്ങളും ചരിവുകളും, സമതലപ്രദേശങ്ങളുമാണ്. സമതലപ്രദേശങ്ങൾ കൂടുതലും വയലുകളാണ്. ഇതിൽ ഏതാണ്ട് 40% സ്ഥലത്ത് നിന്നും മണ്ണെടുത്തിട്ടുണ്ട്. മിക്കവാറും എല്ലാ തോടുകളും ചാലിയാർ പുഴയിലാണ് ചേരുന്നത്.

ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ളവരാണ് ഭൂരിഭാഗം കർഷകരും. ഇത് സംബന്ധിച്ച കൂടുതൽ വിവരം താഴെ ചേർക്കുന്നു.

അവലംബം
വില്ലേജ് ഓഫീസ്

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 5025 |
| 2 | ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ | 241 |
| 3 | രണ്ട് ഹെക്ടറിന് മുകളിൽ | 142 |

നെൽകൃഷിക്കാണ് പണ്ടുകാലത്ത് കൂടുതൽ ശ്രദ്ധ കൊടുത്തിരുന്നത്. കൂടാതെ തെങ്ങിന്റെ ഇടവിളകളായിട്ട് കിഴങ്ങുവർഗ്ഗവിളകളും ധാന്യങ്ങളും, ഇഞ്ചി, മഞ്ഞൾ, എള്ള്, പയറുവർഗ്ഗങ്ങൾ, പച്ചക്കറി വാഴകൃഷി മുതലായവയും കൃഷി ചെയ്തിരുന്നു. മഴയെ ആശ്രയിച്ചായിരുന്നു പ്രധാനമായും കൃഷി ചെയ്തിരുന്നത്. കൂടാതെ തോടുകൾ കുളങ്ങൾ എന്നിവ ജനങ്ങളുടെ സഹകരണത്തോടെ ചിറ കെട്ടി സംരക്ഷിച്ച് കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. കൃഷി നനക്കുവാൻ പരമ്പരാഗതമായ രീതിയിൽ ഏത്തകൊട്ട, തേവ് കൊട്ടയാണ് ഉപയോഗിച്ചിരുന്നത്. പണ്ടുകാലത്തെ കൃഷിലെ ഉടമസ്ഥർ പ്രധാനമായും എരഞ്ഞിമണ്ണു മണ്ണേരി വീട്ടിൽ തറവാട്, പറമ്പത്ത് ഇല്ലം, കൊളാട്ടിൽ തറവാട്, കരുമകൻ ദേവസം, പുലിപ്പുറം, പാലക്കോട്ട് ഇല്ലം, കാര്യ രൂർ ഇല്ലം മുതലായ നായർ നമ്പൂതിരി ജന്മിമാരുടെ ശത്തിലായിരുന്നു.

ആകെ കൃഷിഭൂമിയുടെ 16.72% നെൽകൃഷി ചെയ് വയലുകളായിരുന്നു. മിക്കവാറും എല്ലാ കർഷകരും വിത്തിനങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. പ്രധാ ചാമോടൻ തെക്കൻ ചീര, കയമ, പള്ളിയാറൽ, ക നവര എന്നിവ കൃഷി ചെയ്തിരുന്നത്. പറമ്പു ചാവോടൻ, ചാമ, കറുത്ത കൊഴിഞ്ഞിൽ എന്നിവയും ചെയ്തിരുന്നു. ജൈവ വളം ഉപയോഗിച്ചാണ് കൃഷി രുന്നു. കാലക്രമേണ കർഷകർ പുതിയതരം വിത്തുക സവളങ്ങളും ഉപയോഗിക്കുവാൻ തുടങ്ങി. പുതിയ വിത്ത രാസവളങ്ങളും വ്യാപകമായി ജലസേചനത്തിന് പമ്പ് ഉപയോഗിക്കുവാൻ തുടങ്ങി. വർദ്ധിച്ചുവരുന്ന ഉപയോഗം മൂലം മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിച്ചുവര യിട്ടാണ് കാണപ്പെടുന്നത്.

പണ്ടുകാലത്ത് കാർഷികവിഭവങ്ങളായ തേങ്ങ, ചേമ്പ്, മത്തൻ തുടങ്ങിയ ഉല്പന്നങ്ങൾ ചാലിയാർ തെരപ്പം, തോണി എന്നി ജലമാർഗ്ഗം വഴി മാങ്കാവ്, ബേപ്പൂർ, ചാലിയം, കോഴിക്കോട് എന്നിവിട കൊണ്ടുപോയി വിപണനം നടത്തുമായിരുന്നു. ലെത്തന്നെ പ്ലാവിൻഇല, വാഴക്കുല, മോര് എന്നിവയും യി കോഴിക്കോട്ട് കൊണ്ടുപോയി വിറ്റ് ഉപജീവനം രുന്നു.

ഭൂപരിഷ്കരണം നടപ്പിൽ വന്നതോടുകൂടി മറ്റ് പ്ര ളിലുള്ളതുപോലെ ഭൂമിയുടെ അവകാശം പലർക്കായി ങ്കിലും ഉൽപ്പാദനവർദ്ധനയിൽ കാര്യമായി മാറ്റം ഉണ് അതിൽ പ്രധാന കാരണം ഹ്രസ്വകാല വിളകളിൽ ദീർഘകാല വിളയായ തെങ്ങ് കൃഷിചെയ്യാൻ തുടങ്ങി നിന്നുള്ള ഉല്പാദനം ലഭിക്കാൻ ദീർഘകാലം വേണ്ട ഗ്വാളിയോർ റയോൺസ് ഫാക്ടറിയുടെ വരവോ അതിനോടനുബന്ധിച്ച വ്യവസായ തൊഴിൽ മേഖല ക്കുള്ള പോക്ക് വർദ്ധിച്ചതുകൊണ്ടും കൂടാതെ ഷികോൽപ്പന്നങ്ങളുടെ വിലയിടിവും വിദഗ്ദ തൊഴിലാ ടെ അഭാവവും ഇതിന്റെ പ്രധാന കാരണമായിട്ടുണ്ട്. ഷി ലാഭകരമല്ലാത്തതും ആധുനികവിദ്യാഭ്യാസം സാർവ്വ യതും കർഷകത്തൊഴിലാളികളുടെ പിൻമുറക്കാരെ ഇര ഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷകത്തൊ ളികളുടെ എണ്ണക്കുറവിനും ഇടയാക്കി.

നെൽകൃഷി-കൃഷിഭവൻ രേഖ
വിള വിസ്തീർണ്ണം

| നമ്പർ | വിള | വിസ്തീർ ഹെക്ടറി |
|---|---|---|
| 1 | നെല്ല് (ഒന്നാംവിള) | 35 |
| 2 | നെല്ല് (രണ്ടാംവിള) | 250 |
| 3 | നെല്ല് (മൂന്നാംവിള) | 25 |

ഭൂവിനിയോഗം:- പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2042 ഹെക്ടർ ആണ്. ഇത് പുഴ, പുഴയോരം, താഴ്വര, ചരിവ് കുന്നിൻപ്രദേശം എന്നിങ്ങനെയാണ് കാണപ്പെടുന്നത്. പുഴയോരങ്ങളിൽ മണൽകലർന്ന മണ്ണും, താഴ്വരകളിൽ കളിമണ്ണ് കലർന്ന പശിമരാശി മണ്ണും കുന്നിൻപ്രദേശങ്ങളിൽ ചെങ്കൽമണ്ണുമാണ്. നമ്മുടെ മണ്ണ് പുളിരസം കൂടുതലുള്ളതായിട്ടാണ് മണ്ണ് പരിശോധനാ രേഖകൾ തെളിയിക്കുന്നത്. ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങും, താഴ്വരകളിൽ നെല്ലുമാണ് കൃഷി ചെയ്യുന്നത്. കണ്ണപറമ്പ് ഭാഗത്ത് ആരംഭിച്ച റബ്ബർ കൃഷി വൻവിജയമായി വരുന്നു. ഇടവിളയായി കവുങ്ങ്, കുരുമുളക്, മരച്ചീനി, വാഴ, പയർ, പച്ചക്കറി, മഞ്ഞൾ, ഇഞ്ചി, ചേന, ചേമ്പ് മുതലായവ പലയിടങ്ങളിലും ഭാഗികമായി കൃഷി ചെയ്യുന്നുണ്ടെങ്കിലും ഫലപ്രദമാണെന്ന് പറയുവാൻ വയ്യ. വേണ്ടത്ര പരിചരണമില്ലാതെ കശുമാവ് പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ മൾബറി കൃഷി തുടങ്ങിയെങ്കിലും വേണ്ടത്ര വിജയിക്കാൻ കഴിഞ്ഞില്ല.

### ഭൂവിനിയോഗം വില്ലേജ് ഓഫീസ് കണക്ക്

| നമ്പർ | വിനിയോഗം | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1. | പുഴ | 115.69 |
| 2. | തോട് | 8.38 |
| 3. | റോഡ് | 44.33 |
| 4. | കൃഷിക്കുപയുക്തമായ തരിശ് | 30 |
| 5 | വീടും പരിസരവും | 122.46 |
| 6. | തൽക്കാലതരിശ് | 16.4 |
| 7. | പാറയും കൃഷിക്കുപയുക്തമല്ലാത്തതുമായ ഭൂമി | 3.48 |
| 8. | കാർഷികേതര ഉപയോഗം | 201 |
| 9. | കൃഷിഭൂമി | 1500.26 |

### നെൽകൃഷി

നാടൻ നെല്ലിനങ്ങളുടെ ഉൽപ്പാദനം നമ്മുടെ പഞ്ചായത്തിൽ ഹെക്ടറിന് 1800 കി.ഗ്രാം മുതൽ 2000 കി.ഗ്രാം സങ്കരയിനം നെല്ലിനങ്ങൾക്ക് ഹെക്ടറിന് 3300 കി.ഗ്രാം മുതൽ 4000 കി.ഗ്രാം വരെ ലഭിക്കുന്നുണ്ട്. അത്യുല്പാദന ശേഷിയുള്ള നെൽവിത്തുകളോടാണ് കർഷകർക്ക് കൂടുതൽ താല്പര്യം കൃഷിഭവനിലൂടെ വിതരണം ചെയ്ത വിത്തിനങ്ങൾ ജ്യോതി, ചുവന്നത്രിവേണി എന്നിവയും കൂടാതെ നീരജ, ആതിര മിനി കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. നെൽകൃഷിക്ക് ശേഷം വയലുകൾ പലപ്പോഴും തരിശുടുകയാണ് പതിവ്. ഇത് മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുന്നതിന് കാരണമാകുന്നു.

### മുഖ്യ ഇടവിളകളുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | കുരുമുളക് | 10 |
| 2. | കവുങ്ങ് | 48 |
| 3. | വാഴ | 84 |
| 4. | കശുമാവ് | 14 |
| 5. | മരച്ചീനി | 10 |
| 6 | പയറും പച്ചക്കറികളും | 26 |

കൂടാതെ നമ്മുടെ പഞ്ചായത്തിൽ 10.8 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയുണ്ട്. ഈ കൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ പറ്റിയസഹാചര്യം നിലനിൽക്കുന്നുണ്ട്.

തെങ്ങ്: നമ്മുടെ പഞ്ചായത്തിലെ പ്രധാനവിളയായ തെങ്ങുകൃഷി 975 ഹെക്ടർ പ്രദേശത്തുണ്ട്. ഒരുവർഷത്തിൽ ശരാശരി ഉൽപ്പാദനം 35 നാളികേരമാണ്. ഇത് സംസ്ഥാനശരാശരിയായ 38 നേക്കാൾ കുറവാണെന്നത് ഗൗരവമായാലോചിക്കേണ്ടതാണ്. പുഴയോരങ്ങളിലും താഴ്വരപ്രദേശങ്ങളിലുമാണ് വിളവ് കൂടുതൽ ലഭിക്കുന്നത്. ഭൂരിഭാഗം വരുന്ന കുന്നിൻ ചരിവുകളിൽ ഉൽപ്പാദനക്ഷമത കുറവാണ്. വിത്ത് തിരഞ്ഞെടുക്കുന്നതിന്റെ അപാകത, അശാസ്ത്രീയമായ വളപ്രയോഗം, ജലസേചനസൗകര്യമില്ലായ്മ, വരൾച്ച, മണ്ണൊലിപ്പ് മുതലായവയെല്ലാം ഉൽപ്പാദനകുറവിനു കാരണമാകുന്നു. ശരാശരി ഒരു ഏക്രയിൽ 95 തെങ്ങുകളുണ്ട്. നെൽകൃഷിയേക്കാൾ ലാഭകരം തെങ്ങുകൃഷിയാണ് എന്നതിന് വയൽ നികത്തി തെങ്ങുവെച്ച പലയിടങ്ങളിലും നീർക്കെട്ടുകൊണ്ടും മറ്റ് പല കാരണങ്ങൾ കൊണ്ടും ഉൽപാദനം കുറഞ്ഞുവരുന്നതായി കാണാം.

വാഴ:- ഇപ്പോൾ നെൽകൃഷിയുടെ സ്ഥാനത്ത് സാമ്പത്തികമായി ഏറെ മെച്ചമുള്ള നേന്ത്രവാഴ കൃഷി ചെയ്തുവരികയും വളരെയധികം ചെറുപ്പക്കാർ ഈ കൃഷിയിലേക്ക് താല്പര്യത്തോടെ കടന്നുവരികയും ചെയ്തിട്ടുണ്ട്. എന്നാൽ വെള്ളപൊക്കവും ശക്തിയായ കാറ്റും ഈ കൃഷിയുടെ ഭീഷണിയാണ്.

കുരുമുളക്: പഞ്ചായത്തിലെ മിക്ക കുരുമുളകുതോട്ടങ്ങളിലും ധ്രുതവാട്ടരോഗം മൂലം വള്ളികൾ നശിച്ചുകൊണ്ടിരിക്കുന്നു. ഇതിന് കൃഷിഭവൻ വഴി സസ്യസംരക്ഷണമരുന്നുകൾ നൽകുന്നുണ്ടെങ്കിലും ഈ രോഗത്തിനെ പ്രതിരോധിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

വളം: സഹകരണമേഖലയിൽ രണ്ടുവളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. ഒന്ന് മാവൂരിലും മറ്റൊന്ന് ചെറൂപ്പയിലുമാണ്. ഇപ്പോൾ കൃഷികൾക്ക് ഉപയോഗിക്കുന്നത് ഏതാണ്ട് 70%ത്തോളം രാസവളങ്ങളാണ്. വളപ്രയോഗം ശാസ്ത്രീയമായ രീതിയിലല്ല നടക്കുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള രാസവളപ്രയോഗം വളരെ കുറഞ്ഞതോതിലേ നടക്കുന്നുള്ളു. അതുകൊണ്ടുതന്നെ കൃഷിച്ചെലവ് അനാവശ്യമായി വർദ്ധിക്കുന്നു. ജൈവവളങ്ങളുടെ ഉപയോഗം കാലക്രമേണകുറഞ്ഞുവരുകയും ഇത് കാരണം മണ്ണിന്റെ ഘടനയും രചനയും നശിച്ചുകൊണ്ടിരിക്കുന്നു.

### സഹകരണ ബേങ്ക് വഴിയുള്ള രാസവളവിൽപനയുടെ വിവരം

| വർഷം | വിതരണം ചെയ്ത രാസവളത്തിന്റെ അളവ് |
|---|---|
| 1993-94 | 172 Ton |
| 1994-95 | 164 Ton |
| 1995-96 | 156 Ton |

കീടനാശിനി: നെല്ല്, വാഴ, പച്ചക്കറികൾ, എന്നീ

കൃഷികൾക്കാണ് കീടനാശിനിപ്രധാനമായും ഉപയോഗിച്ചുവരുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ചുകാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മയാണ് ഇതിന് ഒരു പ്രധാനകാരണം. നമ്മുടെ പഞ്ചായത്തിൽ കീടനാശിനി വിപണനകേന്ദ്രങ്ങളില്ല. കോഴിക്കോട്ട് നിന്നും മുക്കത്തുനിന്നുമാണ് കർഷകർ വാങ്ങുന്നത്.

കാർഷികോപകരണങ്ങൾ: പാടശേഖരക്കമ്മറ്റികൾക്കും കേരസംരക്ഷണ സമിതിക്കുമായി കൃഷിഭവൻ മുഖേന സബ്സിഡി നിരക്കിൽ ഇത് വരെ നൽകിയ കാർഷികോപകരണങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

### കൃഷിഭവൻ രേഖ

| നമ്പർ | കാർഷികോപകരണങ്ങൾ | എണ്ണം |
|---|---|---|
| 1. | ട്രാക്ടർ | 1 |
| 2. | ട്രില്ലർ | 3 |
| 3. | റോക്കർ സ്പ്രെയർ | 5 |
| 4. | നാപ്സ്സാക്ക് സ്പ്രേയർ | 14 |
| 5. | മെതിയന്ത്രം | 1 |
| 6. | തെങ്ങുകയറ്റ യന്ത്രം | 1 |
| 7. | പമ്പ് സെറ്റ് | 61 |

മേൽപറഞ്ഞ കാർഷികോപകരണങ്ങൾക്ക് പുറമെ സമീപപഞ്ചായത്തുകളിലുള്ള യന്ത്രോപകരണങ്ങളും കൃഷിക്ക് ഉപയോഗിക്കാറുണ്ട്. പണ്ടുകാലത്ത് ഉപയോഗിക്കാറുള്ള നാടൻ കാർഷികോപകരണങ്ങൾ ഇപ്പോൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും 34 ജോഡി ഉഴവുകാളകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പാടശേഖരസമിതികൾ: കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരുടെ പങ്കാളിത്തത്തോടുകൂടി രൂപീകരിക്കപ്പെട്ട ആറ് പാടശേഖരസമിതികളാണ് നിലവിലുള്ളത്. പലതും വേണ്ടത്ര ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

കേരസമിതികൾ: നേരത്തെ പഞ്ചായത്തിലെ 10 വാർഡുകളിൽ കേരകർഷകസമിതികൾ ഉണ്ടായിരുന്നു. ഇപ്പോൾ അവക്ക് പകരം പഞ്ചായത്ത് തലത്തിൽ ഒരു കേരസംരക്ഷണസമിതിയാണ് നിലവിലുള്ളത്. ഇതിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട്.

കുരുമുളകുസംരക്ഷണസമിതി: പഞ്ചായത്ത് തലത്തിൽ ഒരു കുരുമുളകുസംരക്ഷണസമിതിയാണ് പ്രവർത്തിക്കുന്നത്. ഇതിന്റേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

കൂലിനിരക്ക്: കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു. കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്ന വിദ്യാഭ്യാസരീതിയുടെ അഭാവം, സ്ഥിരമായി ഈ രംഗങ്ങളിൽ ജോലിയില്ലായ്മ, തുടങ്ങിയവയാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിൽ ചിലത്.

പഞ്ചായത്തിലെ 1991ലെ സെൻസസ് പ്രകാരം 706 പുരുഷന്മാരും 172 സ്ത്രീകളുമാണ് കാർഷികതൊഴിലാളികളായുള്ളത്. ഇവരുടെ ഇപ്പോഴത്തെ ശരാശരി കൂലിനിരക്ക് പുരുഷനു 100 രൂപയും സ്ത്രീക്ക് 70 രൂപയുമാണ്. നിലവിൽ ഒരു ഏകീകൃത നിരക്കില്ല.

### കാർഷികവായ്പകൾ

മാവൂർ സർവ്വീസ് സഹകരണബേങ്കും അതിന്റെ ചെറൂപ്പയിലെ ശാഖയും ജില്ലാ സഹകരണ ബേങ്കിന്റെ മാവൂരിലുള്ള ശാഖയും ഉൾപ്പെടെ 5 ബാങ്കുകളാണ് പഞ്ചായത്തിലുള്ളത്. ഇതുകൂടാതെ ഗ്രാമീണബാങ്ക് പെരുവയൽ ശാഖ, കാർഷിക വികസനബാങ്ക് മുക്കം ശാഖ എന്നിവയിൽ നിന്നും വർഷംതോറും പഞ്ചായത്തിലെ കർഷകർക്ക് കാർഷിക ലോണുകൾ നൽകുന്നുണ്ട്. കൃഷിക്ക് വേണ്ടി വാങ്ങുന്ന വായ്പകൾ പലപ്പോഴും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന പരാതിയും ഉണ്ട്.

മാവൂർ സർവ്വീസ് സഹകരണ ബാങ്ക് കൊടുത്ത കാർഷികവായ്പയുടെ കണക്ക്

| നമ്പർ | വായ്പയുടെ ഇനം | സംഖ്യ(രൂപ) |
|---|---|---|
| 1. | കാർഷിക ഹ്രസ്വകാലം | 1957007 |
| 2. | കാർഷിക മദ്ധ്യകാലം | 47671 |
| 3. | ചെറുകിട ജലസേചനം | 185225 |
| 4. | തെങ്ങുകൃഷി പുനരുദ്ധാരണം | 6972 |
| 5. | കാർഷികലോൺ പശു | 42940 |
| | ആകെ | 2302564 |

പാടശേഖരസമിതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കൃഷിഭവൻ രേഖ

| നമ്പർ | പാടശേഖരത്തിന്റെ പേര് | രജിസ്റ്റർ നമ്പർ | വിസ്തീർണ്ണം | വിളക്രമം |
|---|---|---|---|---|
| 1. | മാവൂർ പാടശേഖര നെല്ലുൽപാദകസമിതി-മാവൂർ | 766/1990 | 9 ഹെക്ടർ | വിരിപ്പ് |
| 2. | പുഞ്ചപ്പാടം നെല്ലുൽപ്പാദകസമിതി-ചെറൂപ്പ | 59/1990 | 52 ഹെക്ടർ | മുണ്ടകൻ പുഞ്ച |
| 3. | കണ്ണിപറമ്പ് നെല്ലുൽപാദകസമിതി കണ്ണിപറമ്പ് | 955/1990 | 52 ഹെക്ടർ | മുണ്ടകൻപുഞ്ച |
| 4. | പള്ളിയോൾ പാടശേഖര നെല്ലുൽപാദകസമിതി-മാവൂർ | 1035/1990 | 2 ഹെക്ടർ | മുണ്ടകൻ |
| 5. | അടുവാട് - താത്തൂർ പാടശേഖരനെല്ലുൽപാദകസമിതി-മാവൂർ | 755/1990 | 17 ഹെക്ടർ | മുണ്ടകൻ |
| 6. | കൽപ്പള്ളി-ആയംകുളം ഏരിയ പാടശേഖര നെല്ലുൽപ്പാദകസമിതി-കല്പള്ളി | 965/1990 | 14 ഹെക്ടർ | മുണ്ടകൻ |

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷിനടത്തുന്നത്. രണ്ടു ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെയും സപ്തംബർ മുതൽ ഒക്ടോബർ വരെയും വർഷത്തിൽ ശരാശരി 3002 സെ.മി മഴയാണ് ഇവിടെ ലഭിക്കുന്നത്. കഴിഞ്ഞ എട്ടുവർഷത്തിൽ ലഭിച്ച മഴയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

മഴയുടെ അളവ് മില്ലീമീറ്റർ

(മഴയുടെ അളവ് വിവരം. CWRDM)

| വർഷം | ജനുവരി | ഫിബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്ത് | സപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1989 | 0.0 | 0.0 | 0.8 | 59.4 | 242.3 | 920.4 | 475.1 | 365.2 | 213.8 | 216.2 | 55.2 | 1.4 |
| 1990 | 11.0 | 0.0 | 0.0 | 0.0 | 529.9 | 537.9 | 705.1 | 331.1 | 77.3 | 356.1 | 112.8 | 0.0 |
| 1991 | 0.0 | 0.0 | 3.4 | 61.6 | 34.2 | 1002.0 | 1001.1 | 593.9 | 14.7 | 336.7 | 91.8 | 0.0 |
| 1992 | 0.0 | 0.0 | 0.0 | 19.0 | 161.4 | 918.9 | 895.5 | 592.6 | 244.6 | 349.0 | 193.5 | 0.0 |
| 1993 | 0.0 | 0.0 | 0.0 | 16.4 | 210.3 | 737.6 | 836.4 | 352.4 | 52.5 | 307.8 | 104.8 | 65.2 |
| 1994 | 0.0 | 0.0 | 0.0 | 138.7 | 109.0 | 1035.3 | 1343.0 | 484.5 | 200.6 | 432.8 | 71.2 | 8.6 |
| 1995 | 1.6 | 0.0 | 10.8 | 59.8 | 193.7 | 717.4 | 716.0 | 463.4 | 267.8 | 168.5 | 112.6 | 0.0 |
| 1996 | 0.0 | 1.0 | 47.6 | 32.8 | 64.2 | 719.8 | 723.6 | 339.6 | 381.4 | 288.4 | | |

പഞ്ചായത്തിലെ ഒരു പ്രധാന ചെറുകിട ജലസേചന പദ്ധതിയാണ് കണ്ണിപറമ്പ് ലിഫ്റ്റ ഇറിഗേഷൻ പദ്ധതി. കണ്ണിപറമ്പ്, ആബിലേറി, തെങ്ങിലക്കടവ് ഭാഗങ്ങളിലുള്ള നെൽകൃഷിക്കും, വാഴകൃഷിക്കും, പച്ചക്കറികൃഷിക്കും ഇത് ഉപകാരപ്രദമാണ്. 80 ഹെക്ടർ സ്ഥലത്തുള്ള കൃഷികൾ ജലസേചനം നടത്തുവാൻ വേണ്ടിയുള്ളതാണ്. ലിഫ്റ്റ് ഇറിഗേഷനോടനുബന്ധിച്ചുള്ള തോടിൻെറ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| നമ്പർ | തോടിൻെറ പേര് | നീളം മീറ്റർ | ശരാശരി വിതി(മീ) | സംരക്ഷിക്കപ്പെട്ട തോടിൻെറ നീളം | തൽവർഷം ചിലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ തോട് | 1315 | 1.25 | 1315 | 26000 |

മൈനർ ഇറിഗേഷൻ സെക്ഷൻ നമ്പർ-1, കോഴിക്കോട്, കഴിഞ്ഞ 5 വർഷത്തിൽ നടപ്പിലാക്കിയ വികസനപദ്ധതികളും ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു.

(MS Section No.1 Kozhikode-20)

| നമ്പർ | നടത്തിയ പ്രവർത്തികൾ | 1991-92 ചിലവാക്കിയ രൂപ | 1992-93 ചിലവാക്കിയ രൂപ | 1993-94 ചിലവാക്കിയ രൂപ | 1994-95 ചിലവാക്കിയ രൂപ | 1995-96 ചിലവാക്കിയ രൂപ |
|---|---|---|---|---|---|---|
| 1 | കണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വാർഷിക അറ്റകുറ്റപണിക്ക് ചിലവാക്കിയ തുക | 26,000 | 26,000 | 26,000 | 26,000 | 26,000 |
| 2 | കണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ തോടിൻെറ പുതുക്കി പണിയാൻ ചിലവഴിച്ച തുക. | 4,00000 | — | — | — | — |
| 3 | ഉപ്പുവെള്ളം കയറാതിരിക്കാൻ ചെറുപുഴക്ക് കുറുകെ അമ്പാഴത്തൊടി ഭാഗത്ത് കെട്ടി താൽക്കാലിക ബണ്ടിനു ചിലവഴിച്ചത്. | 2,60,000 | 2,60,000 | 2,60,000 | 2,60,000 | 2,60,000 |

1996-97 പുതിയ പദ്ധതികളുടെ നിർദ്ദേശം ചുവടെ ചേർക്കുന്നു.

| നമ്പർ | നടത്താനുള്ള പ്രവർത്തികളുടെ നിർദ്ദേശം | 1996-97ൽ ചിലവാക്കുവാൻ ഉദ്ദേശിക്കുന്ന തുക |
|---|---|---|
| 1 | കണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻെറ വാർഷിക റിപ്പേർ | 2,60,000 |
| 2 | ഉപ്പുവെള്ളം കയറാതിരിക്കാൻ ചെറുപുഴക്ക് കുറുകെ അമ്പാഴത്തൊടി ഭാഗത്ത് കെട്ടാൻ ഉദ്ദേശിക്കുന്ന താൽക്കാലിക ബണ്ട് | 3,25000 |
| 3 | കണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻെറ തോട് പുതുക്കി പണിയാൻ | 2,00000 |

1996-97 വർഷക്കാലത്ത് കൃഷിവകുപ്പ് പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചെറൂപ്പ പുളിയാറയിൽ കമ്മ്യൂണിറ്റി ഇറിഗേഷൻസ്കീമിൻെറ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**കൃഷിഭവൻ രേഖ**

| നമ്പർ | പദ്ധതിയുടെ പേര് | ആയകെട്ട് വിസ്തീർണം | എസ്റ്റിമേറ്റ് തുക. | ആകെയുള്ള കർഷകർ | ലക്ഷ്യം |
|---|---|---|---|---|---|
| 1. | പുളിയാറയിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം | 6.852 ഹെക്ടർ | 1,38,200 | 24 | തെങ്ങുകൾക്ക് ജലസേചനം |

ഇതിനെല്ലാം പുറമെ വ്യക്തി അടിസ്ഥാനത്തിലുള്ള ജലസേചനപ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമായിട്ട് നടപ്പിലാക്കേണ്ടതുണ്ട്.

പണിപൂർത്തീകരിച്ചുവരുന്ന ചാലിയാൽ റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലായാൽ ഇപ്പോഴുള്ള ജലദൗർലഭ്യം ഒരു പരിധിവരെ അവസാനിപ്പിക്കുന്നതോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേക്ക് ജലസേചനസൗകര്യം എത്തിക്കാൻ കഴിയും.

ചാലിയാർ പുഴ ഏകദേശം 9.കി. മീറ്റർ പഞ്ചായത്തിൻെറ തെക്ക്, തെക്ക് കിഴക്ക് അതിർത്തിയിലൂടെയുംചെറുപുഴ ഏകദേശം 6 കി.മീ പഞ്ചായത്തിലൂടെയും ഒഴുകുന്നു.

### തോടുകൾ:

പഞ്ചായത്തിൽ ഏതാണ്ട് 12 ഓളം തോടുകളുണ്ട് ഭൂരിപക്ഷം നീരൊഴുക്കുകളും അവസാനിക്കുന്നത് ചാലിയാർ പുഴയിലാണ്. വേനൽക്കാലത്ത് ഇവയിൽ മിക്കതും വറ്റുന്നവയാണ്. കൽപ്പള്ളി തോടിൽ തിരുത്തിഭാഗത്ത് ഒരു വി.സി.ബി ചീർപ്പുണ്ട്. ഇത് ശുദ്ധജലം തടഞ്ഞു നിർത്തി കൃഷിക്കുപയോഗിക്കാൻ വേണ്ടി നിർമ്മിച്ചതാണെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്.

കുളങ്ങൾ: പഞ്ചായത്തിൽ ചെറുതും വലുതുമായി ഏതാണ്ട് 50തിലധികം കുളങ്ങളുണ്ട്. ഇവ കാലാകാലങ്ങളിൽ സംരക്ഷിക്കപ്പെടുകയോ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ പല കുളങ്ങളും നെൽകൃഷിക്കും പച്ചക്കറി കൃഷിക്കും ജലസേചനത്തിനും ഉപയോഗിച്ചിരുന്നു.

പഞ്ചായത്തിലെ ഏറ്റവും വലിയകുളമായ പള്ളിയോംകുളം ആഫ്രിക്കൻ പായൽ മൂടി ഉപയോഗശൂന്യമായികിടക്കുന്നു. ഇതിലുള്ള പായൽ നശിപ്പിച്ചില്ലെങ്കിൽ കൃഷിസ്ഥലങ്ങളിലേക്ക് വ്യാപിച്ച് കൃഷിനാശം വരുത്തുന്നതാണ്.

**പഞ്ചായത്തിലെ പ്രധാന കുളങ്ങളുടെ പേരുവിവരങ്ങൾ**

വില്ലേജ് ഓഫീസ് രേഖ

| നമ്പർ | കുളങ്ങളുടെ പേര് | ഉൾപ്പെടുന്ന വാർഡ് |
|---|---|---|
| 1. | കരിങ്ങാഞ്ചേരി കുളം | 1 |
| 2. | കളരിക്കൽകുളം | 1 |
| 3. | പള്ളിയോം കുളം | 4 |
| 4. | പാത്തിക്കുളം | 4 |
| 5. | വായോളികുളം | 5 |
| 6. | കരിമ്പിൻകുളം | 6 |
| 7. | കച്ചേരിപൊയിൽകുളം | 7 |
| 8. | ചളുക്കിൽകുളം | 8 |
| 9. | ചിറ്റാരി അമ്പലക്കുളം | 10 |
| 10. | ചിറ്റാരിക്കുളം | 10 |
| 11. | എരഞ്ഞിക്കൽ കുളം | 11 |
| 12. | എടത്തിൽ കുളം | 11 |

### മണ്ണുജലസംരക്ഷണം

മുൻകാലങ്ങളിൽ വരമ്പ് മാടിയും കയ്യാല കെട്ടിയും പറമ്പുകൾ കിളച്ചും കന്നുപൂട്ടിയും മണ്ണു ജലസംരക്ഷണപ്രവർത്തികൾ നടത്തിയിരുന്നു. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും ജീവിതരീതിയിലുണ്ടായ മാറ്റങ്ങളും ഭൂമിയുടെ തുണ്ടുവൽക്കരണവും കാർഷികവൃത്തിയോടു വന്ന താല്പര്യമില്ലായ്മയും മണ്ണുജലസംരക്ഷണപ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. ഇത് കാരണം മഴക്കാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് കൊടും വരൾച്ചയും അനുഭവപ്പെടുന്നു.

**ജലവുമായി ബന്ധപ്പെട്ട ആസ്തികൾ താഴെ ചേർക്കുന്നു.**

വില്ലേജ് ഓഫീസ് രേഖ

| നമ്പർ | ജലസ്രോതസുകളുടെ പേര് | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1. | ചാലിയാർ പുഴ | 9 കി.മീ |
| 2. | ചെറുപുഴ | 6.കി.മീ |
| 3. | തോട് | 24. കി.മീ |
| 4. | കുളം | |
| 5. | ജലസംഭരണി | 8എണ്ണം |
| 6. | കുഴൽക്കിണർ | |
| 7. | പൊതു വാട്ടർ ടാപ്പുകൾ | 126 എണ്ണം |

**നഴ്സറികൾ:** ഒരു നടീൽവസ്തുക്കളുടെ നഴ്സറിയും കൂടാതെ ഗ്രാസിമിൻെറ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി ഫോറസ്റ്റ് നഴ്സറിയും നിലവിലുണ്ട്.

**കൃഷിഭവൻ:** 1987 സപ്തംബർ ഒന്നിനാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽവന്നത്. കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിൽ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവൻെറ പ്രവർത്തനം എല്ലാ കർഷകരിലേക്കും വേണ്ടത്ര എത്തിയിട്ടില്ല. ഒരു കൃഷി ഓഫീസ്സറും മൂന്നു കൃഷി അസിസ്റ്റൻറ് മാരും ഒരു പാർട്ടൈം സ്വീപ്പറും ആണ് കൃഷിഭവനിലുള്ളത്.

### പ്രശ്നങ്ങൾ:

നമ്മുടെ പഞ്ചായത്തിൻേറയും സമീപ പഞ്ചായത്തുകളുടെയും കാർഷികവളർച്ചക്ക് ഭാവിയിൽ വളരെ കൂടുതൽ സഹായിക്കുന്ന ചാലിയാർ റഗുലേറ്റർ കം ബ്രിഡ്ജ് പണി സാവധാനത്തിലേ നടക്കുന്നുള്ളു. ഈ പദ്ധതി നടപ്പിലായാൽ കാർഷികപുരോഗതിക്ക് പുറമെ ഉപ്പുവെള്ളം കയറാതിരിക്കാൻ ചെറുപുഴക്ക് കുറുകെ കെട്ടുന്ന താൽക്കാലിക ബണ്ടിനു ചെലവാക്കുന്ന തുകയത്രയും ലാഭിക്കാം കൂടാതെ കുടിവെള്ളപ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാകുന്നു.

നെൽപ്പാടങ്ങളിൽ നിന്നും മണ്ണെടുക്കുന്നതിൻേറയും നികത്തുന്നതിൻെറയും ഫലമായി പഞ്ചായത്തിലെ നെൽപ്പാടത്തിൻെറ വിസ്തീർണം സെറ്റിൽമെൻറ് രേഖപ്രകാരമുള്ള 450 ഹെക്ടറിൽ നിന്നും 275 ഹെക്ടറിലേക്ക് കുറഞ്ഞു. അതായത് 38.9% നെൽവയൽ അപ്രത്യക്ഷമായി. ഉള്ള നെൽവയലുകളിൽ തന്നെ കൂടുതൽ ലാഭം തരുന്ന നേന്ത്രവാഴ കൃഷി വ്യാപിക്കുന്നു. മഴക്കാലത്ത് നീർക്കെട്ടും വേനൽക്കാലത്ത് വരൾച്ചയും നെൽകൃഷിയെ സാരമായി ബാധിക്കുന്നുണ്ട്.

കാർഷിക തൊഴിലിനോടുള്ള ആഭിമുഖ്യ കുറവും വിദഗ്ധതൊഴിലാളികളുടെ കുറവും കൂലിവർദ്ധനവും മറ്റ് ഉൽപാദനോപാധികളുടെ വിലവർധനവും സർവോപരി കാർഷികോൽപ്പനങ്ങളുടെ വിലയിടിവും മറ്റും കൃഷിയെ അനാകർഷകമാക്കുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം കരപ്രദേശങ്ങളും കുന്നിൻ പ്രദേശമയതിനാൽ ഗുരുതരമായ മണ്ണൊലിപ്പും വരൾച്ചയും അനു

ഭവപ്പെടുന്നു. അതുകൊണ്ടു തന്നെ തെങ്ങിൽ നിന്നും മറ്റുകൃഷികളിൽ നിന്നുമുള്ള ഉൽപ്പാദനം ഗണ്യമായി കുറയുന്നു. മുഖ്യകൃഷിയായ തെങ്ങിൽ നിന്നും ചിലപ്രദേശങ്ങളിൽ മെച്ചപ്പെട്ട ഉൽപാദനം ഉണ്ടെങ്കിലും ആനുപാതികമായ വർദ്ധനവ് പലേടത്തുമില്ല. നാളികേരത്തിന് സ്ഥിരയായ വിലയില്ലായ്മ, വേണ്ടത്രജലസേചനസൗകര്യമില്ലായ്മ വർദ്ധിച്ചുവരുന്ന പാർപ്പിടപ്രശ്നങ്ങൾ, നല്ലയിനം തൈകൾ ഉപയോഗപ്പെടുത്തായ്കയും ഈ മേഖലയിലെ പ്രധാനപ്രശ്നങ്ങളാണ്.

ശാസ്ത്രീയമായ രീതിയിലുള്ള വളപ്രയോഗം നടക്കായ്കയും ജൈവവളത്തിൻെറ ലഭ്യതക്കുറവും ഉൽപ്പാദനത്തോതും മണ്ണിൻെറ ഫലപുഷ്ടിയെത്തന്നെ പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്.

1985-ലെ സെൻസസ്സ് പ്രകാരം 30 ഹെക്ടർ കൃഷിക്ക് ഉപയുക്തമായ തരിശുഭൂമി ഇവിടെയുണ്ട്. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗങ്ങൾ നടക്കുന്നില്ല. പരിശോധനക്ക് വേണ്ടി മണ്ണു സാമ്പിളുകളെടുക്കുന്നത് പൂർണ്ണമായും ശാസ്ത്രീയമായിട്ടല്ല. ഒരു കാലത്ത് നെൽപാടങ്ങളിൽ ഇടവിളയായിട്ട് കൃഷിചെയ്തിരുന്ന പയർ, വേനൽക്കാല പച്ചക്കറികൾ, മരച്ചീനി, എള്ള് തുടങ്ങിയവ ഇപ്പോൾ വളരെ കുറവാണ്.

നെൽകൃഷിയുടെ പ്രധാനപ്പെട്ട കീടരോഗങ്ങൾ കുഴൽപുഴു, തണ്ടുതുരപ്പൻ, ചാഴി അതുപോലെ ബ്ലാസ്റ്റ് രോഗവും പ്രശ്നമാണ്. തെങ്ങിനെ സംബന്ധിച്ച് കൂമ്പ്ചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻ ചെല്ലിയുടെ ആക്രമണം എന്നിവ കണ്ടുവരുന്നു. കുരുമുളകിന് വ്യാപകമായി ദ്രുതവാട്ടരോഗം കണ്ടുവരുന്നു. ഇത് തുടർന്നാൽ കുരുമുളകുകൃഷി നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായി മാറ്റുവാൻ സാധ്യതയുണ്ട്. വാഴകൃഷിയിൽ ഇലപ്പുള്ളി രോഗം, കുറുനാമ്പ് രോഗം, കൊക്കാൻ രോഗം എന്നിവയാണ് കൂടുതലായി കണ്ടുവരുന്നത്. ഇതിനെല്ലാം പുറമെ കൊടുങ്കാറ്റും വെള്ളപൊക്കവും വരൾച്ചയും മൊത്തത്തിലുള്ള കാർഷികോൽപാദനത്തെ ബാധിക്കുന്നു.

ആധുനിക കാർഷികോപകരണങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഭൂമി തുണ്ടുകളാക്കി മാറ്റിയത് ഇതിനൊരു തടസ്സമാണ്. ഇത് തരണം ചെയ്യാൻ കൃഷിക്കാരുടെ യോജിച്ച പ്രവർത്തനം അത്യാവശ്യമാണ്. മുകളിൽ സൂചിപ്പിച്ചതിനുപുറമെ പഞ്ചായത്തിലെ കൃഷിഭവൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ അത്യുൽപാദനശേഷിയുള്ള വിത്തുകൾ ലഭിക്കായ്ക, ശാസത്രീയകൃഷിരീതിയെപ്പറ്റിയുള്ള വിവരങ്ങൾ വേണ്ടസമയത്ത് ലഭിക്കായ്മ, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ തുടങ്ങിയവയെല്ലാം കാർഷികവളർച്ചക്ക് തടസ്സമായി നിൽക്കുന്നു.

## നിർദ്ദേശങ്ങൾ:

1. ചാലിയാർ റഗുലേറർ കംബ്രിഡ്ജ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം.

2. കണ്ണിപറമ്പിലെ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സൗകര്യം കോട്ടുവത്തലയിൽ നിന്നും കിഴക്കോട്ട് നീട്ടി എളാരക്കൽ തോട്ടിലേക്കും പടാരുകുളങ്ങര ഭാഗത്തെ ഈച്ചംമ്പാട്ടിൽ തോട്ടിലേക്കും നീട്ടിയാൽ മാവൂർ പഞ്ചായത്തിൻെറ കുനിച്ചിമാട്, ചുണ്ടക്കുഴി ഭാഗത്തുള്ള തെങ്ങിൻ തോട്ടങ്ങൾക്കും എളാരങ്ങൽ ഭാഗം മുതൽ കാര്യാട്ട് ഭാഗംവരെയുള്ള പാടങ്ങളിലും നടുവിലേടത്ത് ഭാഗം പാടം, എടലക്കണ്ടി ഭാഗം പാടം, പള്ളിയോറ ഭാഗം പാടം, പുഞ്ചപ്പാടം തുടങ്ങിയ പാടങ്ങളിൽ മ്യുച്ചൽ കൃഷി നടത്താൻ കഴിയും. സമീപപ്രദേശങ്ങളിലെ കിണറുകളിൽ ജലമില്ലായ്മ പ്രശ്നവും പരിഹരിക്കാവുന്നതാണ്.

3. പുഞ്ചപ്പാടം ചാലിപ്പാടം ഭാഗത്തെ നീർക്കെട്ട് നിലവിലുള്ള തോട് ആഴം കൂട്ടി കീറി ചെട്ടിക്കടവ് പുഴയിലേക്ക് ഒഴുക്കുക.

4. മരക്കുഴിപാടത്തും വളയനൂർ പാടത്തും ജലസേചന സൗകര്യമുണ്ടാക്കുക.

5. റഗുലേറ്റർ കംബ്രിഡ്ജ് വരുന്ന മുറക്ക് എളമരം കൊഴക്കിപാടം, പനങ്ങോട്, അരയൻകോട്, കിടാപ്പിൽ, കൽച്ചിറഭാഗത്തേക്ക് ഒരു കനാൽ കുഴിച്ചാൽ ഈ ഭാഗത്തെ പാടങ്ങളിൽ മുച്ചൽ കൃഷി നടത്താം.

6. കരിക്കത്തൊടി, ആമ്പിലേരി ഭാഗത്തെ നീർക്കെട്ട് ഒഴിവാക്കാൻ കനാൽ പൈപ്പ് ലൈൻ റോഡിനു കുറുകെ ഓവ് ഉണ്ടാക്കുക. ഇപ്പോഴുള്ളത് കാര്യക്ഷമമല്ല.

7. കൽപ്പള്ളി തോട് ആഴവും വീതിയും കൂട്ടി ചാലിയാറിലേക്ക് എത്തിച്ചു നീർക്കെട്ട് ഒഴിവാക്കുകയും തിരുത്തിഭാഗത്തുള്ള വി.സി.ബി ചീർപ്പ് ഉപയോഗപ്രദമാക്കുകയും ചെയ്യുക.

8. ആയംകുളം ഭാഗത്ത് തങ്ങാൻ കടവിൽ പമ്പ് സെറ്റ് സ്ഥാപിച്ചാൽ ഒരു പുൽകൃഷി ഇരുപ്പൂലും മുപ്പൂലുമാക്കാൻ കഴിയും.

9. പഴംമ്പള്ളി ഭാഗത്തുള്ള പാടത്തേക്ക് ചാലിയാറിൽ നിന്നും വെള്ളം പമ്പ് ചെയ്താൽ ഒരു ഫ്യൂൽ കൃഷി മ്യുച്ചൽ കൃഷിയാക്കാം.

10. പഞ്ചായത്ത്ിൽ ഇപ്പോൾ നിലവിലുള്ള പമ്പ്ഹൗസുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രവർത്തനയോഗ്യമാക്കുക.

11. നമ്മുടെ പഞ്ചായത്തിൻെറ സിംഹഭാഗവും കുന്നിൻ പ്രദേശങ്ങളാണല്ലോ. ഈ പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് സൗകര്യപ്രദമായ സ്ഥലങ്ങളിൽ നിന്നും വെള്ളം പമ്പ് ചെയ്താൽ തെങ്ങു കൃഷിക്കും മറ്റു ഇടവിളകൾക്കും പ്രയോജനപ്പെടുത്താം.

ഇതിനുപുറമെ ഡ്രിപ്പ് ഇറിഗേഷൻ സാധ്യത പ്രയോജനപ്പെടുത്താം. മണ്ണെണ്ണ പമ്പുകൾക്കുള്ള മണ്ണെണ്ണ പെർമിറ്റിൻെറ അളവ് കൂട്ടുക.

12. പഞ്ചായത്തിലെ ഗുരുതരമായ മണ്ണൊലിപ്പും ജലനഷ്ടവും തടയാൻ നീർത്തട അടിസ്ഥാനത്തിൽ വികസന പദ്ധതികൾ ആവിഷ്കരിക്കണം.

13. നിലവിലുള്ള കർഷകസമിതികളെ പുനരുദ്ധരിക്കുകയും ഇവയുടെ സഹായത്തോടുകൂടി നെല്ല്, തെങ്ങ്, പച്ചക്കറി, കുരുമുളക് മുതലായവിളകൾക്ക് ഗ്രൂപ്പ് ഫാമിംങ് സമ്പ്രദായത്തിൽ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. പച്ചക്കറികൃഷിക്ക് അയൽകൂട്ടങ്ങൾ കേന്ദ്രീകരിച്ചുള്ള അടുക്കളത്തോട്ടവും സ്കൂളുകൾ കേന്ദ്രമാക്കിയുള്ള കൃഷിയും വിപുലപ്പെടുത്തണം.

വളരെ ചെലവ് കുറഞ്ഞതും ലാഭകരമായി കുറഞ്ഞസമയപരിധിക്കുള്ളിൽ വിളവെടുക്കാവുന്നതുമായ കൂൺകൃഷി പഞ്ചായത്തിലെ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചു കൂടുതൽ ആദായകരമാക്കുവാൻ നടപടികൾ ഉണ്ടാവേണ്ടതാണ്. ഇതിന് ഗ്രാസിം കമ്മ്യൂണിറ്റി ആൻറ് റൂറൽ ഡവലപ്മെൻറ് സൊസൈറ്റിയുടെ സഹായസഹകരണവും ഉണ്ടാവേണ്ടതാണ്.

15. കൃഷിയോഗ്യമായ തരിശുള്ള കുന്നിൻ ചരിവ് പ്രദേശങ്ങളിൽ റബ്ബർ കൃഷി കശുമാവ് കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കാൻ നടപടികൾ വേണം.

16. നിലവിലുള്ള കുരുമുളകുവള്ളികൾ ഭൂരിഭാഗവും ദ്രുതവാട്ട രോഗത്തിനാൽ നശിച്ചുകൊണ്ടിരിക്കുകയാണ്. രോഗപ്രതിരോധനടപടികൾ കൂട്ടായ്മയിലൂടെ ചെയ്താൽ കൂടുതൽ ഫലപ്രദമാക്കാൻ കഴിയുന്നതാണ്. അത്യുൽപ്പാദനശേഷിയുള്ള വള്ളികളും വളങ്ങളും സസ്യസംരക്ഷണ മരുന്നുകളും നൽകി ഈ കൃഷിയെ സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

17. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ മണ്ണുസാമ്പിളുകൾ എടുത്ത് പരിശോധനനടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം. കൃഷിഭവൻെറ മാർഗ്ഗനിർദേശങ്ങൾ ഇക്കാര്യത്തിൽ ഗുണകരമായ രീതിയിലുണ്ടാകണം.

18. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാവണം. പ്രാദേശികമായി വിത്തുല്പാദിപ്പിക്കുന്നതിന് പാടശേഖരസമിതികളെ ഉപയോഗപ്പെടുത്താവുന്നതാണ്. നടിൽവസ്തുക്കൾ ലഭിക്കുന്നതിന് നഴ്സറികളെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫലവൃക്ഷതൈകൾ മറ്റ് വിളകൾക്ക് തടസ്സമാവാത്തതരത്തിൽ വ്യാപിപ്പിക്കുവാൻ കഴിയണം.

19. പഞ്ചായത്തിൽ ധാരാളമായി കണ്ടുവരുന്ന ഔഷധസസ്യങ്ങൾ കണ്ടെത്തി അതു സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും കഴിയണം. അതിനായി പ്രത്യേകസ്ഥലം കണ്ടെത്തി ശാസ്ത്രീയകൃഷിരീതികൾ അവലംബിക്കേണ്ടതാണ്.

20. സഹകരണ ബാങ്കിൻെറ വളം ഡിപോയിനോടനുബന്ധിച്ച് കീടനാശിനി വിൽപ്പനകളും സൗകര്യപ്പെടുത്തിയാൽ അതിനായി മറ്റു സ്ഥലങ്ങളിലേക്ക് പോകേണ്ട സ്ഥിയില്ലാതാക്കുകയും പെട്ടെന്ന് തന്നെ പ്രതിരോധനടപടികൾ സ്വീകരിക്കുവാനും കഴിയും. ശരിയായ സുരക്ഷാസംവിധാനങ്ങളുടേയോ ശരിയായ അളവിലോ അല്ല ഇന്ന് കീടനാശിനി ഉപയോഗിക്കുന്നത്. അത് മാറ്റിയേ തീരൂ. കർഷകർക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ജൈവിക കീടനിയന്ത്രണത്തെപ്പറ്റി പഠിപ്പിക്കുകയും വ്യാപിപ്പിക്കുകയും വേണം. ബോധവൽക്കരണത്തിനായി കൃഷിഭവൻെറ സഹായത്തോടുകൂടി ജനകീയാടിസ്ഥാനത്തിൽ കാർഷികക്ലബുകൾ രൂപവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്.

21. രാസവളവിതരണ കേന്ദ്രങ്ങൾ ആവശ്യമായത്ര നമ്മുടെ പഞ്ചായത്തിലുണ്ട് പച്ചിലവളത്തിൻെറ കുറവ് നികത്തുന്നതിന് ശീമകൊന്ന, ചണമ്പ്, ഡെയ്ഞ്ച മുതലായ പച്ചിലവളച്ചെടികൾ കൂടിയതോതിൽ വളർത്താവുന്നതാണ്. ഇതിനുപുറമെ കമ്പോസ്റ്റ് കുഴി, മണ്ണിര കമ്പോസ്റ്റ് വീടൊന്നിന് എന്ന രൂപത്തിൽ വരുകയും വേണം. കാലിവളം ലഭ്യമാക്കാൻ കാലിവളർത്തലിനാവശ്യമായ തീറ്റപ്പുൽകൃഷി വ്യാപകമാക്കുകയും വേണം.

22. കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിള ഇൻഷ്വറൻസ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കണം. കൂടാതെ ലഭിക്കുന്ന ആനുകൂല്യങ്ങൾ പെട്ടെന്ന് കിട്ടുന്നതിന് നടപടികൾ ഉണ്ടാവണം. രോഗങ്ങൾ വന്നു വിളനശിച്ചാൽ അതും വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

23. പ്രധാന ഉൽപ്പന്നമായ തേങ്ങക്ക് ഒരു സംസ്കരണകേന്ദ്രം സ്ഥാപിക്കുകയും പച്ചക്കറി, അടക്ക, കശുവണ്ടി, നെല്ല്, വാഴക്കുല എന്നിവക്ക് പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ വിപണനകേന്ദ്രങ്ങൾ ഉണ്ടാവുകയും വേണം. ആഴ്ചചന്ത സംമ്പ്രദായം നടപ്പിലാക്കാം. സഹകരണയൂണിറ്റുകൾ കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാവുന്നതാണ്.

24. ധാരാളം വിപണന സാധ്യതയുള്ള കുറ്റിമുല്ല കൃഷിയും ഫ്ലോറിക്കൾച്ചർ കൃഷിയും നഴ്സറികളിലൂടെ ഉണ്ടാക്കിയെടുത്ത് കൂടുതൽ സ്ഥലങ്ങളിലേക്ക് പൂ കൃഷി വ്യാപിപ്പിക്കാവുന്നതാണ്. ഇതിന് സാമ്പത്തികസഹായം നൽകി വളർത്തിക്കൊണ്ടുവരാൻ പ്രോത്സാഹനം നൽകണം. കൂടാതെ വെറ്റിലകൃഷി, പുഴയോരങ്ങളിൽ നിലക്കടലകൃഷി, തരിശുഭൂമികളിൽ കശുമാവ്, റബ്ബർകൃഷി തെങ്ങിൽ കുരുമുളകു പടർത്തൽ എന്നിവ വ്യാപകമായി കൃഷി ചെയ്യുകയും ഭൂമി തരിശായിടുന്ന പ്രവണത അവസാനിപ്പിക്കുകയും വേണം.

25. കർഷകർക്ക് അംഗീകാരം നൽകുന്ന കർഷക അവാർഡുകളും പുരസ്കാരങ്ങളും പഞ്ചായത്ത് തലത്തിൽ കൊണ്ടുവരണം. കൃഷിഭവൻെറ അടിസ്ഥാനപരമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ആഗ്രോക്ലിനിക്കുകൾ കാർഷികപരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കണം. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടു ഏകീകൃത കൂലി നടപ്പിൽ വരുത്തണം. ഇതിനുവേണ്ടി മോണിറ്ററിംഗ് സമിതിയെ ഉപയോഗപ്പെടുത്താം. ഇതിൽ കൃഷിഭവൻ ഉദ്യോഗസ്ഥരും, പഞ്ചായത്തിലെ ബന്ധപ്പെട്ട ആളുകളേയും കർഷകരേയും ഉൾപ്പെടുത്തണം.

മാവൂരിൻെറ കാർഷികപുരോഗതിയിൽ വമ്പിച്ച സ്വാധീനം ചെലുത്താൻ കഴിയുന്ന മേൽപ്പറഞ്ഞ നിർദ്ദേശങ്ങളെ ഗൗരവപരമായി പരിഗണിക്കുകയും ഒരു പുതിയ കാർഷികവിപ്ലവത്തിൻെറ പുത്തൻ വികസനസംസ്കാരം വളർത്തിക്കൊണ്ടുവരുവാൻ നമുക്ക് സാധ്യമാക്കേണ്ടിയിരിക്കുന്നു. ഇതിനായി നമുക്ക് കൂട്ടായി യത്നിക്കാം.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം:-

നമ്മുടെ സമ്പദ് ഘടനയുടെ വളർച്ചയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണമേഖല. പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ഉഴവുകാളകളും പോത്തുകളും എരുമകളും വളർത്തപ്പെടുന്നു. ഇവിടത്തെ പ്രധാന വളർത്തുപക്ഷി കോഴിയാണ്. ഇതിൽ തന്നെ നാടൻ കോഴികളാണ് പ്രധാനം. ഗിരിരാജ, ലഗോൺ, ബ്രോയിലർ എന്നിവയേയും വളർത്തുന്നുണ്ട്. ചുരുങ്ങിയ തോതിൽ താറാവു വളർത്തലും പഞ്ചായത്തിലുണ്ട്.

കാർഷിക രംഗത്തെ യന്ത്രവൽകരണവും നെൽകൃഷി കുറഞ്ഞതും ഉഴവുകാളകളുടെ എണ്ണം കുറയാൻ കാരണമായി. കോഴി വസന്തരോഗം മൂലം കോഴികളുടെ എണ്ണം വേണ്ടത്ര വർദ്ധനവ് കാണുന്നില്ല വിശദവിവരത്തിന് പട്ടിക 1-1 കാണുക.

പട്ടിക 1-1.

**വളർത്തുമൃഗങ്ങളും പക്ഷികളും**

അവലംബം: മൃഗാശുപത്രി

| ക്രമ നമ്പർ | മൃഗങ്ങളുടെ ഇനം | 1987 | 1996 |
|---|---|---|---|
| 1. | പശു | 3562 | 3794 |
| 2. | ഉഴവുകാള | ലഭ്യമല്ല | 68 |
| 3. | എരുമ | 46 | 3 |
| 4 | ആട് | 831 | 810 |
| 5. | കോഴി | 18453 | 25084 |
| 6. | താറാവ് | 61 | 60 |

പട്ടിക 1-2

**വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും രോഗവിവര കണക്ക്**

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി | കോഴി | ആകെ |
|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 987 | 10 | 408 | | 98 | 1503 |
| 2. | ശ്വാസകോശസംബന്ധം | 166 | | 128 | 8 | 139 | 441 |
| 3. | ഉപാപചയ സംബന്ധം | 76 | | | | | 76 |
| 4. | ത്വക് രോഗങ്ങൾ | 105 | | 21 | 14 | | 140 |
| 5. | ധാതുലവണങ്ങളുടെ അഭാവം | 57 | | 13 | | | 70 |
| 6. | പാദരോഗങ്ങൾ | 845 | 3 | 61 | 12 | 247 | 1168 |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 220 | | 68 | | | 288 |
| 8. | വന്ധ്യത | 75 | | | | | 75 |
| 9 | അകിടുവീക്കം | 117 | | 47 | | | 164 |
| 10. | മുടന്തൻ പനി | 63 | | | | | 63 |
| | ആകെ | 2711 | 13 | 746 | 34 | 484 | 3988 |

1996ലെ സർവ്വെ പ്രകാരം പഞ്ചായത്തിൽ പ്രതിദിനം 2200 ലിറ്റർ പപാൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനായും ശേഖരിച്ച് മാവൂർ ക്ഷീരോൽപാദക സഹകരണസംഘം വഴി ഈ പഞ്ചായത്തിൽ തന്നെ വിൽപന നടത്തുന്നു. എന്നിരുന്നാലും പഞ്ചായത്തിലെ മുഴുവൻ ആവശ്യക്കാരെയും തൃപ്തിപ്പെടുത്താൻ ഈ ഉൽപാദനം കൊണ്ട് കഴിയുന്നില്ല. ഇന്നുള്ള ഉൽപാദനം ഇരട്ടിയായെങ്കിൽ മാത്രമെ ഇത് സാദ്ധ്യമാകു. കാലിത്തീറ്റയുടെ വില വർദ്ധനവും വൈക്കോലിൻെറയും പച്ചപ്പുല്ലിൻെറയും ലഭ്യത കുറവും കാലി വളർത്തലിനെ പൊതുവിൽ നിരുൽസാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

1987 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലുള്ള വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും വിശദവിവരം പട്ടിക 1-2ൽ കാണുക.

പട്ടിക 1-3

അവലംബം : 87ലെ സെൻസസ്

**വളർത്തുമൃഗങ്ങളും പക്ഷികളും**

| | |
|---|---|
| ജാതിപശു | 1045 |
| നാടൻ പശു | 2517 |
| എരുമ | 46 |
| ആട് | 831 |
| നായ | 611 |
| കോഴി | |
| നാടൻ | 17924 |
| സങ്കര ഇനം | 529 |
| താറാവ് | 61 |

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണുള്ളത് ഇത് കൽപള്ളിയിൽ സ്ഥിതിചെയ്യുന്നു. ഏറെക്കുറെ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തുനിന്നും എത്തിപ്പെടാൻ സൗകര്യമുള്ള സ്ഥലത്താണ് ആശുപത്രി സ്ഥിതിചെയ്യുന്നത്.

കാലികളിൽ പൊതുവെ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി എന്നീ രോഗങ്ങളാണ് കാണപ്പെടുന്നത്. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കാലികർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ, രോഗങ്ങൾ തുടക്കത്തിലെ ചികിൽസിച്ചു ഭേദമാക്കുന്നതിന് തടസ്സമാകുന്നു.

ഊർജ്ജാവശ്യത്തിന് വളരെ ഏറെ സഹായിക്കുന്ന ഒന്നാണല്ലൊ ഗോബർ ഗ്യാസ് പ്ലാൻറുകൾ. വളരെ സാദ്ധ്യതയുണ്ടായിട്ടും നാമമാത്രമെണ്ണമെ പഞ്ചായത്തിലുള്ളു. ഇതിൻെറ വ്യാപനം കൂട്ടാൻ ബോധപൂർവ്വമായ ബോധവൽകരണം ആവശ്യമാണ്. എന്നാൽ ചെറൂപ്പ മണക്കാട്ടുള്ള ഒരു വീട്ടിൽ പാചകത്തിനും 2 ബൾബ് പ്രകാശിപ്പിക്കുന്നതിനും ബയോഗ്യാസ് ഉപയോഗിക്കുന്നു. ഇത് പഞ്ചായത്തിലെ കന്നുകാലികളെ വളർത്തുന്നവർക്ക് മാതൃകയാക്കാവുന്നതാണ്. മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് സബ്സിഡിയോടുകൂടി ലോൺ ലഭ്യമാക്കുന്നുണ്ട് ഇത് പ്രയോജനപ്പെടുത്താൻ വേണ്ടത്ര ആളുകൾ മുന്നോട്ട് വരുന്നില്ല.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴി വളർത്തുമായിരുന്നു. ഇറച്ചി ആവശ്യത്തിനും മുട്ടക്കും ഇത് വളരെയേറെ സഹായിച്ചിരുന്നു. എന്നാൽ ഇന്ന് പുറം സംസ്ഥാ

നങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്താണ് ഇറച്ചി മുട്ട എന്നിവയുടെ ആവശ്യം കൂടുതലും നിറവേറ്റുന്നത്. കോഴി വളർത്തുന്നതിന് വൻ സാദ്ധ്യതയുണ്ടെന്നാണ് ഇത് കാണിക്കുന്നത്. ചെറുപുഴയുടെയും ചാലിയാറിൻെറയും തീരപ്രദേശമുള്ളതുകൊണ്ട് താറാവു വളർത്തലിനും സാദ്ധ്യതയുണ്ട്.

### പ്രധാനപ്രശ്നങ്ങൾ:-

1. കാലിത്തീറ്റയുടെ വിലക്കയറ്റം.

2. പച്ചപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതകുറവും വിലവർദ്ധനവും.

3. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം വർദ്ധിക്കുന്നു.

4. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഉള്ള പ്രയാസം.

### സാദ്ധ്യതകൾ:-

1. മാസത്തിൽ ഒരിക്കൽ, മൃഗഡോക്ടറുടെ സേവനം ഉപയോഗപ്പെടുത്തി ഓരോ വാർഡിലും കന്നുകാലി ശുശ്രൂഷാ ക്യാമ്പ് സംഘടിപ്പിക്കുക.

2. മൃഗാശുപത്രിയുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുക. അതായത് വെള്ളം കാലികളെ കെട്ടുന്നതിനുള്ള ഷെഡ്, ഫോൺ ഓപ്പറേഷൻ ചെയ്യുന്നതിനുള്ള സൗകര്യം, ലാബ്, കൃത്രിമ ബീജസങ്കലനം വീടുകളിൽ പോയി ചെയ്തുകൊടുക്കുന്നതിനുള്ള വാഹനം, റഫ്രിജറേറ്റർ എന്നിവ ഏർപ്പെടുത്തുക.

3. ആധുനികരീതിയിലുള്ള മാംസ സംസ്കരണവും വിപണനവും നടത്തുക. മാംസപരിശോധന നിർബന്ധമാക്കുക.

4. ബയോഗ്യാസ് ഉപയോഗം പ്രോത്സാഹിപ്പിക്കുക, വേണ്ട സഹായങ്ങൾ ചെയ്യുക.

5. മാവൂർ പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു കോഴികുഞ്ഞുൽപാദന യൂണിറ്റ് സ്ഥാപിക്കുക.

6. പഞ്ചായത്ത് പ്രദേശത്ത് ജലാശയങ്ങൾ ധാരാളമുള്ളതുകൊണ്ട് താറാവ് വളർത്താൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

7. അത്യുൽപാദനശേഷിയുള്ള പശുക്കളെ വളർത്തുന്നതിന് സാമ്പത്തികസഹായവും ബോധവൽകരണവും നടത്തുക.

8. മുയൽ വളർത്തലിന് പ്രോത്സാഹനം നൽകുക.

9. ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിഞ്ഞു നടക്കുന്നതുമായ മുഴുവൻ നായ്ക്കളെയും പിടിച്ചുകൊല്ലുക.

10. ആടുവളർത്തൽ ഗ്രൂപ്പായി നടത്തുന്നതിന് വേണ്ട സഹായം ചെയ്യുക.

11. കാലിത്തീറ്റ ഉൽപാദക യൂണിറ്റ് തുടരുക.

12. രോഗപ്രതിരോധ ചികിത്സക്ക് പുറത്തുനിന്നും വാങ്ങുന്ന മരുന്നിന് വിലയുടെ 75% തന്നെയെങ്കിലും സബ്സിഡി അനുവദിക്കുക.

## മത്സ്യബന്ധനം

മാവൂർ പഞ്ചായത്തിലൂടെ ഏകദേശം 6 കി.മീ നീളത്തിൽ ചെറുപുഴയും, കിഴക്ക് തെക്ക് അതിർത്തിയിലൂടെ ഒഴുകുന്ന 9 കി.മീ ചാലിയാർ പുഴയുമാണ് പ്രധാന ജലാശയങ്ങൾ. 12 ഓളം (24 കി.മീ) തോടുകൾ ഈ പുഴകളിൽ ചേരുന്നുണ്ട്. ഇവ കൂടാതെ നീർക്കെട്ട് പ്രദേശങ്ങളും ഈ പഞ്ചായത്തിൽ ധാരാളമുണ്ട്.

മത്സ്യബന്ധനത്തിന് സാധ്യത ഇപ്പോൾ പഞ്ചായത്തിൽ നിലവിലില്ല. എന്നാൽ ഒറ്റപ്പെട്ട മത്സ്യബന്ധനവും വിപണനവും നടത്തുന്നവരുണ്ട്. കടൽ മത്സ്യം കൊണ്ടുവന്നു വിപണനം നടത്തുന്നവർ 25 പേരുണ്ട് പഞ്ചായത്തിൽ.

പുഴയിൽ നിന്ന് പ്രധാനമായും വാള, മാലാൻ, പൂഴാൻ, ഇരിമീൻ എന്നിവയാണ് ലഭിക്കുന്നത്. കൂടാതെ ചാലിയാറിൽ നിന്നും എരുന്തും ലഭിക്കുന്നുണ്ട്. കുളങ്ങൾ, ഉൾനാടൻ ജലാശയങ്ങൾ എന്നിവിടങ്ങളിൽ നിന്ന് നാമമാത്രമായ തോതിൽ മുഴു, വരാൽ, കടു എന്നിവയും ലഭിക്കുന്നുണ്ട്.

മാവൂർ പഞ്ചായത്തിൽ മൊത്തം 14 മത്സ്യവിൽപന കേന്ദ്രങ്ങളാണുള്ളത്. ഇവയെല്ലാം സ്വകാര്യ സ്ഥലങ്ങളിലോ, റോഡിൻെറ പാർശ്വങ്ങളിലോ ആണ് പ്രവർത്തിക്കുന്നത്. പൊതു മത്സ്യ-മാംസ മാർക്കറ്റ് മാവൂർ അങ്ങാടിക്കു സമീപം സ്ഥിതിചെയ്യുന്നു.

### സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ശുദ്ധജല മത്സ്യകൃഷിക്ക് വളരെയധികം സാധ്യതയുള്ള പ്രദേശങ്ങളുണ്ട്. മണ്ണെടുത്ത് നീർകെട്ട് അനുഭവപ്പെടുന്ന തെങ്ങിലക്കടവിൽ മെയിൻ റോഡിൻെറ ഇരുവശമുള്ള ഭാഗങ്ങൾ കുറ്റിക്കടവിൻെറ ഭാഗം, മരക്കുഴി-ചുലിപ്പുറായി വളയനൂർ റോഡിനു സമീപം, മലപ്രം ഭാഗം, നെച്ചിക്കാട്ട് ഭാഗം, പൈപ്പ് ലൈൻ റോഡിൻെറ ഒരു വശം, മാവൂർ പാടം, വിവിധ വാർഡുകളുടെ പല പ്രദേശങ്ങളും, കുളങ്ങളും എന്നിവിടങ്ങളിലെല്ലാം ഇതിന് സാധ്യതയുണ്ട്.

ഇതിനുവേണ്ട സഹായങ്ങൾ സഹകരണസംഘങ്ങൾ മുഖേനയോ, മറ്റു ധനകാര്യ സ്ഥാപനങ്ങളിലൂടെയോ ലഭ്യമാക്കണം. ♦

# വിദ്യാഭ്യാസം

പ്രാഥമിക മേഖലയെ ഉൾക്കൊള്ളുന്ന കൃഷി, ജലസേചനം എന്നീ വിഭാഗത്തിനും വ്യവസായം, ഊർജ്ജം എന്നിവ ഉൾക്കൊള്ളുന്ന ദ്വിതീയ മേഖലക്കും ആവശ്യമായ വിദഗ്ധരെ സൃഷ്ടിക്കുന്നത് വിദ്യാഭ്യാസ മേഖലയിൽ നിന്നാണ്. സമൂഹത്തിലെ സേവനരംഗത്ത് പ്രഥമസ്ഥാനം അർഹിക്കുന്ന വിദ്യാഭ്യാസ രംഗത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടത് കേരളത്തിൻെറയും അതുവഴി നമ്മുടെ പഞ്ചായത്തിൻെറയും സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണെന്ന കാര്യത്തിൽ തർക്കമില്ല. ഈ തത്വം മുറുകെ പിടിച്ചുകൊണ്ടായിരിക്കണം വിദ്യാഭ്യാസ രംഗത്ത് നാം പ്രവർത്തിക്കേണ്ടത്.

പഴയകാലത്തെ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസത്തെപ്പറ്റി പരിശോധിക്കുമ്പോൾ ഗുണനിലവാരം ഉയർന്നതാണെങ്കിലും നീതിപൂർവ്വകമായി വീതിക്കപ്പെട്ടിരുന്നില്ല. ജന്മി കുടുംബങ്ങളിലെ പ്രമാണിമാർക്ക് മാത്രമായിരുന്നു വിദ്യാഭ്യാസം ലഭിച്ചിരുന്നത്.

1915-ലാണ് പഞ്ചായത്തിൽ ആദ്യമായി ഒരു സ്കൂൾ സ്ഥാപിതമായത്. ഡിസ്ട്രിക് താലൂക്ക് ബോർഡിന് കീഴിലായിരുന്നു ഈ സ്കൂൾ പ്രവർത്തിച്ചിരുന്നത്. പാറമ്മൽ ആയിരുന്നു ഇത് സ്ഥിതിചെയ്തിരുന്നത്. ഈ സ്കൂളിൻെറ പേര് കോഴിക്കോട് താലൂക്ക് ബോർഡ് മാപ്പിള ലോവർ എലിമെൻററി സ്കൂൾ എന്നായിരുന്നു. മണ്ണനീരിതലകാപ്പു നായരുടെ കീഴിൽ ഒരു ഹിന്ദു എയിഡഡ് ലോവർ എലിമെൻററി സ്കൂളും നിലവിലുണ്ടായിരുന്നു. ഇത് കൂടാതെ മറ്റ് കുടിപ്പള്ളി കൂടങ്ങളും നിലവിലുണ്ടായിരുന്നു. ആ കാലത്തെ അദ്ധ്യാപകരായവർ, തട്ടായി രാമൻ നായർ, കാര്യാട്ട് ഗോവിന്ദൻനായർ, പുലിയപ്പുറം ഗോവിന്ദൻ നായർ, മഞ്ഞക്കോട്ട് രാഘവൻനായർ, സുകുമാരൻ എന്നിവരായിരുന്നു. കൂടാതെ എഴുത്താശാനായ മുലത്തുംപാലിയിൽ ഗോവിന്ദനാശാനായിരും, അക്കാലത്തെ ഒരു പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു. ക്രമേണ വിദ്യാഭ്യാസരീതിയിൽ തന്നെ മാറ്റം വന്നു ഇന്ന് പഞ്ചായത്തിൽ 11 സ്കൂളുകൾ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്നു, അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## വിദ്യാലയ വിവരങ്ങൾ

| ക്രമ നമ്പർ | വിദ്യാലയത്തിൻെറ പേര് | തരം | സ്ഥലം | എയിഡഡ്/ ഗവ: | വാർഡ് | മീഡിയം | കെട്ടിടം |
|---|---|---|---|---|---|---|---|
| 1. | ജി.എച്ച്.എസ് മാവൂർ | H S | മേച്ചേരിക്കുന്ന് | ഗവ: | IV | മലയാളം | സ്വന്തം |
| 2. | ജി.ആർ.എച്ച്.എസ്. മാവൂർ | H S | മാവൂർ | അൺ എഡിഡഡ് | IX | ഇംഗ്ലീഷ് | സ്വന്തം |
| 3. | ജി.യു.പി.എസ്. മണക്കാട് | U P | മണക്കാട് | ഗവ: | I | മലയാളം | സ്വന്തം |
| 4. | ജി.എം.യു.പി.എസ്. മാവൂർ | U P | മാവൂർ | ഗവ: | VI | മലയാളം | സ്വന്തം |
| 5. | ജി.എൽ.പി.എസ്. ചെറൂപ്പ | L P | നൊച്ചിക്കാട്ട് | ഗവ: | III | മലയാളം | സ്വന്തം |
| 6. | ജി.എൽ.പി.എസ്. കണ്ണിപറമ്പ് | L P | കണ്ണിപറമ്പ് | ഗവ: | IV | മലയാളം | വാടക |
| 7. | ജി.എൽ.പി.എസ്. വളയന്നൂർ | L P | വളയന്നൂർ | ഗവ: | II | മലയാളം | വാടക |
| 8. | എ.എൽ.പി.എസ്. അടുവാട് | L P | അടുവാട് | എയിഡഡ് | VII | മലയാളം | സ്വന്തം |
| 9. | എ.എൽ.പി.എസ്. കണ്ണിപറമ്പ് | L P | കാര്യാട്ട് | എയിഡഡ് | X | മലയാളം | വാടക |
| 10. | ക്രസൻറ് സ്കൂൾ പാറമ്മൽ | L P | പാറമ്മൽ | അംഗീകാരമില്ലാത്ത | V | മലയാളം | വാടക |
| 11. | സെൻറ് മേരീസ് സ്കൂൾ മാവൂർ | L P | കണിയാത്ത് | അംഗീകാരമില്ലാത്ത | VIII | ഇംഗ്ലീഷ് | സ്വന്തം |

അവലംബം : സെക്കൻററി ഡാറ്റ

## അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വിദ്യാലയത്തിൻെറ പേര് | അദ്ധ്യാപകർ | | | | |
|---|---|---|---|---|---|---|
| | | അനുവദിച്ച പോസ്റ്റ് | ഒഴിവുള്ളത് | പുരു. | സ്ത്രീകൾ | ആകെ |
| 1. | ജി.എച്ച്.എസ്. മാവൂർ | 41 | 3 | 15 | 23 | 38 |
| 2. | ജി.ആർ.എച്ച്.എസ്. മാവൂർ | 25 | — | 18 | 7 | 25 |
| 3. | ജി.യു.പി.എസ്. മണക്കാട് | 19 | 1 | 3 | 15 | 18 |
| 4. | ജി.എം.യു.പി.എസ്. മാവൂർ | 37 | — | 16 | 21 | 27 |
| 5. | ജി.എൽ.പി.എസ്. ചെറൂപ്പ | 6 | — | 3 | 3 | 6 |
| 6. | ജി.എൽ.പി.എസ്. കണ്ണിപറമ്പ് | 6 | — | 5 | 1 | 6 |
| 7. | ജി.എൽ.പി.എസ്. വളയന്നൂർ | 10 | 1 | 4 | 5 | 9 |
| 8. | എ.എൽ.പി.എസ്. അടുവാട് | 5 | — | 1 | 4 | 5 |
| 9. | എ.എൽ.പി.എസ്. കണ്ണിപറമ്പ് | 5 | — | 2 | 3 | 5 |
| 10 | ക്രസൻറ് സ്കൂൾ പാറമ്മൽ | 5 | — | 1 | 4 | 5 |
| 11 | സെൻറ് മേരീസ് സ്കൂൾ മാവൂർ | | | | | |

# കുടിവെള്ളം പൊതുജനാരോഗ്യം

## കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യകാര്യങ്ങളിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന, ആവശ്യം വേണ്ട ഘടകങ്ങളാണല്ലോ ശുദ്ധവായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം എന്നിവ ശുദ്ധജലം ലഭ്യമാക്കുന്ന കാര്യത്തിൽ ജില്ലയിലെ തന്നെ മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടെ പഞ്ചായത്ത്. 1989–ൽ 38 പൊതു ടാപ്പുകളോടെ ആരംഭിച്ച പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി ഇപ്പോൾ 130 പൊതുടാപ്പുകളായി വർദ്ധിച്ചിട്ടുണ്ട്. ജില്ലയിൽ ഏറ്റവും കൂടുതൽ പൊതുശുദ്ധജല ടാപ്പുകൾ ഉള്ള പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. കുടിവെള്ളത്തിന് ബഹുഭൂരിപക്ഷം ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളെയാണ്. എന്നാൽ പൊതുടാപ്പുകളെയും വീട്ടുകണക്ഷനെയും ആശ്രയിക്കുന്നവരും കുറവല്ല. കിണറുകളുടെയും ടാപ്പുകളെയും സംബന്ധിച്ച് വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

### കിണറുകളെ സംബന്ധിച്ച വിവരം

പട്ടിക 1

| നമ്പർ | തരം | | എണ്ണം |
|---|---|---|---|
| 1 | പൊതുകിണർ | | 56 |
| 2 | കുഴൽ കിണർ | | 10 |
| 3 | പഞ്ചായത്ത് വാട്ടർ കണക്ഷനുകൾ | വീടുകൾ | 324 |
| | | സ്ഥാപനങ്ങൾ | 16 |
| 4 | പൊതു ടാപ്പുകൾ | | 130 |
| | ആകെ | | 536 |

കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാട്ടർ സപ്ലൈ പദ്ധതികൾ താഴെ കൊടുക്കുന്നു.

1. മാവൂർ പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി.
2. കുനിച്ച് മാട് – മൊടാങ്ങൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി.
3. ഗ്രാസിം സഹായത്താൽ 3–ാം വാർഡിൽ കായലം ഭാഗത്തെ ജലവിതരണ പദ്ധതി.

ഇതിനു പുറമെ ഗ്രാസിം കമ്പനി കോർട്ടേഴ്സിലെ തൊഴിലാളി കുടുംബങ്ങൾക്ക് ഗ്രാസിം നടപ്പാക്കുന്ന ശുദ്ധജല വിതരണപദ്ധതിയും പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ഇപ്പോൾ ഏകദേശം 30% പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പ്രദേശങ്ങളും കുന്നിൻപ്രദേശങ്ങളായതിനാൽ ഇവിടങ്ങളിലെല്ലാം വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

## കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും.

**1**–ാം വാർഡ് : ഉയർന്ന പ്രദേശങ്ങളായ പട്ടേരിക്കുന്ന്, പൊൻപറക്കരായി പ്രദേശം, കുന്നോത്ത് പുളിയാറയിൽ പ്രദേശം, വൈത്തലകുന്ന്, അയ്യപ്പൻക്കാവിനടുത്ത് ഉയർന്ന ഭാഗം, മണക്കാട് സ്കൂൾ നിലനിൽക്കുന്ന ഭാഗം, മലപ്രം ഭാഗത്തെ ഉയർന്ന ഭാഗങ്ങൾ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നിലനിൽക്കുന്നു.

### പരിഹാരങ്ങൾ

1. ചെറുപുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് പട്ടേരിക്കുന്നിലോ വൈത്തലകുന്നിലോ ടാങ്ക് കെട്ടി പൈപ്പിലൂടെ വെള്ളമെത്തിച്ചാൽ ഒന്നും രണ്ടും വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.
2. അരീക്കൽ ചോലയിലെ പ്രകൃതി ജലം ടാങ്ക് കെട്ടി പൈപ്പുവഴി ഉപയോഗപ്പെടുത്തിയാൽ പൊൻപറക്കരായിലേയും മലപ്രം പ്രദേശത്തെയും കുടിവെള്ള ക്ഷാമം പരിഹരിക്കാം.
3. മണക്കാട് സ്കൂൾ പ്രദേശത്തെ ജലക്ഷാമം തീർക്കൽ കാര്യാട്ട് താഴെ വരെ എത്തിനിൽക്കുന്ന പൈപ്പുലൈൻ ഒന്നാം വാർഡിൻെറ അതിർത്തിവരെ നീട്ടുകയോ അല്ലെങ്കിൽ പുളിയാറയിൽ പ്രദേശത്തോ സ്കൂൾ പരിസരത്തോ ടാങ്ക് കെട്ടി താഴ്വാര പ്രദേശത്ത് കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്യുകയോ ചെയ്യുക.
4. പറമ്പത്താന പ്രദേശത്ത് കുഴൽകിണർ കുഴിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാം.
5. കുഴിപ്പള്ളി താഴത്തെ പഞ്ചായത്ത് കുളം നന്നാക്കി ഉയർന്ന് പ്രദേശത്തേക്ക് ശുദ്ധജലം വിതരണം ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.
6. ചുള്ളിത്തല കുന്നോത്ത്ഭാഗം എന്നിവിടങ്ങളിലെ ക്ഷാമം പരിഹരിക്കാൻ താഴ്ന്ന പ്രദേശങ്ങളിൽ കിണർ കുഴിച്ച് ഉയർന്ന് പ്രദേശങ്ങളിൽ ടാങ്ക് കെട്ടി അതിലേക്ക് വെള്ളം പമ്പ് ചെയ്തു കുടിവെള്ളം ക്ഷാമം പരിഹരിക്കാം.

**2**–ാം വാർഡ്: ചെറുപ്പകുറ്റി കടവ് റോഡിൻെറ കൊക്കഞ്ചേരി കുന്നുംഭാഗം പടിഞ്ഞാറ് മൈപ്പാത്ത് മുതൽ വൈത്തലകുന്നു ഭാഗവും ചർക്കാ ക്ലാസ് മുതൽ പട്ടേരിക്കുന്ന് വഴി വളയന്നൂരിൽ അവസാനിക്കുന്ന റോഡിൻെറ ഇരുവശവും താമസിക്കുന്ന പ്രദേശത്തുള്ളവർക്ക് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

പൂപറമ്പ് മുതൽ കുനിയക്കടവ് അവസാനിക്കുന്ന പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

കുറ്റികടവ് പ്രദേശത്ത് ജലക്ഷാമം വേനൽക്കാലത്ത് ഉണ്ടാവുന്നു.

### പരിഹാരങ്ങൾ

1. ഒന്നാം വാർഡിലെ പ്രശ്നപരിഹാര നിർദ്ദേശവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.
2. കുറിയകടവിലുള്ള കിണർ ഉപയോഗപ്രദമാക്കി വെള്ളം പമ്പ് ചെയ്താൽ പൂപറമ്പത്ത് മുതൽ കുനിയകടവിലെ വരെയുള്ള പ്രദേശങ്ങളിലെ കുടിവെള്ളം ക്ഷാമം പരിഹരിക്കും.

**3**–ാം വാർഡ്: വാർഡിലെ ഉയർന്ന കുന്നിൻ പ്രദേശങ്ങളിലെല്ലാം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

പേരടത്തിൽ ഭാഗത്ത് നിലവിൽ ഉള്ള പഞ്ചായത്ത് കിണറിൽ നിന്നും തറോൽകുന്നിലെ 5000 ലിറ്റർ ഉൾകൊള്ളുന്നു സിന്തറ്റിക് ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്തുവരുന്നു. എന്നാൽ ഈ സൗകര്യം പൂർണമായി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

### പരിഹാരം

1. മേടം തറോൽ എന്ന സ്ഥലത്ത് ഗ്രാസിംമിൻെറ സഹായത്തോടുകൂടി നടപ്പാക്കുന്നു ശുദ്ധജല വിതരണപദ്ധതി ഈ പ്രദേശത്ത് നിലവിലുള്ള പഞ്ചായത്തിൻെറ ശുദ്ധജല വിതരണപദ്ധതിയുമായി ബന്ധപ്പെടുത്തിയാൽ മുതുവനകുന്ന്, ചെറിയാടുകുന്ന്, തറോൽകുന്ന്, നെച്ചിക്കാട്ട് കുന്ന് എന്നീ ഉയർന്ന പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

2. നേർച്ചേരി താഴത്ത് കിണർ കുഴിച്ച് പുനത്തിൽ മേത്തൽകുന്നിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്താൽ ഈ പ്രദേശത്തെയും പള്ളിക്കൽ കുശവകോളനിവരെയും കുടിവെള്ളക്ഷാമം പരിഹരിക്കാം.

**4**–ാം വാർഡ്: പഴയംകുന്ന് ചിറയത്ത് മീത്തൽ കുതിരാടം കായേരിമേത്തൽ ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ള പ്രശ്നമുണ്ട്. നിലവിൽ വാട്ടർ ടാപ്പുകളുള്ള പ്രദേശങ്ങളിൽ അവ സ്ഥാപിച്ചതിൽ പലതും കൂടുതൽ ആളുകൾക്ക് സൗകര്യപ്രദമായ രീതിയില്ല.

### പരിഹാരം

1. നിലവിലുള്ള പഞ്ചായത്ത് പൈപ്പു ലൈൻ പഴയംകുന്ന് ചിറയത്ത് മേത്തൽ കുതിരാടം കായേരി മേത്തൽ ഭാഗം എന്നിവിടങ്ങളിലേക്കു നീട്ടിയാൽ ആ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.

2. മൊടാങ്ങൽ ഭാഗത്തും ഹൈസ്കൂളിൻെറ ചുറ്റ്മതിലിൻെറ പുറത്തുമായി പുറക് വശത്ത് പുതിയ ഓരോ പൊതു ടാപ്പിടുക.

**5**–ാം വാർഡ്: ഓനാക്കിൽ, തെറ്റുമ്മൽ ഭാഗം പൂലായിൽ മുതൽ തോട്ട് മണ്ണിൽ ഭാഗം കമ്പളം, നെച്ചായിൽ മുതൽ പുതിയോത്ത് വരെയുള്ള ഭാഗം കണ്ണാറഭാഗം പള്ളിപറമ്പ് മുതൽ മോട്ടമ്മൽ തോാംക്കുഴി ഭാഗം മണ്ണിൽ–കൊന്നാരഭാഗം കല്ലുവെട്ടുകുഴി ഭാഗം പഴമ്പള്ളിമേത്തൽ ഭാഗം, എറക്കേട്ടുമ്മൽ ഭാഗം, പുല്പാടി പാട്ടാപ്പിൽ ഭാഗം, മാവൂർ ഫൂട്ട്പാത്ത് മുതൽ കണ്ണാറ വരെയുള്ള ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം ഉണ്ട്.

### പരിഹാരം

1. മേൽപ്പറഞ്ഞ പ്രദേശങ്ങളിലെല്ലാം നിലവിലുള്ള പഞ്ചായത്ത് വാട്ടർ സപ്ലൈ സ്കുമീറുമായി ബന്ധിച്ചാൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

**6**–ാം വാർഡ്: കച്ചേരിപറമ്പ് മുതൽ ഫൈബർ കോളനി പരിസരം വരെയുള്ള പ്രദേശങ്ങളിലും ജിഎംയുപി.സ്കൂാം പരിസരത്തും കുടിവെള്ളക്ഷാമം ഉണ്ട്. കല്ലുവെട്ടുകുഴി ഭാഗത്തെ പൊതുടാപ്പ് എല്ലാവർക്കും സൗകര്യപ്രദമായ രീതിയിലല്ല.

### പരിഹാരം

1. നിലവിലുള്ള പഞ്ചായത്ത് വാട്ടർ സപ്ലൈ സ്കീം മേൽ പറഞ്ഞ ഭാഗത്തേക്കു നീട്ടുക.

2. കല്ലുവെട്ടുകുഴി ഭാഗത്തെ പൊതുടാപ്പ് എല്ലാവർക്കും സൗകര്യപ്രദമായ രീതിയിൽ സ്ഥാപിക്കുക.

**7**–ാം വാർഡ്: അടുവാട് പള്ളിയോാം റോഡിൽ വാവാട്ട് പാറ വരെയുള്ള സ്ഥലങ്ങളിലും കുരിനൊടി ഭാഗത്തും കുതിരാടം കോളനി പ്രദേശത്തും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

മേലെപൊയ്യിൽ കിഴക്കെക്കണ്ടി എന്നിവിടങ്ങളിലുള്ള പൊതുകിണർ ഉപയോഗപ്രദമല്ല.

### പരിഹാരം

1. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പഞ്ചായത്തിൻെറ വാട്ടർ സപ്ലൈ സ്കീം സൗകര്യം എത്തിക്കുക.

2. ഉപയോഗശൂന്യമായ മേൽപ്പറഞ്ഞ കിണറുകാം ഉടൻ തന്നെ റിപ്പയർ ചെയ്യുക.

**8**–ാം വാർഡ്: പനങ്ങോട് ഭാഗത്തെ മുല്ലപ്പള്ളി – നടുക്കണ്ടി മേത്തൽ, ചിറ്റാരിനൊടി, നെന്മണി ഭൂപ്രദേശം മുഴുവൻ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

### പരിഹാരം

1. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ പഞ്ചായത്തിൻെറ വാട്ടർ സപ്ലൈ കണക്ഷൻ എത്തിക്കുക. എത്തിയ സ്ഥലങ്ങളിൽ നിന്ന് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുക.

**9**–ാം വാർഡ്: ഗ്രാസിം കമ്പനിയുടെ എഫ്ലുവൻറ് ട്രീറ്റ്മെൻറ് പ്ലാൻറിന് അടുത്തുള്ള പ്രദേശങ്ങളിലും മാവൂർ മത്സ്യമാർക്കറ്റിന് പിറകിലുള്ള പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം ഉണ്ട്.

### പരിഹാരം

പഞ്ചായത്ത് വാട്ടർ സപ്ലൈ കണക്ഷൻ അവിടങ്ങളിൽ എത്തിച്ചാൽ പ്രസ്തുത സ്ഥലങ്ങളിലെ പ്രശ്നം പരിഹരിക്കാം.

**10**–ാം വാർഡ്: പാലങ്ങാട്കുന്ന്, മണ്ണാർക്കൽ ഭാഗം, കോട്ടപറമ്പത്ത്, മതിലഞ്ചേരികുന്ന്, പാറപ്പുറം ഭാഗം, പാടത്തും കണ്ടികോളനിയുടെ മേൽഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്.

### പരിഹാരം

1. കോട്ടപറമ്പത്ത് ഭാഗത്തെ ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി പാറോമിലെ തരിപ്പനയിൽ നിന്നും വെള്ളം പമ്പ് ചെയ്താൽ കോട്ടപറമ്പ് പാലങ്ങാട് കുന്ന് മണാരക്കൽ ഭാഗം എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. കൂടാതെ മതിലഞ്ചേരി കുന്നിൽ ടാങ്ക് കെട്ടി പുന്നപുറത്ത് താഴത്ത് കിണർ കുത്തി വെള്ളം പമ്പ് ചെയ്താൽ മതിലഞ്ചേരി, പാറപ്പുറം എന്നീ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കാം.

**11**–ാം വാർഡ്: മുഴാപ്പാലം, തലപ്പണകുന്ന്, വില്ലേരികുന്ന്, പൂക്കാടൻകുന്ന്, അരീക്കരെകുഴി ഭാഗം തുടങ്ങിയ സ്ഥലങ്ങളിൽ ജലക്ഷാമം ഉണ്ട്.

### പരിഹാരം

1. നിലവിലുള്ള കുനിച്ച്മാടിലെ വാട്ടർ ടാങ്കിലെ സംഭരണ ശേഷി കൂട്ടി മേൽപ്പറഞ്ഞ സ്ഥലങ്ങളിലേക്ക് പൈപ്പ് വഴി വെള്ളമെത്തിച്ചാൽ ഇത് പരിഹരിക്കാം. കൂടാതെ കാര്യാട്ട് ഭാഗത്ത് എത്തിനിൽക്കുന്ന വാട്ടർസപ്ലൈ സ്കീം തെങ്ങിലകടവ് വരെ നീട്ടുക. വാട്ടർ സപ്ലൈ സ്കീമിൻെറ അറ്റകുറ്റപ്പണിയും പ്ലംബിങ്ങ് പണിയും പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടപ്പിലാക്കിയാൽ നിലവിൽ റിപ്പേയറിംഗിൽ വരുന്ന കാലതാമസം ഒഴിവാക്കാവുന്നതാണ്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന മേൽപ്പറഞ്ഞ പ്രശ്നങ്ങളിൽ ഭൂരിഭാഗം പ്രശ്നങ്ങളുടെ പരിഹാരത്തിന്നും പഞ്ചായത്ത് വാട്ടർസപ്ലൈ സ്കീമുമായി ബന്ധപ്പെടുത്താവുന്നതാണ്. അതിന് നിലവിലുള്ള പമ്പ് സെറ്റിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുക. സംഭരണ ടാങ്കിൻെറ ശേഷി കൂട്ടുക. വെള്ളം ശുദ്ധീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക. എന്നാൽ

നമ്മുടെ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കാവുന്നതാണ്.

ഇതിനെല്ലാം പുറമെ മഴവെള്ളത്തെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതും, സംഭരിക്കേണ്ടതുമായിട്ടുണ്ട്. അതിനായി ഉയർന്ന പ്രദേശങ്ങളിൽ വരമ്പുകൾ ഇട്ടും നീർകുഴികൾ കുഴിച്ചും തോടുകളിൽ ചെറിയ തടയിണകൾ ഇട്ടും ജലസംഭരണം ഉറപ്പ് വരുത്തണം. ഇതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

## പൊതുജനാരോഗ്യം

സേവന മേഖലയിൽ വളരെ പ്രധാനപ്പെട്ട ഒരു രംഗമാണ് ആരോഗ്യരംഗം. അലോപ്പതി, ഹോമിയോപ്പതി ആയുർവ്വേദം എന്നീ ചികിത്സരീതികളെ ആശ്രയിക്കുന്നവരാണ് ജനങ്ങളിൽ കൂടുതലും പ്രധാനമായും അലോപ്പതിയെ തന്നെയാണ് ആശ്രയിക്കുന്നത്. പണ്ട് കാലത്ത് ഇത്തരം ചികിത്സാ സംവിധാനങ്ങൾ പഞ്ചായത്തിലില്ലായിരുന്നു. നാട്ട് വൈദ്യ ചികിത്സാ രീതിയാണ് ഉണ്ടായിരുന്നത്. ചരട്, വെള്ളം മുതലായവ ജപിച്ച് കൊടുക്കുക, മന്ത്രവാദം ചെയ്യുക, വഴിപാടുകൾ നേരുക, ഇഷ്ടദേവതകളെ പ്രീതിപ്പെടുത്തുക തുടങ്ങിയ അന്ധവിശ്വാസ ജഡിലമായ സമ്പ്രദായങ്ങളായിരുന്നു നിലവിലുണ്ടായിരുന്നത്. ഇത്രയേറെ പുരോഗമിച്ച ഈ കാലഘട്ടത്തിലും കുറച്ചു പേരെങ്കിലും ഇത്തരം പ്രാകൃതരീതികൾ അനുവർത്തിക്കുന്നുണ്ട്. ചെറൂപ്പയിലുള്ള മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റാണ് പഞ്ചായത്തിലെ ആദ്യത്തെ പ്രാഥമികാരോഗ്യ കേന്ദ്രം. ഇതിനു കീഴിൽ 4 സബ്സെൻററുകൾ പ്രവർത്തിക്കുന്നു, 2 സ്വകാര്യ ആശുപത്രിയും ഒരു ESI ഡിസ്പെൻസറിയും 2 സ്വകാര്യ ഹോമിയോ ഡിസ്പൻസറികളും പ്രവർത്തിക്കുന്ന ഇവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട് ആരോഗ്യ സ്ഥാപനങ്ങൾ. പട്ടിക 1, 2 എന്നിവ കാണുക.

ഇത്ര സ്ഥാപനങ്ങൾ ഈ രംഗത്ത് ഉണ്ടെങ്കിലും പൊതു ആരോഗ്യസ്ഥിതി പഞ്ചായത്തിൽ ഗുണപരമാക്കുന്നതിന് വേണ്ട മാറ്റങ്ങൾ അനിവാര്യമാണ്. കിടത്തി ചികിത്സിക്കുന്ന ആശുപത്രി 3 ആണ്. ഇതിൽ ഒന്ന് പൊതുമേഖലയിലും 2 എണ്ണം സ്വകാര്യമേഖലയിലുമാണ്. ഇതിൽ സ്വകാര്യമേഖലയിലുള്ള ഗ്രാസിം കല്യാൺ ട്രസ്റ്റിൽ X-Ray - ECG, Lab എന്നീ സൗകര്യങ്ങൾ ഉണ്ട്. വിദഗ്ദ്ധ ചികിത്സക്ക് 15 കി.മീ സഞ്ചരിക്കേണ്ടതായിട്ടുണ്ട്.

പട്ടിക 1. **പൊതു ആരോഗ്യസ്ഥാപനങ്ങൾ**

| ക്രമനമ്പർ | സ്ഥാപനം | എണ്ണം |
|---|---|---|
| 1. | പ്രാഥമിക ആരോഗ്യകേന്ദ്രം | 1 |
| 2. | ഇ.എസ്.ഐ. ഡിസ്പൻസറി | 1 |
| 3. | സബ് സെൻററുകൾ | 4 |

അവലംബം : സെക്കൻററി ഡാറ്റ

പട്ടിക 2 **സ്വകാര്യ ആരോഗ്യസ്ഥാപനങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഗ്രാസിം ജന കല്യാൺ ട്രസ്റ്റ് – ആശുപത്രി– മാവൂർ |
| 2. | കൈരളി ക്ലിനിക് – മാവൂർ |

പഞ്ചായത്തിലെ മുഴുവൻ സാധാരണക്കാരുടെയും ഏക ആശ്രയം ചെറൂപ്പയിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രമാണ്. ഇത് മെഡിക്കൽ കോളേജിൻെറ കീഴിൽ സബ് സെൻററായി പ്രവർത്തിക്കുന്നു. ഇപ്പോൾ 36 ജീവനക്കാരാണ് നിലവിലുള്ളത്. ഒഴിവുകൾ നികത്താൻ ഇനിയുമേറെയുണ്ട്. ഇപ്പോഴത്തെ ആശുപത്രിയുടെ അവസ്ഥ ശോചനീയമാണ്. അത്യാവശ്യ മരുന്നുകളടക്കം പുറമേനിന്ന് വാങ്ങേണ്ടുന്ന അവസ്ഥയാണ്. ഇവിടെ മുഴുവൻ സമയത്തും ഡോക്ടറുടെയും മറ്റും സേവനം സൗജന്യമായി ലഭിക്കത്തക്ക മുഴുവൻ സമയ കാഷ്വാലിറ്റി പ്രവർത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

കുട്ടികളുടെ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നുണ്ട്. പട്ടിക 3 കാണുക.

പട്ടിക 3

| പ്രായം | നോർമൽ | | ലഘുവായ പോഷണ ക്കുറവുള്ളവർ | | മിതമായ പോഷണ ക്കുറവുള്ളവർ | | ഗുരുതരമായ പോഷണ ക്കുറവുള്ളവർ | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 99 | 120 | 13 | 10 | — | — | — | — |
| 1–3 വയസ്സ് | 80 | 90 | 80 | 69 | 76 | 70 | 4 | 4 |
| 3– വയസ്സിനു മുകളിൽ | 147 | 160 | 160 | 147 | 83 | 104 | — | — |

അവലംബം: അംഗൻവാടി രേഖ

**ജനന മരണ വിവരങ്ങൾ** പട്ടിക 4

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993–94 | 257 | 85 | — |
| 1994–95 | 268 | 105 | — |
| 1995–96 | 269 | 86 | 6 |

പഞ്ചായത്ത് റജിസ്റ്റർ

### പ്രശ്നങ്ങൾ, സാധ്യതകൾ

പ്രാഥമികാരോഗ്യകേന്ദ്രമായ ചെറൂപ്പ ഹെൽത്ത് സെൻററിൽ ഡോക്ടർമാരുടെ മുഴുവൻ സമയസേവനം ലഭ്യമല്ല. സ്വകാര്യ പ്രാക്ടീസിൻെറ താൽപര്യം സ്ഥിതി കൂടുതൽ മോശമാക്കുന്നു. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് മരുന്നുകളേക്കാൾ കൂടുതൽ പ്രധാന്യമുണ്ട്. ഇത് ഫീൽഡ് വർക്കർമാരുടെയും പൊതുപ്രവർത്തകരുടെയും സഹകരണത്തോടെ നടത്തേണ്ടതാണ്.

ചെറൂപ്പ ഹെൽത്ത് സെൻററിൽ സ്റ്റാഫ് നഴ്സ് ഇല്ലാത്ത അവസ്ഥയാണ്. ഇത് പരിഹരിക്കണം.

പൊതുജനാരോഗ്യകാര്യത്തിൽ പ്രധാനമായും ഊന്നൽ നൽകേണ്ട കാര്യമാണ് ശുചിത്വം. ഇതിന് അത്യന്താപേക്ഷിതമായിട്ടുള്ളതാണ് കക്കൂസ്. പഞ്ചായത്തിൽ 22 കക്കൂസില്ലാത്ത വീടുകളുണ്ട്. വളരെ നാമമാത്രമായി മാത്രമെ വയറിളക്കം, വിരശല്യം തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നുള്ളു.

പഞ്ചായത്തിലെ ഒരു പ്രധാന പ്രശ്നമാണ് ഗ്രാസിം മലിനീകരണവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നം. 1963–ൽ സ്ഥാപിതമായ ഗ്രാസിം കമ്പനിയിൽ ധാരാളം രാസപദാർത്ഥങ്ങളുപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. കമ്പനിയിൽ നിന്ന് പുറത്തു വരുന്ന വാതകവും, പുകയും ശ്വസിച്ച് കുട്ടികളിലും മറ്റും പ്രൈമറി കോംപ്ലക്സ് ആസ്ത്മ എന്നീ രോഗങ്ങൾ കണ്ടു വരുന്നു.

കക്കൂസില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ വീടുകൾക്കും സമയബന്ധിതമായി കക്കൂസ് നിർമ്മാണത്തിനുള്ള സഹായം ചെയ്തു കൊടുക്കേണ്ടതാണ്. കമ്പനിയിൽ നിന്നുള്ള മലിനീകരണം പരിഹരിക്കുന്നതിന് ഇന്ന് ലഭ്യമായ സാങ്കേതികവിദ്യകളുപയോഗിച്ച് പരിഹാരം കാണുകയും വാതകവും പുകയും ശ്വസിച്ച് അസുഖം ബാധിക്കുന്ന ആളുകൾക്ക് മരുന്നും, ചികിത്സയും കമ്പനി സൗജന്യമായി നൽകേണ്ടതുമാണ്. ഇതിനുവേണ്ട സമ്മർദ്ദം ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുയർന്നു വരേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലെ രേഖാവിവരങ്ങളെ സംബന്ധിച്ച ഒരു പഠനം സൂചിപ്പിക്കുന്നത് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ രോഗങ്ങൾ പകർച്ചവ്യാധിമൂലമാണെന്ന് കാണാം. ഈ അവസ്ഥ ശുചിത്വമില്ലായ്മയിൽ നിന്നും ഉടലെടുത്തതാണ്.

ഇതിനാൽ പഞ്ചായത്തിൻെറ ശുചീകരണത്തിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതുണ്ട് ഇതിനു വേണ്ടി ആഴ്ചയിലൊരിക്കൽ ഹോട്ടലുകൾ, മത്സ്യ മാംസ മാർക്കറ്റ് എന്നിവിടങ്ങളിൽ പരിശോധന നടത്തേണ്ടതുണ്ട്. പഞ്ചായത്തിലെ ക്ലീനിംഗ് ജോലികൾ പ്രധാനപ്പെട്ട മുഴുവൻ കവലകളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. അറവിൻെറ അവശിഷ്ടങ്ങളും മറ്റ് ചവറുകളും ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കണം.

## ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളും ആവശ്യങ്ങളും

1. പഞ്ചായത്തിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കണം.

2. ചെറൂപ്പ ഹെൽത്ത്സെൻററിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കാഷ്വാലിറ്റിയും രോഗികളെ കൊണ്ടുപോകുന്നതിന് ഒരു ആംബുലൻസും ലഭ്യമാക്കണം. സ്റ്റാഫ് നേഴ്സിനെ നിയമിക്കണം, ഇപ്പോഴത്തെ പരിമിത സൗകര്യം വിപുലപ്പെടുത്തണം, സെക്യൂരിറ്റി ഗാർഡിനെ നിയമിക്കണം.

3. ഹെൽത്ത് സെൻററിൽ ഒരു X-Ray യൂണിറ്റ്, ലാബറട്ടറി സൗകര്യം, ECG എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. 4–ാം വാർഡിലുള്ള പഞ്ചായത്തിൻെറ പൊതുശ്മശാനം ശാസ്ത്രീയമായ രീതിയിൽ ക്രമീകരിക്കുക.

5. ചിറക്കൽ ഭാഗത്ത് ആരംഭിച്ച സബ്സെൻറർ പ്രവർത്തനമാരംഭിക്കുക.

6. കക്കൂസില്ലാത്ത നിർദ്ധനരായ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം.

7. ജലം, വായു, മലിനീകരണം മൂലമുണ്ടാകുന്ന രോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കാൻ മാസത്തിൽ ഒരു തവണ ഓരോ വാർഡിലും മെഡിക്കൽ ചെക്കപ്പ് നടത്താൻ വേണ്ട സഹായങ്ങൾ ചെയ്യണം.

8. ഗ്രാസിം ഫൈബർ ഡിവിഷനിൽ നിന്നും പുറത്തുവിടുന്ന ലഗൂൺ സ്ലഡ്ജ് പൊതുവഴിയിൽ തള്ളുന്നത് തടയണം. ഇത് മാരകരോഗമുണ്ടാക്കും.

9. പ്രാഥമിക സൗകര്യങ്ങളില്ലാത്ത കെട്ടിടങ്ങൾ വാടകക്ക് കൊടുക്കുന്നത് തടയുക.

10. വിദഗ്ദ്ധ ഡോക്ടർമാർ അംഗൻവാടികളിലും സ്കൂളുകളിലും കേന്ദ്രീകരിച്ച് ആരോഗ്യ ബോധവൽക്കരണ ക്യാമ്പ് നടത്തുക.

11. ജി.ആർ.എസ്. കോളനിയിൽ നിന്നുള്ള അഴുക്കുജലം കട്ടാങ്ങൽ റോഡിലേക്ക് ഒഴുക്കിവിടുന്നത് അടിയന്തിരമായും തടയുക.

12. മാവൂരിലെ സബ്സെൻററിൽ ആവശ്യമായ ശുചീകരണങ്ങളും, സ്റ്റാഫിനെയും നിയമിച്ച് കാര്യക്ഷമമാക്കുക.

13. ദുർഗന്ധം വമിക്കുന്ന മാർക്കറ്റിൻെറ അവസ്ഥ മാറ്റണം. കോഴി അറവ് നിർത്തുകയും മത്സ്യവിൽപന താഴത്തെ ഭാഗത്തേക്ക് മാറ്റുകയും വേണം.

14. അറിവിൻെറ അവശിഷ്ടങ്ങൾ ചെറുപുഴയിലും, കൽപ്പള്ളിതോട്ടിലും തള്ളുന്നത് തടയുക.

# വ്യവസായം

18-ാം നൂറ്റാണ്ടിൻെറ അന്ത്യകാലഘട്ടത്തിൽ ലോകത്താകെ ഒരു പുതിയ ചലനത്തിന് തുടക്കം കുറിച്ചുകൊണ്ടാണ് വ്യവസായിക വിപ്ലവം തുടങ്ങുന്നത്. വിവിധ രാഷ്ട്രങ്ങളിലെ സാമ്പത്തിക രംഗത്തെ ജനജീവിതത്തെ തന്നെ അത് മാറ്റിമറിച്ചു. 19-ാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ വ്യാവസായിക ശക്തിയായി ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക തുടങ്ങിയ രാഷ്ട്രങ്ങൾ വളർന്നു വരികയും ആഗോള മുതലാളിത്തത്തിൻെറ ശക്തിവർദ്ധിക്കുകയും ചെയ്തു. വ്യാവസായിക രംഗത്തെ ഈ പൊതുചലനങ്ങൾ ഇന്ത്യയിലും ദൃശ്യമായി.

സ്വാതന്ത്ര്യ ലബ്ദിക്കുശേഷം അധികാരത്തിൽ വന്ന ഗവർമെണ്ടുകൾ സമ്മിശ്ര സമ്പദ് വ്യവസ്ഥ പിന്തുടർന്നു. ഇരുമ്പ്, ഉരുക്ക്, ഖനി എന്നീ വ്യവസായ മേഖലകൾ സജീവമായിതീർന്നു.

രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനപാദത്തിൽ അന്നത്തെ കേരള സർക്കാർ മുൻകൈയ്യെടുത്തുകൊണ്ട് മാവൂരിൽ ബിർളാ വ്യവസായ ഗ്രൂപ്പിനെ ഒരു വ്യവസായ സംരംഭം സ്ഥാപിക്കാൻ ക്ഷണിച്ചു. ഇതിൻെറ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി അക്വയർ ചെയ്യുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തു. മാവൂരിനെ തഴുകുന്ന ചാലിയാറിലെ ജലവും വടക്കൻ കേരളത്തിലെ സമ്പന്നമായ മുളങ്കാടുകളും കമ്പനിയുടെ വരവിന് ആക്കംകൂട്ടി.

ഗ്വാളിയോർ റയോൺസ് എന്ന ഈ സ്ഥാപനത്തിൻെറ വരവ് മാവൂരിൻെറ സാമ്പത്തിക സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ ഒരു പുതിയ ഉണർവ്വുണ്ടാക്കി. ഈ ചെറിയ പഞ്ചായത്തിൽ വൻകിട വ്യവസായത്തിൻെറ വരവായിരിക്കാം മറ്റുള്ള ചെറുകിട വ്യവസായങ്ങൾ വരാതിരിക്കാൻ കാരണം ഗ്രാസിം ഇൻഡസ്ട്രീസ് Ltdൻെറ പാംപ് ഡിവിഷനും സ്റ്റാപ്പിൾ ഫൈബർ ഡിവിഷനും ഇവിടെ മുളയും മറ്റും ഉപയോഗിച്ച് പാംപ്പും ഫൈബറും, ഉൽപാദിപ്പിക്കുന്ന ഈ സ്ഥാപനങ്ങളിൽ 3000-ത്തോളം കരാർ തൊഴിലാളികളും ജോലി ചെയ്യുന്നു.

ഈ വ്യവസായ സ്ഥാപനത്തിൽ 1963-ൽ പാംപ്പ് ഉൽപ്പാദനം ആരംഭിച്ചു. അന്ന് അവിദഗ്ധ ജോലിക്കാർക്ക് മാസത്തിൽ 60 രൂപയും, വിദഗ്ധ തൊഴിലാളികൾക്ക് 90 രൂപയും.

**ഈ സ്ഥാപനത്തിൻെറ വികസനത്തിൻെറ ഭാഗമായി 1968-ൽ സ്റ്റാപ്പിൾ ഫൈബർ ഡിവിഷൻ സ്ഥാപിതമായി. ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ മറ്റു മേഖലകളെ അപേക്ഷിച്ച് ശമ്പളം കുറവാണ് എന്നതിനാൽ കമ്പനിയിൽ ജോലിക്കുപോകാൻ വിമുഖത കാണിച്ചിരുന്നു. ഇതിനാൽ നമ്മുടെ പഞ്ചായത്തിലുള്ളവർക്ക് ലഭ്യമാകുമായിരുന്ന തൊഴിൽ സാദ്ധ്യത കുറേയേറെ നഷ്ടപ്പെട്ടിട്ടുണ്ട്.**

**ഏകദേശം 315 - ഏക്രയിലധികം സ്ഥലം കമ്പനിയുടെ വകയായി ഈ പഞ്ചായത്തിലുണ്ട്. പാംപ്പും, ഫൈബറും നിർമ്മിക്കാനാവശ്യമായ ആസിഡ് അടക്കമുള്ള ചില അസംസ്കൃത പദാർത്ഥങ്ങളും ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്.**

തൊഴിലെടുക്കുന്നവരുടെ ആകെ എണ്ണം ചുവടെ ചേർക്കുന്നു.

| തൊ: എണ്ണം | |
|---|---|
| പാംപ്പ് | 1700 |
| ഫൈബർ | 1000 |
| സ്റ്റാഫ് | 350 |
| കരാർ തൊഴിലാളികൾ | 2000 |
| | 5050 |

മാവൂർ പഞ്ചായത്തിലെ 9-ാം വാർഡിൽ 99% കമ്പനിയുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ കുടുംബങ്ങളാണ് താമസിക്കുന്നത് കൂടാതെ പാറമ്മൽ 6-ാം വാർഡിൽ 120-കുടുംബങ്ങൾ കൂട്ടമായി താമസിക്കുന്നുണ്ട്.

കമ്പനിതൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇതിൽ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളുകൾ, നഴ്സറി ഗ്രാസിം വക ഹോസ്പിറ്റൽ എന്നിവ പ്രധാനപ്പെട്ട സേവന സ്ഥാപനങ്ങളാണ്. പഞ്ചായത്തിലേക്ക് തൊഴിൽ നികുതിയിനത്തിൽ 7 ലക്ഷം രൂപ പിരിഞ്ഞു കിട്ടുന്നത്.

ഈ വ്യവസായപ്രദേശത്ത് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലെ ജനങ്ങൾ താമസിക്കുന്നതിനാൽ വിവിധ സംസ്കാരങ്ങളുടെ സംഗമ കേന്ദ്രം കൂടിയാണ്.

വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി തൊഴിലാളികൾ നിരവധി ചെറുതും വലുതുമായ സമരങ്ങൾ നടത്തിയിട്ടുണ്ട് ഇതിൻെറ ഫലമായി തൊഴിലാളികളുടെതല്ലാത്ത മറ്റു കാരണങ്ങളായും വർഷങ്ങളോളം ഫാക്ടറി അടഞ്ഞുകിടന്ന സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ട് ദീർഘകാലകരാർ പുതുക്കുന്നതിനാവശ്യമുന്നയിച്ചുകൊണ്ട് 1985-ൽ ആരംഭിച്ച സമരം മൂന്നര വർഷം നീണ്ടുപപോയി കമ്പനി പൂട്ടിയതിൻെറ ഫലമായി ദുരിതമനുഭവിച്ച 13 തൊഴിലാളികൾ ആത്മഹത്യ ചെയ്തു. ഈ സമരത്തിൻെറ ഭാഗമായി സംയുക്ത ട്രേഡ് യൂണിയൻ സർക്കാരിനു നിവേദനം നൽകുന്നതിനു വേണ്ടി മാവൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് പട്ടിണിജാഥ കാൽനടയായി നടത്തി. ഇത് തൊഴിലാളിവർഗ്ഗ സമരരംഗത്ത് അപൂർവമായ സഹനസമരങ്ങളിലൊന്നാണിത്.

**ഇന്ന് കമ്പനിയിൽ ജോലി ചെയ്യുന്ന കരാർതൊഴിലാളികൾക്ക് E.S.I., പിഎഫ്, എന്നീ ആനുകൂല്യങ്ങൾ ലഭ്യമാണെങ്കിലും, വെതന കാര്യത്തിൽ മറ്റു മേഖലയെ അപേക്ഷിച്ച് വളരെ കുറവാണ്.**

**ഇത്തരം വലിയ ഒരു സ്ഥാപനത്തിൻെറ ആരംഭം മുതൽ കമ്പനിയിൽ നിന്ന് പുറംതള്ളുന്ന വിഷവാതകവും, മലിനജലവും കാരണം പരിസരത്തുള്ളവർക്ക് പല രോഗങ്ങളും, വരാൻ കാരണമായതിനാൽ, നാട്ടുകാരുടെ പ്രതിഷേധം കമ്പനിക്കെതിരെ ഉയർന്നിട്ടുണ്ട് ഇതിന് ശാശ്വത പരിഹാരം കാണാൻ മാനേജ്മെൻറ് ഇതുവരെ സന്നദ്ധത കാണിച്ചിട്ടില്ല.**

## ഇതര വ്യവസായ സംരഭങ്ങാം

**1. മാവൂർ-പെരുവയൽ പട്ടികജാതി വർഗ്ഗ കോ;ഓപ്പ റേറ്റീവ് സൊസൈറ്റി**

ഈ സ്ഥാപനത്തിൻെറ വകയായി കണ്ണിപറമ്പ് പടാരുകുളങ്ങരയിൽ ഒരു ഇഷ്ടിക നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ സ്ത്രീകളും, പുരുഷൻമാരും ജോലിചെയ്യുന്നു. ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

**ശ്രീറാം ബ്രിക്സ്**

3-ാം വാർഡിൽ കളിമണ്ണുപയോഗിച്ചു ഇഷ്ടിക ഉണ്ടാക്കുന്ന ഒരു യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ ചെറൂപ്പയിലും, കായലത്തുമായി 3-ഓളം ഇഷ്ടിക നിർമ്മാണയൂണിറ്റുകാം പ്രവർത്തിക്കുന്നുണ്ട്. നല്ല കളിമണ്ണ് ലഭ്യമായ ഈ പ്രദേശത്ത് വയലുകളിൽ വെച്ച് ഇഷ്ടിക നിർമ്മാണം നടക്കുന്നുണ്ട്. ഇവിടെ കുറെ ചെറിയ യൂണിറ്റുകാം പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ അയൽസംസ്ഥാനങ്ങളിലുള്ളവരും, ഈ നാട്ടുകാരുമായ നിരവധി പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.

പരമ്പരാഗത വ്യവസായയൂണിറ്റുകളൊന്നും നമ്മുടെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിലും, പായനെയ്ത്ത്, കൊട്ടനെയ്ത്ത് എന്നീ രംഗങ്ങളിൽ ജോലിചെയ്യുന്ന ഒരു ചെറിയ വിഭാഗം ഇവിടെയുണ്ട്.

ഗ്രാസിം കമ്പനി കഴിഞ്ഞാൽ സ്ത്രീകാംക്ക് ഏറ്റവും കൂടുതലായി ജോലി ലഭ്യമാകുന്ന മേഖല ഇഷ്ടിക നിർമ്മാണ വ്യവസായമാണ്.

ഒരു ചെറുകിട വ്യവസായയൂണിറ്റായ ദ്വാരക മെറ്റൽസ് യൂണിറ്റ് ചെറൂപ്പയിൽ പ്രവർത്തിക്കുന്നു. ഇവിടെ 10-ലധികം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.

സ്ത്രീകാം സ്വന്തമായി നടത്തുന്ന മൂന്ന് ചെറുകിട വ്യവസായയൂണിറ്റുകാം

1- തുല്ല്യത സോപ്പ് നിർമ്മാണയൂണിറ്റ്

2, കൈരളി ശീലക്കുട നിർമ്മാണ യൂണിറ്റ്

3, പാൻമിഠായി യൂണിറ്റ്.

ആദി ആന്ദ്രം വിഭാഗത്തിൽപ്പെട്ട ഒരു ചെറിയ വിഭാഗം പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

**തടിമിൽ വ്യവസായം**

പഞ്ചായത്തിൽ മാവൂർ, ചെറൂപ്പ, എളമരം എന്നീ സ്ഥലങ്ങളിലായി മൂന്ന് തടിമിൽ വ്യവസായങ്ങാം പ്രവർത്തിക്കുന്നു.

**ഖാദി വ്യവസായം**

10-ഓളം യൂണിറ്റുകാംക്ക് തൊഴിൽ ലഭ്യമാക്കുന്ന ഒരു ഖാദി യൂണിറ്റ് ചെറൂപ്പയിൽ പ്രവർത്തിക്കുന്നുണ്ട്. താഴെ പറയുന്നവയാണ് പഞ്ചായത്തിലെ പ്രധാന വ്യവസായമേഖലകാം.

| ഇനം | ആകെ |
|---|---|
| സോഡ നിർമ്മാണം | |
| തടി വ്യവസായം | 2 |
| പാംപ്പ് ഫാക്ടറി | 1 |
| പപ്പടം | 7 |
| ഫൈബർ കമ്പനി | 1 |
| അച്ചടി പ്രസ്സ് | 4 |
| ഖാദിമേഖല ഓയൽമിൽ | 1 |
| ഇഷ്ടിക നിർമ്മാണം | 5 |
| മറ്റുള്ളവ | |
| Rice mill | 9 |
| കല്ലുവെട്ടു വ്യവസായം | 6 |

### പ്രശ്നങ്ങാം

1. വ്യവസായങ്ങാം തുടങ്ങാൻ ആവശ്യമായ സാമ്പത്തിക സഹായത്തിൻെറ ലഭ്യതക്കുറവും, വൈദ്യുതി മറ്റ് അനുബന്ധ സൗകര്യങ്ങളുടെ ലഭ്യതക്കുറവും വ്യവസായ വളർച്ചക്ക് തടസ്സമായിട്ടുണ്ട്.

2. പ്രധാനപ്പെട്ട വ്യവസായ് യൂണിറ്റുകളൊന്നും തന്നെ ആരംഭിക്കാത്തത് ഗൗരവമായി കാണേണ്ടതുണ്ട്.

3. സാങ്കേതിക വൈദഗ്ധ്യം ഉള്ളവർ പഞ്ചായത്തിൽ നിരവധിയുണ്ടായിട്ടും, അവരെ ഉപയോഗപ്പെടുത്തി വ്യവസായങ്ങളാരംഭിക്കാത്തത് പരിശോധിക്കണം.

### പരിഹാരങ്ങാം

1. ഗ്രാസിം കമ്പനി വകയായുള്ള ഉപയോഗപ്രദമില്ലാതെ തരിശാക്കിയിടുന്ന സ്ഥലത്ത് അനുബന്ധ വ്യവസായ യൂണിറ്റുകാംക്ക് മാനേജ്മെൻറിൽ സമ്മർദ്ധം ചെലുത്തുക.

2. നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്ന നാളികേരം ഉപയോഗിച്ച് ഒരു നാളികേര സംസ്കരണ വിപണന യൂണിറ്റ് സ്ഥാപിക്കുക

3. ചെറൂപ്പയിൽ ഇരുമ്പയിർ കണ്ടുവരുന്ന പൊൻ പാറക്കുന്നിൽ ഇരുമ്പ് സംസ്കരിച്ചെടുക്കുന്നതിനു വേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കണം. ഇത് സംസ്ഥാന തലത്തിൽ ആസൂത്രണം ചെയ്യണം.

മേൽപ്പറഞ്ഞ മുഴുവൻ പ്രശ്നങ്ങളും പരിഹാര സാദ്ധ്യതകളും കണ്ടെത്തി പഞ്ചായത്തിലെ വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

❄

# കോർഗ്രൂപ്പ്

പുതുക്കുടി സുരേഷ്.

കെ. സി. പ്രഭാകരൻ.

പ്രേം രാജ് മോഹൻ പി.

അനിൽകുമാർ പാറപ്പുറം

സുനിൽ കുമാർ പുലിയപ്പുറം-കൺവീനർ

ടി. യശോദടീച്ചർ.

വിശാലാക്ഷി ടീച്ചർ.

രമേശ് ബാബു. എം.

ഒമനശാസ്ത്രി.

എൻ. പി. മുഹമ്മദ്.

കാമ്പുറത്ത് മുഹമ്മദ്.

ഖദീജ.

രാധാമണി താത്തൂർ.

രാധാമണി.

ഇ. എൻ. ദേവദാസൻ.

ബാലചന്ദ്രൻ നായർ

ശങ്കരനാരായണൻ-കായലം

# ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

വികസന പ്രവർത്തനം അർത്ഥപൂർണ്ണമാകണമെങ്കിൽ പശ്ചാത്തലസൗകര്യങ്ങളായ ഊർജ്ജം, ഗതാഗതം, മാർക്കറ്റ് എന്നിവക്ക് വളരെ പ്രധാനമായ ഒരു സ്ഥാനമുണ്ട്.

## ഊർജ്ജം

ഗ്രാസിം കമ്പനിയുടെ ആവശ്യാർത്ഥം 1962-ൽ ആണ് മാവൂർ പഞ്ചായത്തിൽ വൈദ്യുതി ആദ്യമായി എത്തിയത്. എന്നിരുന്നാലും 1964- കൂടിയാണ് ജനങ്ങൾക്ക് ഗാർഹികാവശ്യത്തിന് വൈദ്യുതി ലഭിച്ചത്. അതിനുശേഷം 34 വർഷം കഴിഞ്ഞെങ്കിലും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ധാരാളമുണ്ട്.

പഞ്ചായത്തിലെ മൊത്തം വൈദ്യുതികണക്ഷൻ 3310 ആണ്. ഇതിൽ 80% ഗാർഹിക ഉപഭോക്താക്കളാണ്.

കെ. എസ്. ഇ. ബി. യുടെ ഒരു സെക്ഷൻ ഓഫീസ് മാവൂരിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഈ ഓഫീസിന്റെ പരിധിയിലാണ് മാവൂർ പഞ്ചായത്തിലെ മുഴുവൻ ഭാഗവും, മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിലെ ചില ഭാഗവും പെരുവയൽ പഞ്ചായത്തിന്റെ ചില ഭാഗങ്ങളും പ്രവർത്തിക്കുന്നത്. നല്ലളത്തുള്ള 66KV സബ്സ്റ്റേഷനിൽനിന്നാണ് ഇങ്ങോട്ടുള്ള വൈദ്യുതി എത്തിക്കുന്നത്.

### പഞ്ചായത്തിലെ നിലവിലുള്ള ഉപഭോക്താക്കൾ

(അവലംബം K.S.E.B.) സെക്ഷൻ മാവൂർ.

പട്ടിക -I

| | | |
|---|---|---|
| 1 | ഗാർഹികം | 2632 |
| 2 | വ്യാപാരം | 520 |
| 3 | വ്യാവസായികം | 39 |
| 4 | കാർഷികം | 119 |
| | ആകെ | 3310 |

വീട്ടാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നവരിൽ ഭൂരിഭാഗവും വോൾട്ടേജ് ക്ഷാമം നേരിടുന്നു. മൊത്തം 261 തെരുവുവിളക്കുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിന്ന് പ്രതിവർഷം 64,675.20 രൂപ പഞ്ചായത്ത് K.S.E.Bയിൽ അടയ്ക്കുന്നുണ്ട്. ബൾബുകളും ട്യൂബുകളും ഫ്യൂസാകുമ്പോൾ യഥാസമയം ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ മാറ്റിയിടാത്തതുകൊണ്ട് പലപ്പോഴും തെരുവുവിളക്കുകൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നില്ല.

### തെരുവുവിളക്കുകളുടെ കണക്ക്

(അവലംബം K.S.E.B.)

പട്ടിക -2

| | | |
|---|---|---|
| 1 | ബൾബ് 40w | 175 |
| 2 | ട്യൂബ് | 84 |
| 3 | മോർക്കുറി വേപ്പർ | 1 |
| 4 | സോഡിയം വേപ്പർ | 1 |
| | ആകെ | 261 |

പഞ്ചായത്തിൽ മൊത്തം 11LT ട്രാൻസ്ഫോർമറുകൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക-3

അവലംബം K.S.E.B

| | |
|---|---|
| 1 | 160 KVA താത്തൂർ |
| 2 | 100 KVA പൈപ്പ് ലൈൻ |
| 3 | 160 KVA മാവൂർ-2 |
| 4 | 250 KVA മാവൂർ-1 |
| 5 | 100 KVA പാറമ്മൽ |
| 6 | 250 KVA കലപള്ളി |
| 7 | 100 KVA കണ്ണിപറമ്പ് |
| 8 | 150 KVA കുറ്റികടവ് |
| 9 | 100 KVA ചെറൂപ്പ |
| 10 | 63 KVA ചെറൂപ്പ |
| 11 | 100 KVA നെച്ചിക്കാട്ട് കടവ് |

പഞ്ചായത്ത് പ്രദേശത്ത് 47 കി. മീ. LT ലൈൻ ഉണ്ട്. ആകെയുള്ള 12 പട്ടികജാതി കോളനികളിൽ 44 എണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.

വൈദ്യുതീകരിച്ച പട്ടികജാതി കോളനികളുടെ വിവരം

**പട്ടിക-4**

അവലംബം K.S.E.B.

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് |
|---|---|---|
| 1 | 4 | മൊടാങ്ങൽ മേത്തൽകോളനി |
| 2 | 7 | അടുവാട് കോട്ടക്കുന്ന് |
| 3 | 7 | കുതിരാടം |
| 4 | 10 | കോട്ടകുന്ന് തെങ്ങിലകടവ് |

ഈ വർഷം വൈദ്യുതികണക്ഷൻ കൊടുത്ത കണക്ക്

**പട്ടിക-5**

അവലംബം K.S.E.B.

| | |
|---|---|
| ഓർഡിനറി കണക്ഷൻ | 20 |
| ഒ. ടി. പി. | 4 |
| ഒ. വൈ. ഇ. സി. | 45 |
| ആകെ | 69 |

## പ്രശ്നങ്ങളും പരിഹാരങ്ങളും

പഞ്ചായത്തിലെ ബാക്കിയുള്ള പട്ടികജാതികോളനികൾ വൈദ്യുതികരിക്കുക പകൽ സമയങ്ങളിലും തെരുവുവിളക്കുകൾ പ്രകാശിക്കുന്നതിനാൽ വൈദ്യുതി പാഴാകുന്നത് ഒഴിവാക്കാൻ നടപടി എടുക്കുക. ഇലക്ട്രിക് ലൈനിലേക്ക് ചാഞ്ഞുകിടക്കുന്ന മരച്ചില്ലികളും മറ്റും തട്ടി പലപ്പോഴും വൈദ്യുതി വിതരണം തടസ്സപ്പെടുന്നു. ഇത് ഉണ്ടാവാതിരിക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യുക. ചില വീടുകളിലും കടകളിലും ആഡംപരത്തിനുവേണ്ടി ഉപയോഗിക്കുന്ന ബൾബുകൾ നീക്കംചെയ്ത് വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുക.

മിക്ക ഗ്രാമസഭകളിൽനിന്നു തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതിനെകുറിച്ചും വൈദ്യുഎത്തിക്കേണ്ടതിനെകുറിച്ചുമുള്ള ആവശ്യങ്ങൾ വന്നിട്ടുണ്ട്. (പട്ടിക 4,5 കാണുക) തെങ്ങിലകടവ് പാലത്തിന് സമീപം ചില വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല. ഇതിനു കാരണം ഉപയോഗശൂന്യമായ ടെലിഫോൺ കമ്പികളാണ്. **ഇതിനുമുകളി**ലൂടെ വൈദ്യുതി കമ്പി വലി**ക്കാൻ പറ്റില്ല** എന്നാണ് K.S.E. B. പറയുന്നത്. ഈ **സാങ്കേതിക** പ്രശ്നം പരിഹരിച്ച് ഇവിടെയ്ക്ക് **വൈദ്യുതി** എത്തിക്കുക.

## വൈദ്യുതി എത്തിക്കേണ്ട പ്രദേശങ്ങളുടെ വിവരങ്ങൾ

**പട്ടിക - 6**

| ക്രമനമ്പർ | പ്രദേശങ്ങളുടെ പേര് | വാർഡ് |
|---|---|---|
| 1<br>2 | മേലെമാര്യത്ത് ഭാഗം, പട്ടേരിക്കുന്നുമ്മൽ ഭാഗം, പട്ടേരിമ്മൽ പൊന്നമ്പുറം മുതൽ പുതുക്കോട് വരെ<br>കായലം വടക്കെ ഭാഗം, കോളേശ്വര ഭാഗം, | 2 |
| | മലയിൽ തൊടികയിൽ ഭാഗം, വടക്കെടത്ത്, പള്ളിക്കൽ, പാറയിൽ മേത്തൽ, കുന്നതടായിൽ, പുനത്തിൽ മേത്തൽ, തറോൽകുന്ന് ഭാഗം, ഈയ്യചാലിൽ. | 3 |
| 3 | കണ്ണിപറമ്പ് ജി. എൽ. പി. സ്കൂൾ കാര്യാട്ട് ഭാഗം, മേച്ചേരികുന്ന്, പഴയംകുന്ന്, തീർത്ഥകുന്ന്, ഈച്ചംമ്പാട്ടിൽ മേത്തൽ, മേച്ചേരിക്കുന്നിന്റെ തെക്ക്ഭാഗം | 4 |
| 4 | വാവാട്ടുപാറ കോളനി, മുതിയേരികാവ് പ്രദേശം | 7 |
| 5 | മുല്ലപ്പള്ളി ഭാഗം | 8 |
| 6 | മതിലഞ്ചേരി പടിഞ്ഞാറുഭാഗം, പാടത്തുംകണ്ടി ഹരിജൻകോളനി, നെടുങ്കണ്ടത്തിൽ ഭാഗം, അയംകുളം, പാലങ്ങാട് പ്രദേശം: | 10 |
| 7 | കുനിച്ചുമാട് കോളനി, ജവഹർ കോളനി, വില്ലേരി താഴം ഭാഗം. തെങ്ങിലക്കടവ്, മൂഴാപ്പാലം റോഡിൽ എരഞ്ഞിക്കൽ താഴം മുതൽ കോട്ടുവത്തലവരെ, വഴുതനപ്പറ്റത്താഴം മുതൽ മൂഴാപാലം വരെ 11 | |

## തെരുവുവിളക്കുകൾ ആവശ്യമുള്ള സ്ഥലങ്ങൾ

പട്ടിക - 7

| ക്രമനമ്പർ | പ്രദേശങ്ങളുടെ പേര് | വാർഡ് |
|---|---|---|
| 1 | മലപ്രം ഭാഗം | 1 |
| 2 | കുറ്റികടവ് മുതൽ ചെട്ടികടവ് വരെ | 2 |
| 3 | ചെറൂപ്പ മുതൽ കായലം വരെ കായലം മണ്ണത്താൻകണ്ടി റോഡിൽ മണക്കാട് വരെ നൊച്ചിക്കാട്ട് മുതൽ ലക്ഷംവീട് കോളനി വരെ. | 3 |
| 4 | ആമ്പിലേരി മുതൽ കണ്ണിപറമ്പ് വരെ, ചിറയ്ക്കൽ താഴം മുതൽ കൈത്തുട്ടി മുക്ക് വരെ, ഹൈസ്കൂൾ റോഡും പരിസരവും | 4 |
| 5 | പൈപ്പ് ലൈൻ റോഡ്, ഗീതക്വേർട്ടേഴ്സ് റോഡ്, കിടാപ്പിൽകുഴി അരയങ്കോട് റോഡ്, പൈപ്പ് ലൈൻ - അരയങ്കോട് റോഡ് | 8 |
| 6 | തെങ്ങിലകടവ് CRC കോളക്കോട്ട് താഴം, തെങ്ങിലകടവുമുതൽ കോട്ടപറമ്പത്ത് കോളനി വഴി ആയകുളം CRC വരെ | |
| 7 | കണ്ണിപറമ്പ് - കുറ്റികടവ് റോഡ് | 11 |
| 8 | കൈക്കലാട്ട് എറക്കോട്ടുമ്മൽ നടപ്പാതയിൽ പഴംപള്ളിക്കടവ് റോഡ് മണത്തലക്കടവ് - പൂളക്കോട്, പൂതായിൽ റോഡ് | 5 |
| 9 | മൂത്തേടുത്ത് കുഴി റോഡ് കൽച്ചിറ-കിഴകുപടിഞ്ഞാറ് റോഡ്, വില്ലേജ് - ഓഫീസ് റോഡ് ലക്ഷംവീട്ട് കോളനി റോഡ് - കച്ചേരികുന്ന് റോഡ് | |
| 10 | മുക്കിൽപള്ളി മുതൽ കൈത്തൂട്ടിമുക്കുവരെ | |

പഞ്ചായത്തിലെ ഗ്രാസിം കോളനി ഒഴികെ മിക്ക വീടുകളും ആഹാരം പാകം ചെയ്യാൻ വിറകാണ് ഉപയോഗിക്കുന്നത്. ചുരുക്കം ചില വീടുകളിൽ ഗ്യാസും ഉപയോഗിക്കുന്നു. പഞ്ചായത്തിൽ മണ്ണെണ്ണയും വൈദ്യുതിയും പാചകാവശ്യത്തിന് ഉപയോഗിക്കുന്ന ആളുകൾ 30 %ത്തോളം വരും.

പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളും കുന്നിൻ പുറങ്ങളായതിനാൽ ധാരാളം സൂര്യപ്രകാശം ലഭിക്കുന്നുണ്ട്. ഈ സൂര്യപ്രകാശം ഉപയോഗിച്ച് സോളർ ലാമ്പുകൾ പ്രാവർത്തികമാക്കുവാൻ പഞ്ചായത്ത് ശ്രമിച്ചാൽ വൈദ്യുതിയുടെ ഉപയോഗം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

കുറഞ്ഞ വോൾട്ടേജിലും മെച്ചപ്പെട്ട പ്രകാശം ലഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ അനാർട്ടിന്റെ സഹായത്തോടെ ഉപയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക

പുകയില്ലാത്ത അടുപ്പ് വ്യാപകമാകുന്നതോടെ നല്ലൊരു ശതമാനം ഊർജ്ജം ലാഭിക്കാൻ കഴിയും. അതിനാൽ ഇതിനുവേണ്ട പ്രത്യേകകാമ്പയിനും കമ്പിയും സഹകരണങ്ങളും പഞ്ചായത്ത് നടപ്പിലാക്കേണ്ടതാണ്

## ഗതാഗതം

ഒരു നാടിന്റെ വികസനത്തിൽ നിർണ്ണായക പങ്കു വഹിക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഗതാഗതം. 1962 വർഷത്തിൽ വന്ന തെങ്ങിലകടവ് പാലത്തിന്റെ പണി പൂർത്തികരിച്ചതോടെയാണ് ഈ പഞ്ചായത്തിൽ റോഡുഗതാഗതം ഫലപ്രദമായത്. ഗ്രാസിം കമ്പനിയുടെ വരവും സഹായകരമായി ഭവിച്ചു. പഞ്ചായത്തിൽ ചെലവഴിച്ച മൊത്തം സംഖ്യ പരിശോധിച്ചാൽ ഭൂരിഭാഗവും റോഡു നിർമ്മാണത്തിനാണെന്നുകാണാം. റോഡുകളുടെ നിർമ്മാണത്തിൽ സന്നദ്ധ പ്രവർത്തനവും ജനപങ്കാളിത്തവും വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ആദ്യകാലങ്ങളിൽ ഗതാഗതത്തിന് ചാലിയാർ വഴിയുള്ള ജലമാർഗ്ഗമായിരുന്നു ഉപയോഗിച്ചത്. കാർഷികോൽപ്പന്നങ്ങളും കല്ല് തുടങ്ങിയ മറ്റു സാധനങ്ങളും കോഴിക്കോട്ടേക്ക് വിപണനത്തിന് കൊണ്ടുപോയത് ബോട്ട്, തോണി എന്നിവ ഉപയോഗിച്ചായിരുന്നു. കാലങ്ങൾക്കുശേഷം കോഴിക്കോട്ടുനിന്നും തെങ്ങിലകടവ് വരെ ബസ്സ് വന്നപ്പോൾ ഇവിടെനിന്നും ആളുകൾ നടന്ന് തെങ്ങിലകടവിൽ പോയിയായിരുന്നു ബസ്സ് യാത്ര നടത്തിയത്. പിന്നീട് ബസ്സ് റൂട്ട് മാവൂർ വരെ ദീർഘിപ്പിച്ചു. ആദ്യ

മായി ഈ റൂട്ടിലോടിയത് ``ദേവിപ്രസാദ്" എന്ന ബസ്സായിരുന്നു.

## പഞ്ചായത്തിലെ ഗ്രാമീണ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക -1

പൂർത്തിയാക്കാത്തത് – 48.102
പൂർത്തിയായത് – 26.498
മെറ്റൽ – ഇല്ല
പഞ്ചായത്ത് 10.948
PWD - 15.550
NH – ഇല്ല
മറ്റുള്ളവ - 48.102
ആകെ 74.600

ഈ പഞ്ചായത്തിന് സ്വന്തമായ ബസ്സ് സ്റ്റാന്റ് ഉണ്ട്. ബസ്സ് സ്റ്റാന്റിൽനിന്നും പ്രതിവർഷം 30,700 രൂപ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. ഇതിൽ 5 KSRTC ബസ്സുകൾ ഉൾപ്പെടെ 50ൽ പരം ബസ്സുകൾ ഓടുന്നുണ്ട്. ഇപ്പോൾ ഈ ബസ്സ് സ്റ്റാന്റിൽ തന്നെയാണ് മാവൂരിലെ 30ഓളം ഓട്ടോ റിക്ഷകൾ പാർക്കു ചെയ്യുന്നത്. ഈ അസൗകര്യം ഉടനടി പരിഹരിക്കേണ്ടതുണ്ട്. 15ൽ പരം ജീപ്പികൾ സർവ്വീസ് നടത്തുന്ന ഇവിടെ സ്വന്തമായി ടാക്സി സ്റ്റാന്റ് ഇല്ലാത്തതിനാൽ റോഡിനരികിലും പീടികയുടെ മുമ്പിലുമാണ് പാർക്കു ചെയ്യുന്നത്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ ചെയ്ത റോഡുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക -2

| ക്രമ നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം | വീതി | യാത്രാസൗകര്യം |
|---|---|---|---|---|---|
| 1 | PHED - അയ്യപ്പൻകാവ് റോഡ് | PWD | 7.5KM | 8 M | ഉണ്ട് |
| 2 | മാവൂർ-കൈത്തുട്ടിമുക്ക് റോഡ് | PWD | 3 KM | 8 M | ഉണ്ട് |
| 3 | കുറ്റികടവ്-ചെട്ടികടവ് | PWD | 1KM | 8M | ഉണ്ട് |
| 4 | ചെറൂപ്പ-കായലം | PWD | 3KM | 8M | ഉണ്ട് |
| 5 | പാറമ്മൽ-വില്ലേജ് ഓഫീസ് റോഡ് | പഞ്ചായത്ത് | 150M | 8M | ഉണ്ട് |
| 6 | തെങ്ങിലകടവ് - കണ്ണിപറമ്പ് | പഞ്ചായത്ത് | 1.5KM | 6M | ഉണ്ട് |
| 7 | മാവൂർ - മണന്തലകടവ് | പഞ്ചായത്ത് | 1KM | 6M | ഉണ്ട് |
| 8 | മാവൂർ സിനിമാഹാൾ പാടാരുകുളങ്ങര | ,, | 4KM | 6M | ഉണ്ട് |
| 9 | കല്പള്ളി -കല്പള്ളികടവ് | ,, | 1.5KM | 6 M | ഉണ്ട് |
| 10 | ചെറൂപ്പ-കുറ്റികടവ് | ,, | 1.5KM | 6M | ഉണ്ട് |
| 11 | പൂവ്വത്തും പറമ്പ് കച്ചേരികുന്ന് | ,, | 750M | 6M | ഉണ്ട് |
| 12 | പോസ്റ്റ്ഓഫീസ് മുതൽ പറമ്പത്ത് താഴം വരെ | ,, | 750M | 6M | ഉണ്ട് |
| 13 | മാവൂർ-കമ്യൂണിറ്റിഹാൾ | ,, | 50M | 6M | ഉണ്ട് |
| 14 | അടുവാട് - കോട്ടക്കുന്ന് കോളനി | ,, | 750M | 6M | ഉണ്ട് |
| 15 | PHED തെങ്ങിലകടവ് | വാട്ടർ അതോറിറ്റി | 4.5KM | 8M | ഉണ്ട് |
| 16 | കൈത്തൂട്ടിമുക്ക് - മുഴാപാലം | MLA | 4KM | 8M | ഉണ്ട്. |

# പഞ്ചായത്തിലെ മണ്ണിട്ട റോഡുകൾ, ടാർ ചെയ്യേണ്ടത്

## പട്ടിക -3

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | നീളം | വീതി | ഗതാഗത സൗകര്യം |
|---|---|---|---|---|---|
| 1 | പൈപ്പ് ലൈൻ അയങ്കോട് | VIII | 2 1/2 KM | 6M | ഉണ്ട് |
| 2 | ഗീത ക്വാർട്ടേഴ്സ് | VIII | 550M | 6M | ഉണ്ട് |
| 3 | അടുവാട്- അരയങ്കോട് | VIII | 500M | 6M | ഉണ്ട് |
| 4 | പള്ളിയോൾ - അടുവാട് | VII | 1 1/2KM | 5M | ഉണ്ട് |
| 5 | ആലിൻ ചുവട് - സൗത്ത് അരയൻകോട് | VIII | 500M | 5M | ഉണ്ട് |
| 6 | പാറമ്മൽ- പഴമ്പള്ളികടവ് | V | 750M | 4 1/2 | അടി |
| 7 | കല്പള്ളി - മാട്ടാനത്ത് താഴം | V | 1KM | 8M | ഇല്ല |
| 8 | തെങ്ങിലക്കടവ് - ആയംകുളം CRC | X | 1KM | 6 M | |
| 9 | കോളക്കോട് താഴം - അയംകുളം CRC | X | 1 KM | 6 M | |
| 10 | പാടത്തുംകണ്ടി ഹരിജൻകോളനി | X | | | |
| 11 | തെങ്ങിലക്കടവ് - കോട്ടപ്പറമ്പത്ത് ഹരിജൻ കോളനി | X | 11/2 KM | 6 M | |
| 12 | വില്ലേജ് ഓഫീസ് കച്ചേരിക്കുന്ന് പൈപ്പ്ലൈൻ | VI | 1 1/2 KM | 6M | ഉണ്ട് |
| 13 | പുന്നപ്പുറത്ത് താഴം - താണ്ടാൻ കടവ് | X | 1KM | 6M | |
| 14 | കാര്യാട്ട് ALP സ്കൂൾ റോഡ് | | 500 M | 6 M | |
| 15 | മണക്കാട് - മണ്ണത്താൻകണ്ടി -കായലം | | I 2 1/2 KM | 8 M | |
| 16 | കുനിയക്കടവ്-കുറ്റിക്കടവ് റോഡ് , | II | 1 1/2 KM | 8M | |
| 17 | പട്ടേരിക്കുന്ന് റോഡ് | II | 2KM | 6M | |
| 18 | കോട്ടുവത്തല - കുറ്റിക്കടവ് | XI | 1/2 KM | | |
| 19 | പൂപ്പറമ്പത്ത് - ചെറിയേരി റോഡ് | II | 1 1/2 KM | 4 1/2M | |

മഴക്കാലമായാൽ മണ്ണിട്ട റോഡിൽകൂടി നടക്കാൻ പറ്റാത്ത് അവസ്ഥയാണുള്ളത്. അതുകൊണ്ട് ഈ റോഡുകളുടെ സൈഡ് കെട്ടി റോഡുകൾ ടാർ ചെയ്യുകയും ഡ്രെയിനേജ് കീറുകയും ചെയ്യുക.

ഗ്രാമസഭയിൽ നിന്നും പുതിയ റോഡുകൾ നിർമ്മിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. പട്ടിക - 5 കാണുക. ഇതിനു വേണ്ട സന്നദ്ധ പ്രവർത്തനം നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. ഇത് മനുഷ്യാധ്വാനം മറ്റു മേഖലകളിലേക്കും വ്യാപിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കണം.

## ജലഗതാഗതം

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലായി ഒരു ബോട്ട് സർവ്വീസ് ഉൾപ്പെടെ 5 കടത്തുകൾ ഉണ്ട്. അനേകം പേർ ദിവസേന യാത്രക്കായി ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നു.

## പട്ടിക - 4

| ക്രമനമ്പർ | കടവിന്റെ പേര് | ബന്ധിപ്പിക്കുന്ന സ്ഥലം | വരുമാനം | ഇനം |
|---|---|---|---|---|
| 1 | എളമരം (മാവൂർ) | എളമരം (വാഴക്കാട്) | 19700 | തോണി |
| 2 | മണന്തലകടവ് | വാഴക്കാട് | 50,000 | യന്ത്രവൽകൃതബോട്ട് |
| 3 | കല്പള്ളി | മുണ്ടുമുഴി | 16,000 | തോണി |
| 4 | ഊർക്കടവ് മാവൂർ | (ഊർക്കടവ്) വാഴക്കാട് | 7.600 | തോണി |
| 5 | കുറ്റിക്കടവ് | കണ്ണിപറമ്പ് | 400 | തോണി. |

കടവ് ലേലത്തിലൂടെ നല്ലൊരുസംഖ്യം പഞ്ചായത്തിന് വരുമാനമായി ലഭിക്കുന്നു.

## ഗ്രാമസഭയിൽനിന്നും വന്ന പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

പട്ടിക - 5

വാർഡ് -1

മലപ്രം ഭാഗത്തുനിന്നും ചാലിപാടം ഭാഗത്തേക്ക്

വാർഡ് -2

പൊക്കിണോത്ത് മുതൽ വൈത്തനാരി റോഡ്
കുനിയൻ കടവ് റോഡ്
കോളോംകുഴി ചേറോട്ട് റോഡ്
തച്ചനാരിനിന്നും ചെറുപുഴ റോഡ്
കുറ്റികടവ്-കണ്ണിപറമ്പ് റോഡ്
മുഴിപുറത്തുപുറായി - പട്ടേരികുന്ന് റോഡ്
പാറകോറി തെങ്ങിലകടവ് റോഡ്
കളാമ്പറത്തു പൂപറമ്പ് റോഡ്

വാർഡ് - 3

നെച്ചിക്കാട്ട്കടവ് ലക്ഷംവീട് കോളനി റോഡ്
പാറകോട് - അരിക്കൽ റോഡ്
ഊർക്കടവ് പള്ളി മുതൽ നെച്ചിക്കാട് കടവ് സ്കൂൾ വരെ
ചെറൂപ്പ അയ്യപ്പക്ഷേത്രം - പള്ളിക്കൽ താഴം റോഡ്
മാട്ടാപ്പാറ - മണ്ണത്താൻകണ്ടി റോഡ്

വാർഡ്-4

ഹൈസ്കൂൾ റോഡും LPS കണ്ണിപറമ്പ് റോഡുമായി ബന്ധിപ്പിക്കുക.
ഇലഞ്ഞിതാഴം മുതൽ - ഹൈസ്കൂൾ വരെ
മൊടാങ്ങൽ കോളനി റോഡ്
മേച്ചേരികുന്ന് ഭാഗത്ത് ക്ഷേത്രത്തിന്റെ അരികിൽനിന്നും ഹൈസ്കൂൾ റോഡ്

വാർഡ് -5

പാറമ്മൽ - പഴമ്പള്ളികടവ് റോഡ്
പള്ളിപറമ്പ് - ഫൈബർവ്യൂ റോഡ്
പുലപ്പാടി താഴം റോഡ്
കല്പള്ളികടവ് - എറക്കോട്ട് - കൈക്കലാട് റോഡ്
മതിലകത്ത് പറമ്പ് – നെട്ടിവീട്ടിൽ റോഡ്
എഴുനിലം - കമ്പളം റോഡ്
മാവൂർ - കണ്ണാറ വരെ

വാർഡ് -6

ലക്ഷംവീട് കോളനി - പൈപ്പ് ലൈൻ റോഡ്
പാറമ്മൽ - പൈപ്പ്ലൈൻ റോഡ്
പൂവ്വത്തുപറമ്പത്ത് - പുലിയപുറംതടായി- പൈപ്പ്ലൈൻ റോഡ്
മൂത്തേടുത്തുകുഴി - പൈപ്പ്ലൈൻ റോഡ്

വാർഡ് - 7

കുതിരാടം-ചിറയ്ക്കൽ താഴം റോഡ്

വാർഡ് -8

പാറപ്പുറം-കരുവാപാടം റോഡ്
പനങ്ങോട് - എളമരംറോഡ്
കുറ്റിചാലിൽ - പൈപ്പ്ലൈൻ റോഡ്
പൈപ്പ്ലൈൻ - അരയങ്കോട് ലിങ്ക് റോഡ് മദ്രസയുടെ പുറകിലൂടെ

വാർഡ് -9

പുലപ്പാടി - ആയോത്ത് റോഡ്

വാർഡ് -10

കോട്ടപ്പറമ്പത്ത് ഹവിജൻകോളനി റോഡ്

വാർഡ് -11

കണ്ണിപറമ്പ് - കുറ്റിക്കടവ് റോഡ്
മുഴപാലം - കുറ്റിക്കടവ് റോഡ്
കുനിച്ചുമാട് ഹരിജൻകോളനി റോഡ്
സങ്കേതം - കണ്ണിപറമ്പ് റോഡ്
വില്ലേരിതാഴം റോഡ്.

# റോഡുഗതാഗതം പ്രശ്നങ്ങളും നിർദ്ദേശങ്ങളും

ടാർ ചെയ്ത റോഡുകൾ ആവശ്യത്തിനുണ്ടെങ്കിലും പോരായ്മകൾ നിലനിൽക്കുന്നു.

1 അശാസ്ത്രീയമായ വളവുകൾ, വീതികുറവ്, തുടങ്ങിയ പ്രശ്നങ്ങൾ മാവൂർ, കാട്ടാങ്ങൽ റോഡിനുണ്ട് അത് പരിഹരിക്കണം.

2 ഗതാഗതമുള്ള വീതികുറഞ്ഞ റോഡുകൾ വീതി കൂട്ടി അപകടകഹിതമാക്കുക.

3 റോഡിൽ നടപാതകൾ നിർമ്മിക്കുക.

4 റോഡുകളിലെ സ്ഥിര സ്വഭാവമുള്ള നിർമ്മാണപ്രവർത്തികൾ ഒഴിവാക്കുക

5 റോഡിന് തൊട്ടുകിടക്കുന്ന ഇലക്ട്രിക്

പോസ്റ്റും ടെലഫോൺ പോസ്റ്റും ബസ്സ് വെയിറ്റിംഗ് ഷെഡുകളും റോഡിൽനിന്നും 4 അടിയെങ്കിലും മാറ്റി സ്ഥാപിക്കുക.

6 റോഡരുതകിൽ ഡ്രൈനേജ് നിർമ്മിച്ച് മഴ വെള്ളത്തിൽനിന്നും റോഡുകളെ സംക്ഷിക്കുക.

7 അപകടം ഒഴിവാക്കാൻ അനിയന്ത്രിതമായി പാർക്കു ചെയ്യുന്ന ഓട്ടോ - ടാക്സി ജീപ്പുകൾക്ക് അനുയോജ്യസ്ഥലത്ത് എത്രയും പെട്ടെന്ന് സ്റ്റാന്റ് നിർമ്മിക്കുന്നിന് നടപടി സ്വീകരിക്കുക.

8 പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും ഉള്ള റോഡുകൾ കാര്യക്ഷമമാക്കുന്നതിനും ജന പങ്കാളിത്തം ഉറപ്പു വരുത്തുക.

9 എല്ലാ ഗ്രാമസഭകളിൽനിന്നും റോഡു നിർമ്മാണത്തിന് മറ്റു നിർമ്മാണ പ്രവർത്തന ങ്ങൾക്കും സന്നദ്ധ പ്രവർത്തനം നടത്താൻ തയ്യാറാണെന്ന് അറിയിച്ചത് അഭിനന്ദനാർഹമാണ്. ഈ കൂട്ടായ്മ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടതാണ്. നിലവിലുള്ള റോഡുകൾ സംരക്ഷിക്കാനും തുടങ്ങിവെച്ച റോഡുകൾ പൂർത്തീകരിക്കുന്നതിനും മുൻഗണന നല്കുക.

10 കണ്ണിപറമ്പിനെ കുറ്റികടവുമായി ബന്ധിപ്പിക്കുന്നതിന് ചെറുപുഴക്ക് കുറുകെ ഒരു തൂക്കുപാലം നിർമ്മിക്കുക.

11 10-ാം വാർഡും 3-ാം വാർഡും തമ്മിൽ ബന്ധിപ്പിക്കുന്നതിന് വേണ്ടി നൊച്ചിക്കാട്ടുകടവിൽ ഒരു തൂക്കുപാലം നിർമ്മിക്കുക.

12 – മണന്തലക്കടവിൽ വാഴക്കാട്ടുമായി ബന്ധിപ്പിക്കുന്നതിന് തൂക്കുപാലം നിർമ്മിക്കുക.

## മാർക്കറ്റ്

മാവൂർ പഞ്ചായത്തിൽ ആദ്യകാലത്ത് ധാരാളമായി ഉൽപാദിപ്പിച്ചിരുന്ന ചേന, വാഴകുല, ചേമ്പ്, മത്തൻ, തേങ്ങ മറ്റു പച്ചക്കറികൾ എന്നിവ വില്ക്കുന്നതിന് ഇപ്പോൾ പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്ത് എല്ലാതിങ്കളാഴ്ചയും പ്രവർത്തിച്ചുവന്നിരുന്ന ഒരു ആഴ്ച ചന്ത ഉണ്ടായിരുന്നു. ഈ ചന്തയിലേക്ക് പുറമേനിന്നു വില്പനയ്ക്ക് കൊണ്ടുവന്നിരുന്ന സാധനങ്ങൾ പ്രധാനമായും ഉണക്ക മൽസ്യം, മൺപാത്രങ്ങൾ, തോർത്ത്മുണ്ട് തുടങ്ങിയവയും വളകൾ, വെളിച്ചെണ്ണ, ഹലുവ, മറ്റു ബേക്കറി പലഹാരങ്ങൾ തുടങ്ങിയവയായിരുന്നു. ഇവിടെനിന്നും ചേമ്പ്, വാഴക്കുല, തേങ്ങ തുടങ്ങിയ കൂടുതലും തെരപ്പൻകെട്ടി ചാലിയാർപുഴ ചെറുപുഴ എന്നിവയിലൂടെ കോഴിക്കോട്ട് വലിയങ്ങാടിയിലും മങ്കാവിലും വിറ്റിരുന്നു.

മാവൂർ ഗ്രാസിം കമ്പനിയുടെ ആവിർഭാവത്തോടുകൂടി ആഴ്ചചന്ത കാലക്രമേണ നിശ്ചലമാവുകയും അതിനുപകരമായി ചെറുകിട കച്ചവടക്കാർ ഉയർന്നുവരുകയും ചെയ്തു. ഇതു കാർഷികമേഖലയുടെ തളർച്ചയ്ക്ക് ഒരു പരിധി വരെ കാരണമായി 1990ൽ ഈ ആഴ്ച ചന്ത പുനരാരംഭിച്ചു എങ്കിലും മത്സ്യ-മാംസമാർക്കറ്റിന് പിൻവശമുള്ള ജനശ്രദ്ധയിൽ പെടാത്ത താഴ്ചയുള്ള ഭാഗത്തായതിനാൽ ഈ ചന്തയും ഒരു മാസത്തിനുള്ളിൽ തന്നെ ഇല്ലാതായി.

ഇന്ന് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന തേങ്ങ, നേന്ത്രവാഴ, ചേന, കല്ല്, മുളക്, വെണ്ട, പയർ തുടങ്ങിയ കാർഷികോല്പന്നങ്ങൾ കോഴിക്കോട് നഗരത്തിലാണ് വിറ്റുവരുന്നത്. അതുകൊണ്ട് പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷികോല്പന്നങ്ങളും മറ്റ് സാധനങ്ങളും വിറ്റഴിക്കുന്നതിന് ഒരു ആഴ്ചചന്ത വേണം എന്നുള്ള ആവശ്യം എല്ലാ ഗ്രാമസഭകളിൽനിന്നും ഉയർന്ന് വന്നു. ആഴ്ച ചന്ത എന്ന ഈ ആവശ്യം വേണ്ട രീതിയിൽ വിപുലപ്പെടുത്തിയാൽ നശിച്ചുകൊണ്ടിരിക്കുന്ന ഗ്രാമീണ മനസ്സിനെ ഉയർത്തികൊണ്ടുവരുവാനും ഗാന്ധിജി വിഭാവനം ചെയ്ത സ്വാശ്രയ ബോധം ജനങ്ങളിൽ ഉണ്ടാക്കുവാനും അത് വഴി പഞ്ചായത്തിന്റെയും ജനങ്ങളുടെയും സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനും സാധിക്കും.

മാവൂർ പഞ്ചായത്തിന്റെ അധീനതയിൽ മത്സ്യവും മാംസവും വില്കാൻ പ്രത്യേകം മാർക്കറ്റ് നിലവിലുണ്ട്. 52,483 രൂപ പ്രതിവർഷം മാർക്കറ്റിൽനിന്നും പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. എന്നാൽ രാത്രികാലങ്ങളിൽ മത്സ്യമാർക്കറ്റിൽനിന്നും ജനതിരക്കേറിയ റോഡ് അരുകിലും മറ്റ് പീടികയുടെ മുൻവശത്തും വെച്ച് മത്സ്യവില്പന നടത്താറുണ്ട്. ഇത് ഫലപ്രദമായി നിയന്ത്രിച്ചില്ലെങ്കിൽ മാർക്കറ്റിന്റെ ആവശ്യകതതന്നെ ചോദ്യം ചെയ്യപ്പെടും.

ഇനന്നുള്ള മാർക്കറ്റിന്റെ വിപണന സംവിധാനത്തിൽ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. ശാസ്ത്രീയമായ രീതിയിൽ മാംസം സൂക്ഷിക്കാനും വിപണനം നടത്താനും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, റോഡരുകിൽ മാംസം വിൽക്കുന്നതും ഈ തരത്തിൽ ശ്രദ്ധ പതിയേണ്ടതാണ്.

പാർപ്പിടം

ഇടത്തരം ജനവിഭാഗങ്ങൾ തിങ്ങിപാർക്കുന്ന മാവൂർ പഞ്ചായത്തിൽ ഗ്രാസിം കമ്പനിയുടെ വരവോടെ പാർപ്പിട രംഗത്ത് ഏറെ മാറ്റങ്ങൾ ഉണ്ടായി. കൂടാതെ സർക്കാർ ദുർബലവിഭാഗങ്ങൾക്ക് നൽകി വരുന്ന വീടുവെക്കാനുള്ള ലോൺ സൗകര്യങ്ങളും ഈ രംഗത്ത് വൻ മാറ്റങ്ങളുണ്ടാക്കി.

ഇവിടെ ഇടത്തരം ഓടിട്ടവീടുകളാണ് കൂടുതലായി ഉള്ളത്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർ ഓലവീടുകളിലാണ് താമസിക്കുന്നത്. പഞ്ചായത്തിലെ 6 9 എന്നീ വാർഡുകളിൽ കമ്പനിവക ക്വോർട്ടേഴ്സിൽ 1000-ൽ അധികം കുടുംബങ്ങൾ കൂട്ടമായി താമസിച്ചുവരുന്നു.

പഞ്ചായത്തിലെ 5097 വീടുകളിൽ 743 കോൺക്രീറ്റ് വീടും 2758 ഓടിട്ടവീടും 1168 ഓല വീടുകളുമാണുള്ളത്. ഇതിൽ ഏകദേശം 10% മൊസൈക്ക്, കടപ്പ എന്നിവകൊണ്ട് നിർമ്മിച്ച തറകളാണ്. ബാക്കിയുള്ളത് സിമന്റും ചാണകവും ഉപയോഗിച്ചുള്ള തറകളാണ്.

വയൽ നികത്തി വീടുണ്ടാക്കുന്ന സമ്പ്രദായം പഞ്ചായത്തിൽ വളരെ കുറവാണ്. ഭവന നിർമ്മാണത്തിന് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഭൂപണയ കാർഷിക വികസന ബാങ്കുകളിൽനിന്നും സഹായം ലഭിച്ചുവരുന്നു.

ഭവനനിർമ്മാണത്തിന് കൂടുതൽ സഹായം ലഭിക്കുന്നതിന് വേണ്ടി ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. തമിഴ്നാട്ടിൽനിന്നും ജോലി ആവശ്യാർത്ഥം ഇവിടെ വന്നു താമസിക്കുന്നവരാണ് സ്വന്തമായി വീടില്ലാത്തവരിൽ കൂടുതലും. സർക്കാർ ഭവനനിർമ്മാണ ബോർഡ് വഴി ദുർബല ഇടത്തരം വിഭാഗങ്ങൾക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ജനങ്ങൾക്ക് ആശ്വാസപ്രദമാണ്. പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപട്ടിക താഴെ കൊടുക്കുന്നു.

## പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവരം

പട്ടിക -1

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം – ഒരു നിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1 | 747 | 52 | 120 | 348 | 221 | 6 |
| 2 | 577 | 56 | 24 | 272 | 212 | 13 |
| 3 | 329 | 30 | 18 | 157 | 117 | 7 |
| 4 | 435 | 46 | 34 | 211 | 126 | 8 |
| 5 | 582 | 110 | 98 | 309 | 53 | 12 |
| 6 | 621 | 143 | 151 | 292 | 23 | 12 |
| 7 | 482 | 21 | 46 | 325 | 84 | 6 |
| 8 | 493 | 24 | 71 | 338 | 52 | 8 |
| 9 | 275 | 24 | 124 | 86 | 2 | 39 |
| 10 | 359 | 19 | 21 | 157 | 161 | 1 |
| 11 | 449 | 38 | 38 | 253 | 117 | 3 |
| ആകെ | 5349 | 563 | 743 | 2758 | 1168 | 115 |

## പട്ടിക -2

| വർഷം | മില്യൻവെൽ | ഐ. എ. വൈ. | ജെ. ആർ വൈ. |
|---|---|---|---|
| 91-92 | 11 | - | - |
| 92-93 | - | 4 | 7 |
| 93-94 | - | 7 | - |
| 94-95 | - | - | 10 |
| 95-96 | 20 | 9 | - |
| 96-97 | - | 9 | 3 |
| ആകെ | 31 | 29 | 20 |

ഭവനനിർമ്മാണ ബോർഡുവഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന വായ്പകളും സഹായവും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനങ്ങളുടെ അമിതമായ വിലകയറ്റവും കൂലി നിരക്കിലെ വർദ്ധനവും പാവപ്പെട്ടവന് സ്വന്തമായൊരു വീട് എന്ന ആഗ്രഹംവെറുമൊരു സ്വപ്നമായി നിലനിൽക്കുന്ന അവസ്ഥയാണ്. ഇപ്പോഴത്തെ കൂലിനിരക്കനുസരിച്ച് വിദഗ്ധ തൊഴിലാളികൾക്ക് 125-150 രൂപയും അവിദഗ്ദ്ധതൊഴിലാളികൾക്ക് 90 - 100 രൂപയും ആണ്. വിദഗ്ദ്ധ തൊഴിലാളികളിൽ സ്ത്രീകളില്ല എന്നുതന്നെ പറയാം. പുരുഷ തൊഴിലാളികളെക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്ക്. ഇപ്പോൾ സ്ത്രീ തൊഴിലാളികൾക്ക് 80-90 രൂപയാണ് കിട്ടുന്നത്.

റവന്യൂവകുപ്പുവഴി പ്രകൃതിക്ഷോഭത്താൽ വീടുനഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസപദ്ധതിയുടെ ആനുകൂല്യം വില്ലേജ് ഓഫീസ് മുഖേന പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. പ്രകൃതിക്ഷോഭം പൊതുവെ കുറവാണ്.

**മൊത്തം 12 പട്ടികജാതി കോളനികളിലായി 1908 ആളുകൾ 248 വീടുകളിൽ താമസിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള നെഹ്റുയുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിലെ വിവിധ സന്നദ്ധ സംഘനകളിലെ പ്രവർത്തകർ അടുവാട്-വാവാട്ടുപാറ, കോട്ടകുന്ന് പട്ടികജാതി കോളനികളിൽ 16-ഓളം വീടുകൾ പ്രവർത്തന ക്യാമ്പിലൂടെ നിർമ്മിച്ചത് വിസ്മരിക്കാൻ സാദ്ധ്യമല്ല.**

**വാടകവീട്ടിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ വിവിധ വാർഡുകളിലായി നമ്പർ ഇല്ലാത്ത വീടുകളും** അംഗീകൃത പ്ലാനുകളില്ലാത്ത കെട്ടിടങ്ങളുമുണ്ട്. മിച്ചഭൂമി ലഭിച്ചവർക്ക് വീടുണ്ടാക്കുവാൻ ധനസഹായം നല്കുകയും പതിച്ചുനല്കിയ ഭൂമി വീടു നിർമ്മിക്കാതെ വെറുതെയിടുകയും കൈമാറ്റം ചെയ്യപ്പെടുന്നതുമായ പ്രവണ കാണുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ ഓല മേഞ്ഞ വീടുകളും ഓട് മേയുന്നതിനുവേണ്ടി ജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനത്തിന് പഞ്ചായത്ത് മുൻകൈ എടുക്കണം. ഇതിന് ആവശ്യമായ ചെലവിന്റെ ഒരു വിഹിതം ഗുണഭോക്താക്കളിൽനിന്നും സംഭരിക്കുകയും വേണം.

പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ചില നിർദ്ദേശങ്ങൾ

1. പഞ്ചായത്തുതലത്തിൽ ഹൗസിംഗ് കോംപ്ലക്സ് സ്ഥാപിക്കുക. ഇതിനെ സഹായിക്കുന്നതിനുവേണ്ടി ജനകീയ കമ്മറ്റികൾ വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ കമ്മിറ്റികൾ ക്ലബ്ബുകളുടെ കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് മാസത്തിൽ ഒരു വീടെങ്കിലും നിർമ്മിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

2. ദുർവ്യയ ഭവനനിർമ്മാണത്തെ നിരുൽസാഹപ്പെടുത്തുന്നതിന് അമിത നികുതി ഏർപ്പെടുത്തുക.

3, സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

4. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നല്കുക.

5. വിവിധതരം ഭവനനിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കാൻ അവർക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമിയും സർക്കാർ പുറംപോക്ക് ഭൂമിയും 5 സെന്റ് വീതം സൗജന്യമായി നല്കുക. അവിടെ വീടുണ്ടാക്കുന്നതിന് വേണ്ടി സന്നദ്ധത യുവജന സംഘടനകളുടെ മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തുക.

**2000-ാം മാണ്ടോടെ മാവൂർ പഞ്ചായത്തിൽ മുഴുവൻ കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാകുന്നതിനു വേണ്ടിയുള്ള പൊതുജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനം നടത്താൻ നമുക്ക് കഴിയുമാറാകട്ടെ അതിനുവേണ്ടി നമ്മൾക്ക് ഒന്നിച്ചുമുന്നേറാം.**

# സാമൂഹികക്ഷേമം

പഞ്ചായത്തിലെ വിവിധ ദരിദ്ര വിഭാഗം ജനങ്ങളെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി നിരവധി സാമൂഹികക്ഷേമപദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. I.R.D.P. സർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്കു താഴെയുള്ള ആകെ 1729 കുടുംബങ്ങളുണ്ട്. ഇതിൽ 253 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. ഇതുവരെ സാമ്പത്തികസഹായം ലഭിച്ച പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 388 ആയി കണക്കാക്കുന്നു. വിവിധ പദ്ധതികളിലൂടെ സഹായം ലഭിച്ചതുവഴി 627 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയിട്ടുണ്ട്. 1991-ലെ സെൻസസ് പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ മൊത്തം 1729 ആണ്.

നിലവിലുള്ള പദ്ധതികൾക്ക് വളരെയേറെ പരിമിതികളുണ്ട്. ഇതിന് പ്രധാന കാരണം പദ്ധതിയെകുറിച്ചുള്ള അവബോധം ജനങ്ങളിൽ എത്തുന്നില്ല എന്നതാണ്. പദ്ധതിയെകൊണ്ടുള്ള ഗുണം യഥാർത്ഥത്തിൽ ലഭിക്കുന്നത് അർഹതപ്പെട്ടവർക്കല്ല. സഹായം ലഭിക്കുന്നതിനുള്ള കടമ്പകൾ മറികടക്കാൻ സാധാരണക്കാരന് സാധിക്കുന്നില്ല.

നിലവിൽ നിയമപ്രകാരമുള്ള വിവിധ സാമൂഹിക സുരക്ഷാ ഉപാധികൾ പഞ്ചായത്തിൽ കൂടുതലായുണ്ട്. ഇതിൽ വിവിധ ക്ഷേമനിധികൾ, പെൻഷൻ, പ്രൊവിഡണ്ട്ഫണ്ട്, ഇ. എസ്. ഐ. ആനുകൂല്യങ്ങൾ ഉൾപ്പെടുന്നു. പഞ്ചായത്തിൽ ഭൂരിഭാഗം തൊഴിലാളികളും വിവിധ മേഖലയിലുള്ള ക്ഷേമനിധികളിൽ അംഗങ്ങളാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യവസായശാലയായ ഗ്രാസിം ഫാക്ടറിയിലെ കരാർ തൊഴിലാളികളിൽ 2000-ൽ അധികം പേർക്ക് ഈ അടുത്ത കാലത്തായി ഇ. എസ്. ഐ. പ്രൊവിഡണ്ട് ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിച്ചത് എടുത്തു പറയേണ്ടതാണ്.

വനിതകൾക്കായി വനിതാവികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ച് വളരെ ചുരുക്കം പേർക്ക് മാത്രമേ അറിയുകയുള്ളൂ. അതുകൊണ്ട് ഇതിന്റെ ഗുണം ന്യൂനപക്ഷത്തിന് മാത്രമാണ് ലഭിക്കുന്നത്. സാമൂഹിക ക്ഷേമരംഗത്ത് ബ്ലോക്ക് തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഈ പഞ്ചായത്തിൽ അധികമായും ലഭിക്കുന്നത്. കർഷകതൊഴിലാളിരംഗത്താണ് ഇത്തരത്തിലുള്ള ക്ഷേമപദ്ധതികൾ നടപ്പിൽ വരുത്തേണ്ടത്.

1991-മുതൽ 1995 വരെ കർഷക തൊഴിലാളികൾക്ക് ലഭിച്ച വേതനത്തെ സംബന്ധിച്ച കണക്ക്

പട്ടിക -1

| | |
|---|---|
| 91-92 | 367എണ്ണം |
| 92-93 | 375 എണ്ണം |
| 93-94 | 343 എണ്ണം |
| 95 | 346 എണ്ണം |

വീടുണ്ടാക്കുന്നതിനും മറ്റ് കാർഷികാവശ്യത്തിനും ബേങ്കുകൾ വഴി ധനസഹായം ലഭിക്കുന്നതിലെ അപര്യാപ്തത ഇപ്പോഴും നിലനിൽക്കുന്നു. ഒരിക്കൽ ലോൺ ലഭിച്ചു കഴിഞ്ഞാൽ പിന്നീട് വായ്പ ലഭിക്കുന്നതിന് വളരെയേറെ പ്രയാസങ്ങൾ ഉണ്ടാകുന്നു.

## DWCRA സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിൽ അധികമോ പേർകൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണിത്.

1993-94-ൽ 2-ാം വാർഡിൽ 10 അംഗങ്ങളടങ്ങിയ കൂൺകൃഷിയൂണിറ്റ് ആരംഭിച്ചുവെങ്കിലും ഇത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ പദ്ധതിപ്രകാരം തന്നെ 91-92 വർഷത്തിൽ 11-ാം വാർഡിൽ 17 അംഗങ്ങൾ ഉൾപ്പെട്ടുകൊണ്ടു രൂപീകരിച്ച കുട നിർമ്മാണയൂണിറ്റ് ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരത്തിലുള്ള പദ്ധതി പ്രോൽസാഹിപ്പിക്കുന്നതിന് സഹായവും വിപണനസൗകര്യവും ലഭ്യമാകുന്നതിന് ആവശ്യമായ പ്രവർത്തനം പഞ്ചായത്തു തലത്തിൽ ലഭ്യമാക്കിയെടുക്കണം.

# ട്രൈസം

18 വയസ്സുമുതൽ 35 വയസ്സുവരെയുള്ള യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നല്കുന്നതാണ് ട്രൈസം. വിവധ വിഷയങ്ങളിൽ ഇതു വഴിയുള്ള പരിശീലനം 46 പേർക്ക് ലഭിച്ചിട്ടുണ്ട്. പ്രയോഗത്തിൽ വരുത്തിയവർ വളരെ കുറവാണ്. പരിശീലനം ലഭിച്ചിട്ടും 21ഓളം പേർ ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

ട്രൈസം വഴി പരിശീലനം ലഭിച്ച ആളുക

ളുടെ ആകെയുള്ള എണ്ണവും പരിശീലന വിഷയത്തിന്റെയും പേർ താഴെ ചേർക്കുന്നു.

**പട്ടിക- 2**

| നമ്പർ | പരിശീലനമേഖല | എണ്ണം |
|---|---|---|
| 1 | ടൈലറിംഗ് & ഗാർമെന്റ്സ് | 1 |
| 2 | റേഡിയോ & T.V റിപ്പേയർ | 3 |
| 3 | വാച്ച് & ക്ലോക്ക് റിപ്പേയർ | 2 |
| 4 | ലതർ വർക്സ് | 5 |
| 5 | ജനറൽ എഞ്ചിനിയറിംഗ് | 3 |
| 6 | വീവിങ്ങ് 5 | |
| 7 | ഇലക്ട്രോണിക്സ് & TV റിപ്പേയർ | 3 |
| 8 | വെൽഡിംഗ് | 2 |
| 9 | കുടനിർമ്മാണം | 15 |
| 10 | പ്രിന്റിംഗ് & കമ്പോസിംഗ് | 1 |
| 11 | കൂൺ കൃഷി | 10 |
| 12 | ചൂടിപിരി | 17 |
| | ആകെ | 46 |

ഈ പദ്ധതിവഴിയുള്ള പരിശീലനങ്ങൾ പഞ്ചായത്തുതലത്തിൽ നടത്താൻ ആവശ്യമായ സ്ഥിതിവിശേഷം ഉണ്ടാക്കണം എങ്കിൽ മാത്രമേ ഇതിലേക്ക് തൊഴിൽ രഹിതരായ യുവതിയുവാക്കളെ ആകർഷിക്കാൻ സാധിക്കുകയുള്ളൂ. പരിശീലനം ലഭിച്ചവരെ പഞ്ചായത്തുതലത്തിൽ കണ്ടെത്തി അവരെ തൊഴിൽ മേഖലയിലേക്ക് തിരിച്ചു വിടുന്നതിനു വേണ്ടിയുള്ള സാമ്പത്തിക സഹകരണം പഞ്ചായത്ത് ഉറപ്പുവരുത്തണം. ഇതു തൊഴിലില്ലായ്മ കുറയ്ക്കാൻ സഹായകമാകും.

ദരിദ്ര ജനവിഭാഗങ്ങൾക്ക് ഏതെങ്കിലും സാമ്പതിക സഹായം വഴി വീട് നിർമ്മിക്കാൻ കഴിഞ്ഞാലും കക്കൂസ് ഇല്ലാത്ത സ്ഥിതി രൂക്ഷമായി അനുഭവപ്പെടുന്നു. ഇതുമൂലം വിവധതരം ആരോഗ്യപ്രശ്നങ്ങളും പരിസര മലിനീകരണ പ്രശ്നവും അനുഭവപ്പെടും. മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ചു നല്കുവാൻ ആവശ്യമായ ബൃഹത്ത് പദ്ധതിക്ക് ബഹുജനപങ്കാളിത്തത്തോടെ പരിഹാരം കാണേണ്ടതുണ്ട്.

I.R.D.P. സർവ്വെ പ്രകാരം 656 വീടുകൾക്ക് നിലവിൽ സാനിറ്ററി കക്കൂസുകളില്ല. 1992-നുശേഷം വിവിധ പദ്ധതികളിലായി ഇതുവരെ 79 കക്കൂസുകൾ അനുവദിച്ചു. ഇതിൽ 78 എണ്ണം പണി പൂർത്തീകരിച്ചു. കക്കൂസുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയും ഇത് വകമാറി ചെലവഴിക്കാതിരിക്കാനുള്ള ആവശ്യമായ പ്രവർത്തനം നടത്തണം. കൂടാതെ ബോധവൽക്കരണം നടത്തണം.

## വില്ലേജ് ഓഫീസ് മൂലമുള്ള ക്ഷേമ പദ്ധതികൾ

സാമൂഹികക്ഷേമരംഗത്ത് റവന്യൂവകുപ്പ് പ്രധാനമായി പെൻഷനുകളും, നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായവുമാണ് പഞ്ചായത്തിൽ ലഭ്യമാക്കിയത്.

റവന്യു വകുപ്പ് വഴി നിലവിൽ ലഭ്യമാകുന്ന പെൻഷനുകളുടെ കണക്ക്.

**പട്ടിക -3**

| | |
|---|---|
| വിധവപെൻഷൻ – | 213 (പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ ലഭിക്കുന്നതല്ല) |
| വികലാംഗർ – | 93 |
| അവശകലാകാരൻ – | 1 |
| ടി. ബി. പെൻഷൻ – | 198 |
| കാൻസർ – | 3 |
| വാർദ്ധക്യകാലപെൻഷൻ – | 39(ഇപ്പോൾ പഞ്ചായത്ത് മുഖേന നൽകുന്നു) |
| കർഷകതൊഴിലാളിപെൻഷൻ– | 346 |
| തൊഴിലില്ലായ്മവേതനം– | 269 |

പല പെൻഷനുകളും അർഹരായവർക്ക് ലഭിക്കാതിരിക്കുകയും അനർഹരായവർക്ക് ലഭിക്കുന്നതുമായ സ്ഥിതിവിശേഷമുണ്ട്. ഈ പ്രശ്നത്തിനു പരിഹാരം കാണേണ്ടതാണ്.

## അംഗനവാടി

പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലായി 14 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ അംഗനവാടികളിൽ കുട്ടികൾ വളരെ കുറവാണ്. നിലവിലുള്ള അംഗനവാടികളിൽ അധികവും പരിമിതമായ സൗകര്യങ്ങളെ ലഭിക്കുന്നുള്ളൂ. (കളിക്കോപ്പുകൾ ഭൗതികസാഹചര്യങ്ങളുടെ അഭാവം) മാതാപിതാക്കളിൽ കണ്ടുവരുന്ന ഇംഗ്ലീഷ് മീഡിയത്തോടുള്ള താല്പര്യമാണ് ഇതിന്റെ കാരണം.

എല്ലാ അംഗനവാടികളിലും മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. പഞ്ചായത്തിൽ 3-ാം വാർഡിലെ അംഗനവാടിക്ക് സ്വന്തമായ കെട്ടിടമില്ല. അംഗനവാടിയുടെ പ്രവർത്തനം കാര്യക്ഷമമാകുന്നതിന് വേണ്ടി പ്രാദേശികതല കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

## പൊതുവിതരണം

പഞ്ചായത്തിൽ ആകെ 10 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നു. 95-96ൽ 3641 റേഷൻ കാർഡുകൾ നിലവിലുണ്ട്. ഒരു മാവേലിസ്റ്റോർ നിലവിലുണ്ട്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാണ്. പൊതുവെ നല്ല രീതിയിൽ റേഷൻ വിതരണം നടക്കുന്ന പഞ്ചായത്താണിത്.

പഞ്ചായത്തിലെ പൊതുവിതരണത്തിന്റെ വിവരണം

പട്ടിക -4

1 2 3 4 5 6 7 8 9 10 11 12 13 14 15 16 17

NE /E/ ആകെ/ മേജർ/ മൈനർ ആകെ(ക്വിന്റൽ) /അരി (ക്വിന്റൽ) /ഗോതമ്പ് / റവ/മൈദ /പഞ്ചസാര/ പാമോലിൻ/ ആകെ/ മണ്ണെണ്ണ(ലിറ്റർ) /പെർമിറ്റുകളുടെ എണ്ണം, /പെർമിറ്റ് വഴിവിതരണം ചെയ്തത്,/കാർഡ് വഴി വിതരണം ചെയ്തത്

91-92 2539 2340 4879 20632 4689 25321 22177 8007 103 432 1059 - - 866 85512 177470

92-93 2579 2360 4939 29680 4985 25665 22517 8200 109 411 1062 - - 839 85300 177890

93-94 2530 2390 4920 20800 4876 25676 22900 7960 98 422 1050 - - 345 85600 177950

94-95 2670 2406 5076 21200 5102 26302 21800 7560 96 345 1024 - - 876 86900 178400

95-96 2142 2881 5023 22648 4508 27156 20704 8189 107 534 1278 905 106303 183217

## നിർദ്ദേശങ്ങൾ

10-ാം വാർഡിലെ അംഗനവാടി ഒരു കുന്നിൻമുകളിലായതിനാൽ വാർഡിലെ മുഴുവൻ കുട്ടികൾക്കും ഇതിന്റ പ്രയോജനം ലഭിക്കുന്നില്ല. കൂടുതൽ കുട്ടികൾക്ക് സൗകര്യപ്പെടുന്നതിനു വേണ്ടി തെങ്ങിലകടവ് ഭാഗത്ത് ഒരു അംഗൻവാടി സ്ഥാപിക്കുന്നത് നന്നായിരിക്കും.

പെൻഷനുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.

IRDP ഗുണഭോക്താക്കളെ കണ്ടെത്താൻ സത്യസന്ധമായ സർവ്വെ നടത്തണം.

പഞ്ചായത്തിൽ ഒരു വൃദ്ധഭവനും ബേബി കെയർഹോം എന്നിവ സ്ഥാപിക്കണം

3-ാം വാർഡിൽ കായലം, നെച്ചിക്കാട്ട് കടവ് എന്നീ ഭാഗങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കണം.

4-ാം വാർഡിൽ തീർത്ഥകുന്നത്ത് ഭാഗത്ത് അംഗനവാടി സ്ഥാപിക്കണം.

പഞ്ചായത്തിന് സ്വന്തമായുള്ള പൊതുശ്മശാനം വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. ഇതിന് ജനങ്ങളെ ബോധവൽക്കരിക്കണം.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെയും കൃഷി നശിപ്പിക്കുന്ന കെട്ടിയിടാത്ത ആടുമാടുകളെയും പിടിക്കാനാവശ്യമായ സംവിധാനം പൊതുജനസഹകരണത്തോടെ നടപ്പിലാക്കണം.

വെള്ളപ്പൊക്ക ഭീഷണിയുള്ള പ്രദേശമായതിനാൽ ഇവിടെ ഒരു പുനരധിവാസ കേന്ദ്രം ആരംഭിക്കണം.

## വനിതാക്ഷേമം

കേരളത്തിലെ ഒട്ടുമുക്കാലും പഞ്ചായത്തുകളിൽ എന്ന പോലെ ഇവിടെയും നിലവിലുള്ള സാമൂഹ്യഗതിയെ മാറ്റിമറിക്കുന്ന രീതിയിലേക്ക് വനിതാപ്രസ്ഥാനങ്ങൾ വളർന്നു വന്നില്ല. ജന്മിത്വത്തിന്റെയും, നാടുവാഴിത്തത്തിന്റെയും പ്രവർത്തനപാന്ഥാവിൽ നിന്ന് മോചനം പ്രാപിക്കുവാൻ പഴയ കാലങ്ങളിലെ സ്ത്രീ സമൂഹത്തിന് കഴിഞ്ഞിരുന്നില്ല. സ്ത്രീ വിമോചനത്തെപ്പറ്റിയും സ്ത്രീ സ്വാതന്ത്ര്യത്തെപ്പറ്റിയും ഈ കാലത്ത് ജനങ്ങൾ ഏറെ മുറവിളി കൂട്ടുന്നുണ്ടെങ്കിലും സ്ത്രീ സ്വാതന്ത്ര്യമില്ലായ്മയും, പിന്നോക്കാവസ്ഥയും ഇപ്പോഴും തുടരുന്നു. ചരിത്രത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് മുന്നേറാൻ വനിതകൾക്ക് ശക്തി പകരേണ്ടത് നമ്മുടെ മൊത്തത്തിലുള്ള കടമയാണ്.

ജന്മിനാടുവാഴിത്ത വാഴ്ചയിൽ ജന്മി കുടുംബങ്ങളിൽ ചില സ്ത്രീകൾക്ക് മാത്രമേ പ്രാഥമിക വിദ്യാഭ്യാസം പോലും നേടാനുള്ള അവകാശം ഉണ്ടായിരുന്നുള്ളൂ. ജന്മികുടുംബാംഗങ്ങൾക്കു വേണ്ടി മാത്രമായിരുന്നു. അന്ന് സ്കൂളുകളും, കുടി

പ്പള്ളികൂടങ്ങളും ഏകദേശം 12ഓളം നായർ, നമ്പൂതിരി കുടുംബങ്ങളുടെ അധികാരപരിധിയിൽപെട്ട സ്ഥലമായിരുന്നു ഈ പഞ്ചായത്ത്. ഈ സവിശേഷത ഇതര വിഭാഗം സ്ത്രീകളെ വിദ്യാഭ്യാസത്തിൽനിന്ന് ഒഴിച്ചു നിർത്തി. ചെറുപ്രായത്തിലുള്ള വിവാഹബന്ധവും, വീടുകളിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള കുടുംബ ജീവിതവും വിദ്യ നേടുന്നതിന് സടസ്സമായിരുന്നു.

ഭൂമിശാസ്ത്രപരമായ ഈ പഞ്ചായത്തിന്റെ പ്രത്യേകതകൾ വിദ്യാഭ്യാസത്തെ ബാധിച്ചിട്ടുണ്ട്. 1996ലെ സാമൂഹിക സാമ്പത്തിക സർവ്വെ പ്രകാരം സ്ത്രീകളുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 12045ഉം പുരുഷന്മാരുടെത് 11726ഉം ആണ്. 91ലെ അണക്കനുസരിച്ച് പുരുഷന്മാർ കൂടുതലായിരുന്നെങ്കിലും 1996ൽ 319 സ്ത്രീകൾ കൂടുതലാണ്.

തൊഴിൽ രംഗത്ത് പ്രധാനമായും കാർഷികമേഖലയിൽ സ്ത്രീകൾക്ക് പണ്ടുണ്ടായിരുന്ന പങ്കാളിത്തം ക്രമേണ കുറയുകയും ഈ കാലഘട്ടമായപ്പോഴേക്കും സാങ്കേതികവും സേവനപരമായ മേഖലകളിലേക്ക് സ്ത്രീകൾ കൂടുതൽ കടന്നു വരുകയും, ഇതര മേഖലകളിലേക്ക്കൂടി അവരുടെ സാന്നിദ്ധ്യം വർദ്ധിക്കുകയും ചെയ്തു. പഞ്ചായത്തിലെ ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഒരു പഠനം സൂചിപ്പിക്കുന്നത് നിലവിലുള്ള പഠിതാക്കളിൽ 90% പെൺ കുട്ടികളാണ് എന്താണ് ഇതിന് കാരണം പത്താം ക്ലാസ് കഴിഞ്ഞാൽ വെറുതെയിരിക്കുന്ന കുട്ടികളും ഉപരിപഠനം നടത്തുന്നവരും ടൈപ്പ്റൈറ്റിങ് എന്ന ടെക്നിക്കൽ രംഗത്തേക്കാണ് കൂടുതലായി ശ്രദ്ധ പതിപ്പിക്കുന്നത്. തൊഴിലില്ലായ്മ രൂക്ഷമായ ഈ കാലഘട്ടത്തിൽ ഒരു തൊഴിലിനെക്കുറിച്ചുള്ള പ്രതീക്ഷയാവാം ഇത്.

പണ്ടുകാലത്ത് സാമൂഹികമായ വിലക്കുകളായിരുന്നു സ്ത്രീകളെ പൊതുരംഗങ്ങളിലേക്ക് കടന്നുവരുന്നതിൽനിന്ന് അകറ്റിയിരുന്നതെങ്കിൽ ഇന്ന് ആ സ്ഥിതി മാറിയിരിക്കുന്നു. എന്നിരുന്നാലും ടി. വി. തുടങ്ങിയവയുടെ മാസ്മര സ്വാധീനത്തിൽ സ്ത്രീകൾ തളക്കപ്പെടുന്നുണ്ട്. വായനാശീലത്തെയും, കൂട്ടായ്മയെയും മേൽപറഞ്ഞ പ്രവണത തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് ലൈബ്രറിയിൽ സ്ത്രീകളുടെ അംഗത്വം വളരെ ശോചനീയാവസ്ഥയിലാണ്.

പ്രാഥമിക വിദ്യാഭ്യാസം കിട്ടാത്ത പെൺകുട്ടികൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം. പഠനത്തിലും പെൺകുട്ടികളാണ് മുന്നിട്ടുനിൽക്കുന്നത്.

ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്വന്തമായുള്ള തന്റെ അറിവും കഴിവും പ്രകടിപ്പിക്കാനുള്ള സന്നദ്ധത സ്ത്രീകളിൽ പൂർണ്ണമായില്ലെങ്കിലും ചില മേഖലകളിൽ ഈ പഞ്ചായത്തിൽ സ്ത്രീകളുടേതായ മുൻകയ്യോടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കണ്ണിപറമ്പിലെ 'കുടനിർമ്മാണ സ്ഥാപനം പതിനേഴോളം സ്ത്രീകളുടെ മേൽനോട്ടത്തിൽ നടക്കുന്നു. മാവൂർ ടൗണിൽതന്നെയുള്ള ഒരു എംബ്രോയ്ഡറി സ്ഥാപനവും ഒരു ടൈലറിംഗ് സ്ഥാപനവും സ്ത്രീകൾ നടത്തുന്നു. മഹിളാ സമാജങ്ങളുടെ കീഴിൽ കണിയാത്തും, ഗ്രാസിം കോളനിയിലും, ഓരോ വൃക്ഷത്തൈ ഉൽപാദന യൂണിറ്റുകളും കണ്ണിപറമ്പിൽ പാൽ മിഠായി യൂണിറ്റും ചെറൂപ്പയിൽ തുല്യത എന്ന സോപ്പ് നിർമ്മാണ യൂണിറ്റും സജീവമായി പ്രവർത്തിക്കുന്നു.

ഭരണരംഗത്തും രാഷ്ട്രീയരംഗത്തും സ്ത്രീപങ്കാളിത്വം നേതൃത്വപരമായ രീതിയിൽ ഈ പഞ്ചായത്തിൽ വളർന്നു വരുന്നുണ്ട്. പത്തോളം മഹിളാ സമാജങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സമാജങ്ങൾ എണ്ണത്തിൽ കുറവാണ്.

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ ഇല്ല എന്നുതന്നെ പറയാം. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്തതിൽ സാക്ഷരതാപ്രവർത്തനം വളരെയേറെ സഹായിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനത്തിൽ യുവതികളുടെ പങ്ക് നിസ്സീമമായിരുന്നു.

## സ്ത്രീകൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും

സമൂഹത്തിൽ ഇന്ന് നിലവിലുള്ള അധികാര അവകാശങ്ങളെപറ്റിയും ഉത്തരവാദിത്വത്തെപ്പറ്റിയും വ്യക്തമായ ബോധമില്ലായ്മ കാഴ്ചപ്പാട് ഇല്ലായ്മ വിവാഹത്തിനുശേഷം കുടുംബപരമായി ഒരുങ്ങിക്കഴിയുക എന്ന മനോഭാവം എന്നിവയാണ് പുരോഗതിക്ക് വിഘാതമായി നിൽക്കുന്നത്.

സ്ത്രീകൾക്ക് നേരെ ദിനംപ്രതിയുള്ള കടന്നാക്രമണത്തെപ്പറ്റിയുള്ള റിപ്പോർട്ടുകൾ ഇവരെ പൊതുവേദിയിലേക്കുള്ള വരവിനെ കാര്യമായി ബാധിക്കുന്നു.

സമൂഹത്തിൽ വ്യാപിച്ചു വരുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യഫലങ്ങൾ പലപ്പോഴും സ്ത്രീകളാണ് അനുഭവിക്കേണ്ടിവരുന്നത്.

## സാദ്ധ്യതകൾ:-

1 കാർഷിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി തോട്ടങ്ങൾ, കോഴിവളർത്തൽ, ആടുവളർത്തൽ, പശുവളർത്തൽ എന്നിവ ഏർപ്പെടുത്തുന്നതിനു സാമ്പത്തിക സഹായം ലഭ്യമാക്കുക.

2 സത്രീകളുടെ കൂട്ടായ്മയോടുകൂടി റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാർ നിർമ്മാണം എന്നിവയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാണ്. വിപണന സൗകര്യം ഏർപ്പെടുത്തുക.

3 സ്ത്രീകളുടെ സാങ്കേതികമായ കഴിവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഒരു വനിതാ ഐ. ടി. ഐ. ഗ്രാസിം ഫാക്ടറിയുടെ സഹായത്തോടെ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥാപിക്കണം.

4 9-ാം വാർഡിൽ വനിതാ സഹകരണ ഹോട്ടലിന് സാദ്ധ്യതയും ഏറ്റെടുക്കാൻ താല്പര്യമുള്ള വരുമുണ്ട്. അവിടെ അത് തുടങ്ങാൻ സഹായിക്കുക.

5 സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിക്കുന്ന അശ്ലീല പോസ്റ്ററുകൾ കർശനമായി നിയന്ത്രിക്കുക. ഇത് പരിശോധിക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുക.

6 ഈ പഞ്ചായത്തിൽനിന്നും 95% പെൺകുട്ടികളും ഉപരിപഠനത്തിനായി ആശ്രയിക്കുന്നത് 20 കി. മി. ദൂരമുള്ള കോഴിക്കോട് സിറ്റിയിലെ വിവിധ കോളേജുകളെയാണ്. ഇതിന് പരിഹാരം കാണാൻ മാവൂരിൽ ഒരു വനിതാ കോളേജ് സ്ഥാപിക്കണം.

7 ഗ്രാസിമിൽനിന്നും സോഡിയം സൾഫേറ്റ്, ഉപയോഗുച്ചു ഒരു ഡിറ്റർജന്റ് നിർമ്മാണയൂണിറ്റ് ആരംഭിക്കുന്നത് 6-ാം വാർഡിൽ യു. പി. സ്കൂളിനു സമീപമുള്ള പഞ്ചായത്തു വക പുറംപോക്ക് ഭൂമി ഉപയോഗപ്പെടുത്തുക.

8 സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുക

9 സ്ത്രീ നിയന്ത്രണത്തിലുള്ള വീടുകളിൽ അടിസ്ഥാന സൗകര്യങ്ങളും, ജീവിക്കാനാവശ്യമായ വരുമാനമാർഗ്ഗവും ഏർപ്പെടുത്തുക.

10 പഞ്ചായത്തിലെ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഒരു തീപ്പെട്ടിക്കമ്പനി യൂണിറ്റ് തുടങ്ങാം.

നിലവിൽ മുടങ്ങിക്കിടക്കുന്ന വനിതാ വ്യവസായയൂണിറ്റുകളെ പുനരുദ്ദീകരിക്കാൻ ആവശ്യമായ ഉപദേഷവും സഹായവും നൽകുക.

12 എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് അവസരസമത്വം സൃഷ്ടിക്കുകയും തുല്യ ജോലിക്ക് തുല്യവേതനം നൽകുകയും ചെയ്യുക.

13 സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കും, ആരോഗ്യ സംരക്ഷണത്തിന് വേണ്ടിയും ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അംഗൻവാടികൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുകയും അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യുക.

# സംസ്കാരം

**ഭൂ**മിശാസ്ത്രപരമായ പ്രത്യേകതകളാൽ വലിയ ഒരു സംസ്കാരിക പൈതൃകം അവകാശപ്പെടാൻ ഇല്ലാത്ത അവസ്ഥയായിരുന്നു ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നത്. എന്നാൽ ക്രമേണ 20-ാം നൂറ്റാണ്ടിന്റെ ആരഭത്തിൽ പാലക്കാട്ടുകാരായ ദാമോദരൻ നായർ വാസുദേവൻ നായർ തുടങ്ങിയ നാടകശാൻമാർ ഇവിടെ വരികയും അന്ന് ഈ പ്രദേശത്തുണ്ടായിരുന്ന ഭൂരിപക്ഷം നായർ തറവാടുകളിലെ ചെറുപ്പക്കാരെ സംഗീതവും നാകാഭിനയവും പഠിപ്പിക്കുകയും പരിപാടികൾ വലിയ തറവാടുകളിൽ മാത്രം അവതരിപ്പിക്കുകയും ചെയ്തിരുന്നു.

ഇവിടെ ഇവരെ സജീവമായി വയോജന വിദ്യാഭ്യാസരംഗത്ത് മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതുപോലെ പട്ടികജാതിക്കാരെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരുന്നതിനും അവർക്ക് ക്ഷേത്രങ്ങളിൽ ആരാധന നടത്തുന്നതിനുള്ള അവകാശത്തിനുവേണ്ടിയും പല ആളുകളും പ്രവർത്തിച്ചിരുന്നു. ഈ പ്രദേശത്തെ ആദ്യത്തെ പൊതു വായന ശാല പഞ്ചായത്തിന്റെ വകയായി തുടങ്ങിയ പൊതുവായന ശാലയാണ്.

ഇപ്പോൾ ഈ വായനശാലയിൽ ആകെ 405 മെമ്പർമാർ ഉണ്ട്. ഇതിൽ പുരുഷന്മാർ 339 ഉം സ്ത്രീകൾ 66 ഉം ആണ്. ഇവിടെ ആകെ 6978 പുസ്തകങ്ങൾ ഉണ്ട്. ആകെ ഇതിന് ചെലവായത് 91137 രൂപയാണ്.

പല സാംസ്കരിക സമിതികളും ഇടക്കാലത്ത് സാമൂഹിക രംഗങ്ങളിൽ സജീവമായിരുന്നെങ്കിലും അവയിൽ പലതും പല കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോവുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈയടുത്ത കാലത്തായി ക്ലബ്ബുകളുടേയും മറ്റു സന്നദ്ധ സംഘടനകളുടേയും പ്രവർത്തനം സജീവമായി വരുന്നുണ്ട്. ഇവയിൽ നാടക രംഗം, കായികരംഗം, കലാരംഗം മറ്റു സാമൂഹിക സേവന രംഗങ്ങൾ ഇവയിലൊക്കെ മികച്ച സംഭാവനകൾ നൽകിയ സംഘടനകളും കുറവല്ല.

ഏകദേശം 30 കൊല്ലം മുമ്പ് മാവൂർ പ്രദേശത്തെ യുവജനങ്ങൾ ചേർന്ന് രൂപം കൊടുത്ത ജവഹർ സ്പോർട്സ് & ആർട്സ് ക്ലബ്ബ് ഇന്ന് വിവിധരംഗങ്ങളിൽ വളർന്ന് പന്തലിച്ച് നിൽക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മാവൂരിലെ തെരഞ്ഞെടുത്ത് വിദ്യാർത്ഥികളെ ദത്തെടുക്കുകയും വർഷംതോറും ജില്ലാ തലത്തിൽ ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന ക്ലബ്ബുകളില്ലെന്നാണിത്. മാവൂർ നവധാര തീയേറ്റേഴ്സ് കലാരംഗത്ത്, പ്രത്യേകിച്ച് നാടക രംഗത്ത് പ്രഗത്ഭരായ കലാകാരന്മാരെ വളർത്തിയെടുത്ത ഒരു സ്ഥാപനമാണ്. നവധാരയുടെ സാമൂഹ്യപുരോഗതി ലക്ഷ്യമാക്കിയുള്ള സ്റ്റേജ് നാടകങ്ങൾ, തെരുവ് നാടകങ്ങൾ എന്നിവ കേരളത്തിനകത്തും പുറത്തും പ്രശക്തമായവയാണ്. സംസ്ഥാന തല നാടക മത്സരങ്ങളിൽ എത്രയോ തവണ ഒന്നാംസ്ഥാനത്തിനർഹമായ നാടകങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്.

സ്വന്തമായി സംഗീത വാദ്യോപകരണങ്ങളുള്ളതും കുട്ടികളിൽ സംഗീതഭാവി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിശീലനം നൽകാറുള്ള സാംസ്കാരിക സംഘടനകളിലൊന്നാണ് ``ധ്വനി മാവൂർ''. യുവജന മേളയോടനുബന്ധിച്ചുള്ള സംസ്ഥാന തല നാടക മത്സരങ്ങളിൽ പങ്കെടുക്കുകയും, സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. ചിത്രകലയിൽ ചെറിയ കുട്ടികളുടെ കലാവാസന വളർത്തിക്കൊണ്ടുവരിക, എന്നുള്ള ലക്ഷ്യംവെച്ച് എല്ലാ വർഷവും ജില്ലാതലത്തിൽ ചിത്രരചനാ മത്സരം സംഘടിപ്പിക്കുന്ന സംഘടനയാണ് ``ആവാസ് മാവൂർ''. കണ്ണിപറമ്പ് ഭാഗത്ത് പ്രവർത്തിച്ചുവരുന്ന ക്ലബ്ബായ "ഉദയഗാഥ" ഓണക്കാലത്ത് കമ്പവലി മത്സരം നടത്താറുണ്ട്. എല്ലാ വർഷവും ഫുട്ബോൾ മേളകൾ നടത്തി കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ച ക്ലബ്ബാണ് `നവരംഗ് താത്തൂർ'. ബ്ലോക്ക് തലത്തിൽ കേരളോത്സവത്തിൽ വോളിബോൾ രംഗത്ത് തനതായ ശൈലി വാർത്തെടുത്തുകൊണ്ട് ജില്ലാതലമത്സങ്ങളിൽ പങ്കെടുത്ത ക്ലബ്ബാണ് `ഫ്രണ്ട്സ് തെങ്ങിലക്കടവ്'.

ഏകദേശം ഇരുപത്തി ഒമ്പതോളം രജിസ്റ്റർ ചെയ്ത ക്ലബ്ബുകളും മറ്റു സാംസ്കാരിക സംഘടകളും പ്രവർത്തുക്കുന്ന പഞ്ചായത്താണിത്. പഞ്ചായത്തിന്റെ കീഴിലുള്ള സാംസ്കാരി നിലയം പ്രവർത്തിക്കുന്നത് മാവൂരിലാണ്. ഇതിൽ കേരള

ത്തിലെ തന്നെ ഏറ്റവും കൂടുതൽ പുസ്തക ശേഖരമുള്ള ഒരു ഗ്രന്ഥാലയം നിലവിലുണ്ട്. സാംസ്കാരിക നിലയത്തിൽ വായന ശാലയും ടി. വിയും പ്രവർത്തിക്കുന്നുണ്ട്. ഒരു മുഴുവൻ സമ.യ ലൈബ്രേറിയൻ ഇവിടെ ജോലി ചെയ്യുന്നു. ഭരണ സമിതിയുടെ ഒരു സബ് കമ്മറ്റിയുടെ മേൽനോട്ടത്തിലാണ് സാംസ്താരിക നിലയത്തിന്റെ പ്രവർത്തനം.

കായിക പ്രതിഭകളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യംവെച്ച് കേരളാ ഗവൺമെന്റും കേരളാ സ്പോർട്സ് കൗൺസിലും മാവൂർ പഞ്ചായത്തും സംയുക്തമായ ഓപറേഷൻ ഒളിമ്പിയയിലൂടെ 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിശീലനം നടത്തുകയും ഇതിൽ പങ്കെടുത്ത കുട്ടികളിൽ ചിലർ കായിക മത്സരങ്ങളിൽ അഭിമാനപൂർവ്വമായ വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. മാസ്റ്റർ അജേഷ് എന്ന കുട്ടി സ്കൂൾ കായികമേളയിൽ സംസ്ഥാന തലത്തിലും ദേശീയ തലത്തിലും നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. ഈ സ്കീമിൽപെട്ട വേറെയും കുട്ടികൾ സംസ്ഥാന മീറ്റിൽ പങ്കെടുത്തിട്ടുണ്ട്. പൂന ദേശീയ ഗെയിംസിൽ 1992-ൽ നടന്ന അത്‌ലറ്റിക് മീറ്റിൽ 100 മീറ്റർ മത്സരത്തിൽ പങ്കെടുത്ത് വെള്ളിമെഡൽ നേടുകയും ചെയ്ത വി. വി. വിനോദ് കായിക രംഗത്ത് മാവൂരിൽ നിന്നും വളർന്നുവന്ന ഒരു ദേശീയ പ്രതിഭയാണ്. മറ്റു പല രംഗങ്ങളിലും സംസ്ഥാന തലത്തിൽ തനതായ സംഭാവനകൾ നൽകിയ നിരവധിപേർ ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തുകളിൽ കലാ-സാംസ്കാരിക, കായിക രംഗത്തുള്ളവരെ മത്സരാടിസ്ഥാനത്തിൽ ഉയർത്തിക്കൊണ്ടു വരുന്നതിന് ഗവൺമെന്റ് ആവിശ്കരിച്ച ``കേരളോത്സവം'' പഞ്ചായത്തിലും നല്ല രീതിയിൽ നടത്താറുണ്ട്. 1990-91ൽ കോട്ടയത്തു വെച്ച് നടന്ന സംസ്ഥാന തല യുവജനമേളയിൽ ഈ പഞ്ചായത്തിലെ കലാകാരന്മാർ നാടകമത്സരത്തിൽ പങ്കെടുക്കുകയും രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. സർക്കാർ നിർദ്ദേശമനുസരിച്ച് യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ഓണോത്സവം സംഘടിപ്പിച്ചുട്ടുണ്ട്.

## സാക്ഷരത

നിരക്ഷരരെ സാക്ഷരരാക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് സർക്കാർ ആവിഷ്കരിച്ച സാക്ഷരതാ യജ്ഞം ബഹുജന പങ്കാളിത്തത്തോടെ നടത്തിവരുന്നു. ഈ രംഗത്ത് അഭൂതപൂർവ്വമായ മുന്നേറ്റം നടത്താൻ ഇവിടെ കഴിഞ്ഞിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനത്തിൽ 100 ശതമാനം സാക്ഷരത കൈവരിച്ച പഞ്ചായത്തായി കുന്നമംഗലം പ്രോജക്ടിൽ ആദ്യം പ്രഖ്യാപിച്ചത് നമ്മുടെ പഞ്ചായത്തായിരുന്നു. ഈ പഞ്ചായത്തിൽ 561 പേർ ഇതുമൂലം സാക്ഷരരായി. പട്ടികജാതി വർഗ്ഗത്തിൽപെട്ട 213 പേർക്ക് അക്ഷരജ്ഞാനം നേടുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

കേരളാ ഗവൺമെണ്ടിന്റെ ഏഴിന പരിപാടിയനുസരിച്ച് പതിനൊന്ന് ലക്ഷത്തളം രൂപ ചെലവഴിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നു. ഈ സ്ഥാപനത്തിലേക്ക് ഗ്രാസിം കമ്പനിയുടെ വക 600 കസേരകളും കർട്ടൻ തുടങ്ങിയവയും സംഭാവനയായി ലഭിച്ചിട്ടുണ്ട്.

കായിക വികസനത്തിന്റെ ഭാഗമായി ചെറൂപ്പയിൽ കളിസ്ഥലം ഉണ്ടാക്കുന്നതിനുവേണ്ടി 72 സെന്റ് സ്ഥലം 25,200 രൂപക്ക് വിലക്കുവാങ്ങി ഗ്രൗണ്ട് നിർമ്മിച്ചു. പഞ്ചായത്ത് ഫണ്ടും ജെ. ആർ. വൈ. ഫണ്ടും ഉപയോഗിച്ച് സൈഡ് കെട്ടി മണ്ണിട്ടു നികത്തുകയും ആയതിന് 260000 രൂപയോളം ചെലവാക്കുകയും ചെയ്തു. വ്യവസായ കേന്ദ്രമായ മാവൂരിൽ കമ്പനിയിലെ തൊഴിലാളികളുടെ കലാകായിക രംഗത്തുള്ള വളർച്ചക്കുവേണ്ടി റിക്രിയേഷൻ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ വിവിധ ഭാഗങ്ങളിലായി പതിനെട്ടോളം പഞ്ചായത്ത് വക വായനശാലകൾ പ്രവർത്തിക്കുന്നു. ഇതിൽ ശരാശരി മൂന്നു പത്രങ്ങൾ വീതം ലഭ്യമാണ്. പഞ്ചായത്തു ലൈബ്രറി കൂടാതെ മൂന്നു ലൈബ്രറികൾ ഇവിടെയുണ്ട്. ലൈബ്രറി ആവശ്യത്തിലേക്ക് 95-96ൽ പഞ്ചായത്തു ഫണ്ടിൽ നിന്ന് 56,953 രൂപ ചെലവഴിച്ചു.

സിനിമാ രംഗത്തും ടെലിഫിലിം രംഗത്തും പ്രവർത്തിക്കുന്ന സംവിധായകരും അഭിനേതാക്കളും ഉൾപ്പെടുന്ന കുറേയേറെ കലാകാരന്മാർ ഈ പഞ്ചായത്തിലുണ്ട്.

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ

നിന്നുള്ള ആളുകൾ ഇഴുകിച്ചേർന്നു തനതായ സംസ്കാരം നിലനിർത്തിക്കൊണ്ട് മറ്റു ജനവിഭാഗങ്ങളുമായി ഐക്യത്തോടുകൂടി താമസിക്കുന്ന ചുരുക്കം ചില പ്രദേശങ്ങളിൽ ഒന്നാണിത്. കലാരംഗത്ത് അവരുടേയും കലാപരിപാടികൾ അവതരിപ്പിക്കാറുണ്ട്.

കലാ-സാംസ്കാരിക രംഗങ്ങളിൽ കൂടുതൽ നേട്ടമുണ്ടാക്കുന്നതിന് പഞ്ചായത്തിൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1) കായിക രംഗത്ത് പ്രതിഭകളെ വാർത്തെടുക്കുന്നതിന് നിർത്തിവെച്ച ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പുനരാരംഭിക്കുക, പഞ്ചായത്തിന്റെ ഗ്രൗണ്ട് ഉപയോഗപ്രദമായ രീതിയിൽ റിപ്പയർ ചെയ്യുക, ഇന്ന് ഗ്രാസിം കമ്പനിയുടെ കൈവശമുള്ള പി. എച്ച്. ഇ. ഡി ഗ്രൗണ്ട് വിട്ടുകിട്ടുന്നതിനാവശ്യമായ നടപടികൾസ്വീകരിക്കുകയും ചെയ്യുക.

2) പഞ്ചായത്ത് നേരിട്ട് നടത്തുന്ന വായനശാലകൾക്ക് അതാതു സ്ഥലങ്ങളിൽ സ്വന്തമായ കെട്ടിടസൗകര്യം ഉണ്ടാക്കുകയും ശാസ്ത്ര മാസിക, കരിയർ, തൊഴിൽ വാർത്ത തുടങ്ങയവ കൂടി ലഭ്യമാക്കുക, എല്ലാ വാർഡുകളിലുമുള്ള ടി. വി റിപ്പയർ ചെയ്ത് സൗകര്യപ്രദമായ സ്ഥലത്ത് മാറ്റിസ്ഥാപിക്കുകയും ചെയ്യുക.

3) ലക്ഷക്കണക്കിന് രൂപ മുടക്കി നിർമ്മിച്ചിട്ടുള്ള കമ്മ്യൂണിറ്റി ഹാൾ വേണ്ടരീതിയിൽ ഉപയോഗപ്പെടാതെ കിടക്കുന്നതിനാൽ അടിയന്തിരമായി 'എക്കോപ്രൂഫ്' നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

4) പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് കൽപ്പള്ളിയിലുള്ള P. W. D പുറംപോക്ക് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5) പഞ്ചായത്തിൽ സജിവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായവും ആവശ്യമായ ഉപകരണങ്ങളും നൽകുക.

6) പഞ്ചായത്ത് ഓഫീസിന് മുൻവശമുള്ള സ്ഥലം പൂന്തോട്ടമാക്കി ടി. വി കാണുന്നവർക്ക് ഇരിക്കുവാൻ സിമന്റ് ബെഞ്ച് നിർമ്മിക്കുക.

7) പാരമ്പര്യ കലകൾ പോഷിപ്പിക്കുന്നതിന് കേരളോത്സവം പോലുള്ള പരിരാടികൾ നടത്തുമ്പോൾ അവസരം നൽകുക.

8) വിവിധ വിഷയങ്ങളെ അധികരിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക.

9) മൂന്നാം വാർഡിൽ നൊച്ചിക്കാട്ട് കടവിൽ സൗജന്യമായി പിച്ചങ്ങോട്ട് ദാമോദരൻ നായർ നൽകാമെന്നേറ്റ സ്ഥലത്ത് പൊതുജന പങ്കാളിത്തത്തോടുകൂടി വായനശാല കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

10) റഗുലേറ്റർ കം ബ്രിഡ്ജിന്റെ പരിസര പ്രദേശം ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിനാവശ്യമായ നടപടി പഞ്ചായത്ത് സ്വീകരിക്കുക.

11) വഴി തെറ്റിപ്പോകുന്ന യുവതീയുവാക്കളെ നേർവഴിക്ക് കൊണ്ടുവരുന്നതിന് മദ്യം മയക്കുമരുന്ന് ഇവയ്ക്കെതിരെ അവരെ ബോധവാൻമാരാക്കുന്നതിന് വേണ്ടി പഞ്ചായത്ത് നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

12) രണ്ടാം വാർഡിൽ വായനശാല, അംഗൻവാടി എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം വളയങ്കോട്ട് മുഹമ്മദ് നൽകുന്നതാണ്. അവിടെ അത് നിർമ്മിക്കുക.

കലാ സാംസ്കാരിക രംഗങ്ങളിൽ ബഹുജന പങ്കാളിത്തത്തോട്കൂടി ഒരു മുന്നേറ്റം അനിവാര്യമാക്കി പുതു തലമുറയെ വാർത്തെടുക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം.

## പഞ്ചായത്തിൽ നിലവിലുള്ള രജിസ്ട്രേഡ് ക്ലബ്ബുകൾ

1. ജവഹർ മാവൂർ, പാറമ്മൽ.
2. നവധാര തീയറ്റേഴ്സ്- മാവൂർ.
3. ധ്വനി- മാവൂർ
4. ആവാസ്- മാവൂർ.
5. നവരംഗ്- താത്തൂർ.
6. നവഭാവന- കണ്ണിപ്പറമ്പ്.
7. സിഗ്സാഗ്- കൽപ്പള്ളി.
8. ഉദയഗാഥ- കണ്ണിപ്പറമ്പ്.
9. പുഞ്ചിരി- ചെറൂപ്പ.
10 സമത- അടുവാട്.
11. സരിഗ കലാവേധി- കായലം.
12. തുഷാര- അടുവാട്
13. ഫ്രണ്ട്സ്- തെങ്ങിലക്കടവ്.
14. തിറയാട്ട കലാസമിതി- കണ്ണിപ്പരമ്പ.
15. ജി. ആർ. വർക്ക്മെൻ റിക്രിയേഷൻ ക്ലബ്ബ്- മാവൂർ.
16. ജി. ആർ. സ്റ്റാഫ് ക്ലബ്ബ്- മാവൂർ
17. എംപ്ലോയീസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് - മാവൂർ.
18 ഡയമണ്ട് - കച്ചേരിക്കുന്ന്.
19. യൂക്കോ ബാങ്ക് സ്റ്റാഫ് ക്ലബ്ബ് - മാവൂർ
20. റെഡ്സ്റ്റാർ - കണ്ണിപ്പറമ്പ്.

21. റോയൽ - മാവൂർ.
22. നവശക്തി - വളയന്നൂലർ.
23. ബ്രദേഴ്സ് - വില്ലേരിത്താഴം.
24. സഹൃദയ - കൈത്തൂട്ടിമുറ്റ്.
25. ഡൈനാമിക് - മാവൂർ.
26. നവോദയ - കണ്ണിപ്പറമ്പ്.
27. നവരംഗ് - മാവൂർ.
28. എം. ആർ. സി. എ - മാവൂർ.
29. നവോദയ - വില്ലേരിത്താഴം.

# സഹകരണ മേഖല

"ഓരോരുത്തരും എല്ലാവർക്കും
എല്ലാവരും ഓരോരുത്തർക്കും"

1904ലെ കോഓപ്പറേറ്റീവ് ആക്ട് അനുസരിച്ച് ചെറൂപ്പ ആസ്ഥാനമായി രൂപീകരിച്ച പി. സി. സി സൊസൈറ്റിയാണ് പഞ്ചായത്തിലെ ആദ്യ സഹകരണ സംഘം. പരേതനായ പൊക്കുണ്ടാരി അപ്പു നായർ, കൊളങ്ങോലത്ത് കുഞ്ഞൻ മായർ, കെ. സി. ബാലകൃഷ്ണൻ നായർ തുടങ്ങിയവരായിരുന്നു ഇതിന്റെ ആദ്യകാല സംഘാടകർ. ഇന്നത്തെ മാവൂർ പഞ്ചായത്ത് മുഴുവനും, പെരുവയൽ പഞ്ചായത്തിലെ പെരുവയൽ, കായലം, പെരുമണ്ണ പ്രദേശങ്ങളും ഇതിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിരുന്നു.

മാവൂർ പഞ്ചയത്ത് മാത്രം പ്രവർത്തന പരിധിയായിക്കൊണ്ട് 1959ൽ ഇത് ചെറൂപ്പ സർവ്വീസ് സഹകരണ ബാങ്കായും പിന്നീട് മാവൂർ സർവ്വീസ് സഹകരണ ബാങ്കായും രൂപാന്തരപ്പെട്ടു.

8670 മെമ്പർമാരുള്ള മാവൂർ സർവ്വീസ്സഹകരണ ബാങ്ക് മാവൂരിലെ മുഴുവൻ ജനങ്ങൾക്കും കാർഷിക കാർഷികേതര, വ്യാവസായികാവശ്യങ്ങൾക്കുവേണ്ട വായ്പ നൽകാൻ കഴിയുന്ന സ്ഥാപനമാണ്. ഇതിനു പുറമെ പട്ടിക ജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി രൂപീകൃതമായ മാവൂർ പെരുവയൽ പഞ്ചായത്ത് പരിധിയായുള്ള മാവൂർ പെരുവയൽ പഞ്ചായത്ത് പട്ടിക ജാതി മൾട്ടി പർപ്പസ് സൊസൈറ്റിയുടെ ആസ്ഥാനവുമാണ്. ഈ സംഘവും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഗ്രാസിം ജീവനക്കാരുടെ ജി. ആർ. ഇ. എം. പി. സി. സി. എസ് മാത്രമാണ് കൺസ്യൂമർ മേഖലയിൽ പ്രവർത്തിക്കുന്ന സംഘം. അതിനുപുറമെ കണ്ണിപ്പറമ്പിൽ ഒരു കൺസ്യൂമർ സ്റ്റോർ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇതു വരെ പ്രവർത്തനമാരംഭിച്ചിട്ടില്ല.

മാവൂർ ക്ഷീരോൽപാദക സഹകരണ സഹകരണ സംഘവും കറവ കൃഷിക്കാരും ഈ മേഖലയിൽ നന്നായി പ്രവർത്തിക്കുന്നു. കോഴിക്കോട് താലൂക്ക് ഹോട്ടൽ സഹകരണ സംഘം, എണ്ണയാട്ടു സഹകരണസംഘം എന്നിവ മാവൂരിൽ രജിസ്റ്റർ ചെയ്യപ്പെട്ടതാണെങ്കിലും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. രണ്ട് സ്കൂൾ സഹകരണസംഘങ്ങൾ കുട്ടികൾക്ക് പുസ്തകവിതരണം മാത്രം നടത്തുന്നു.

## 1) മാവൂർ സർവ്വീസ് സഹകരണ ബേങ്ക്

കോഴിക്കോട് ജില്ലയിലെതന്നെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകരണ ബോങ്കുകളിൽ ഒന്നാണിത്. 8670 അംഗങ്ങളിൽനിന്നും സമാഹരിച്ച 1492600 രൂപ ഓഹരി മൂലധനവും 382500 രൂപ സർക്കാർ ഓഹരിമൂലധനവുമുള്ള ഈ സംഘത്തിൽ പൊതുജനങ്ങളിൽനിന്ന് സമാഹരിച്ച നിക്ഷേപം 4,32,66,000 രൂപയുമാണ്.

കാർഷിക വായ്പകൾ, ചെറുകിട ജലസേചനം, തെങ്ങുകൃഷി പുരുദ്ധാരണം, കറവമാടുകൾ കാർഷികേതര വായ്പകൾ, സ്വർണപണയം, വാഹനങ്ങൾ വാങ്ങാൻ, വ്യവസാങ്ങൾ, വിവാഹം, ഹയർ പർച്ചേർസ് തുടങ്ങി ഒട്ടേറെ വൈവിധ്യമുള്ള വായ്പകൾ നൽകിവരുന്നു. പട്ടിക 1 കാണുക.

പട്ടിക 1 9196 ബേങ്കിൽനിന്നു കൊടുത്ത കടം

| | ഹ്രസ്വകാല വായ്പ | | മദ്ധ്യകാല വായ്പ | | ദീർഘകാല വായ്പ | |
|---|---|---|---|---|---|---|
| | എണ്ണം | സംഖ്യ | എണ്ണം | സംഖ്യ | എണ്ണം | |
| 91 | 5860 | 1,16,76674 | 231 | 1663976 | 32 | 239793 |
| 92 | 6160 | 1,78,27619 | 160 | 512565 | – | – |
| 93 | 6376 | 2,57,11946 | 24 | 75238 | 5 | 245042 |
| 94 | 5968 | 3,15,6325 | 585 | 4221634 | 24 | 208819 |
| 95 | 6769 | 4,79,50955 | 16 | 286206 | 25 | 286940 |
| 96 | 6210 | 60184200 | 93 | 625000 | 57 | 800400 |

ഇതിനു പുറമെ രണ്ട് സഹകരണ മാവേലി സ്റ്റോറുകൾ ബേങ്കിനു കീഴിൽ പ്രവർത്തിക്കുന്നു. മാവൂരിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബേങ്കിന് ചെറൂപ്പയിൽ ഒരു ശാഖയും ആകെ 18 ജീവനക്കാരുമുണ്ട്.

## പട്ടികജാതി സഹകരണ സംഘം

കേരളത്തിലെ നല്ല നിലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങളിൽ ഒന്നാണിത്. കൃഷിക്കാർക്ക് കുറഞ്ഞ നിരക്കിൽ ജോലി നിർവ്വഹിച്ചു കൊടുക്കാനാവശ്യമായ പവ്വർ ട്രില്ലർ, ട്രാക്ടർ, കല്യാണാവശ്യങ്ങൾക്കുള്ള വാടക സാധനങ്ങൾ എന്നിവയുടെ നടത്തിപ്പും, ദിവസത്തിൽ 5000 വയർകട്ട് ഇഷ്ടിക ഉൽപ്പാദിപ്പിക്കുന്ന ഇഷ്ടിക നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നു. മൊത്തം 8 ജീവനക്കാരുണ്ട്.

## ക്ഷീരോൽപാദക സഹകരണ സംഘം

982 പേർ അംഗങ്ങളായുള്ള സംഘത്തിൽ ഇപ്പോൾ പാൽ ഉദ്പാദകർ 264 മാത്രമാണ്. പ്രതിദിനം 600 ലിറ്റർ പാൽ ഉൽപാദകരിൽ നിന്ന് സംഭരിച്ച് ഉപഭോക്താക്കൾക്ക് നേരിട്ട് വിതരണം നടത്തുന്നു. മാസത്തിൽ 3000 കി. ഗ്രാം കാലിത്തീറ്റ വിതരണം ചെയ്യുന്നു. സംഘത്തിന്റ ആഭിമുഖ്യത്തിൽ മാവൂരങ്ങാടിയിൽ പാൽ ശീതീകരണിയും മിൽക്ക് ബൂത്തും പ്രവർത്തിക്കുന്നു. ഇവിടെ 11 ജീവനക്കാരുണ്ട്.

## ഗോളിയോർ റയോൺസ് മൾടി പർപ്പസ് കോഓപ്പറേറ്റീവ് സ്റ്റോർ

റയോൺസ് തൊഴിലാളികൾക്ക് ആവശ്യമായ കൺസ്യൂമർ സാധനങ്ങൾ സംഘം മുഖേന വിപണനം നടത്തുന്നു. ഗ്രാസിം കോളനിയിലും മാവൂരങ്ങാടിയിലും ഷോറൂമുകൾ പ്രവർത്തിക്കുന്നു. സംഘം മേൽനോട്ടത്തിൽ റേഷൻഷാപ്പും നടത്തുന്നു. തൊഴിലാളികൾക്ക് പുറമെ പൊതുജനങ്ങൾക്കും ഇവിടെനിന്ന് സാധനങ്ങൾ ലഭ്യമാണ്.

## പ്രശ്നങ്ങളും സാധ്യതകളും

1. ചെറൂപ്പയിലും മാവൂരിലും പ്രവർത്തിക്കുന്ന സഹകരണ മാവേലി സ്റ്റോറുകൾക്ക് സിവിൽ സപ്ലൈസ് സാധനങ്ങൾ നൽകണം.

2. എണ്ണയാട്ടു കേന്ദ്രം ആധുനീകരിച്ച് പുനരാരംഭിക്കുക.

3. സഹകരണ മേഖലയിൽ കോഴി, ആട്, പശു മുതലായവ നടത്തുവാനുള്ള കേന്ദ്രങ്ങൾ, പപ്പടം, അച്ചാർ, നോട്ടുബുക്കുകൾ, ചുണ്ണാമ്പ്, റെഡിമെയ്ഡ് ഉടുപ്പുകൾ തുടങ്ങിയവ സഹകരണ മേഘലയിൽകൂടി ആരംഭിക്കുക.

4. മാവൂർ സഹകരണ ബേങ്കിന്ന് കീഴിൽ കൊപ്ര ഡ്രെയർ സ്ഥാപിക്കണം.

5. 3ാം വാർഡിൽ സർക്കാർ പുറമ്പോക്ക് സ്ഥലത്ത് നാളികേര സംസ്കരണ യൂണിറ്റ് സഹകരണ മേഘലയിൽ സ്ഥാപിക്കുക.

6. ആദി ആന്ധ്രാ വിഭാത്തിൽ പെട്ടവർ താമസിക്കുന്ന പ്രദേശത്ത് ഖാദിബോർഡിനു കീഴിൽ സഹകരണ സംഘം രൂപീകരിച്ച് ആധുനിക രീതിയിൽ മൺപാത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

7. ഗ്രാമീണ മേഘലയിൽ പാൽ ശേഖരണ കേന്ദ്രങ്ങൾ വ്യാപിപ്പിച്ച് ഉൽപ്പാദകർക്ക് പാൽ നൽകുവാനും ആവശ്യക്കാർക്ക് വാങ്ങാനുമുള്ള സൗകര്യം ഉറപ്പാക്കുക.

8. പുറമ്പോക്ക് സ്ഥലത്ത് കഴിയാവുന്നേടത്തോളം കോഴി വളർത്തു കേന്ദ്രങ്ങൾ സ്ഥാപിക്കുക.

9. നിർമ്മാണ തൊഴിലാളി വ്യവസായ സഹകരണ സംഘം രൂപീകരിച്ച് കെട്ടിട നിർമ്മാണത്തിനാവശ്യമായ എല്ലാ സാധനങ്ങളും സാധാരണക്കാർക്ക് ന്യായവിലക്ക് ലഭ്യമാക്കുക.

10. ഗ്രാസിമിൽ നിന്ന് ഫൈബർ ശേഖരിച്ച് കമ്പനിയേറ്റെടുത്ത് ഉപയോഗപ്പെടുത്താത്ത സ്ഥലം പഞ്ചായത്തിന് കൈമാറി സഹകരണ മേഘലയിൽ ഒരു സ്പിന്നിങ്ങ് & വീവിങ്ങ് മിൽ സ്ഥാപിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുക.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 14.23% പട്ടികജാതി കുടുമ്പങ്ങളാണ്. 610 പട്ടികവ ജാതി കുടുംബങ്ങൾ ഈ പഞ്ചായത്തിൽ താമസിച്ചുവരുന്നു. ആകെ പഞ്ചായത്തിൽ 3383 പട്ടിക ജാതി അംഗങ്ങൾ ഉണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾ പഞ്ചായത്തിൽ ഇല്ല.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യ പുരോഗതിക്ക് കാരണമായിട്ടുണ്ട്. മുൻകാലങ്ങളിൽ സാമൂഹ്യ ഉച്ചനീചത്വങ്ങൾ വളരെ കൂടുതലായിരുന്നു പഞ്ചായത്തിൽ. എന്നാൽ ജന്മിത്തം അവസാനിച്ചതും, കുടികിടപ്പവകാശം കിട്ടിയതും കാരണം അത്തരം വിവേചനങ്ങൾ ഇല്ലാതായിട്ടുണ്ട്. എല്ലാ പൊതുപരിപാടികളിലും എല്ലാ ജാതി മതസ്തരുടെയും എല്ലാ ചടങ്ങുകളിലും ജാതിമത പരിഗണന കൂടാതെ ജനങ്ങൾ പങ്കെടുക്കുന്നു

ഈ വിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധ

തികൾ ഏറെ സഹായിച്ചിട്ടുണ്ട്. എന്നിരുന്നാലും ഈ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ കൊണ്ടും സഹായലബ്ദിക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ കൊണ്ടും വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. പട്ടികജാതി കോളനികളിൽ താമസിക്കുന്നവർക്കാണ് കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്.

പഞ്ചായത്തിലെ പട്ടികജാതി കോളനികളുടെ വിവരം താഴെ ചേർക്കുന്നു. (പട്ടിക 1ൽ)

**പട്ടിക 1**

| ക്രമനമ്പർ | (വാർഡ്) | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | ആകെ ജനസംഖ്യ |
|---|---|---|---|---|
| 1 | IV | കണ്ണിപറമ്പ | 38 | 170 |
| 2 | X | കോട്ടപ്പറമ്പ | 28 | 168 |
| 3 | VII | കുതിരാടം | 22 | 120 |
| 4 | X | പാടത്തുംകണ്ടി IHDP കോളനി | 26 | 110 |
| 5 | XI | മുനിച്ചിമാട് | 21 | 134 |
| 6 | VII | വാവാട്ടുപാറ | 12 | 58 |
| 7 | VI | ഗോശാലപറമ്പ് | 22 | 133 |
| 8 | VI | കല്ലുവെട്ടുകുഴി | 13 | 68 |
| 9 | VII | അടുവാട് കോട്ടക്കുന്ന് | 24 | 123 |
| 10 | XI | മൊടാങ്ങൽമേത്തൽ | 16 | 74 |
| 11 | XI | വില്ലേരിക്കുന്ന് | 13 | 72 |
| 12 | IV | ഊച്ചമ്പാട്ട് കോളനി | 13 | 72 |

അവലംബം സെക്കന്ററി ഡാറ്റ

## അംഗീകാരത്തിൽ സമർപ്പിച്ച കോളനികളുടെ പേര്

IVാം വാർഡ് 1 എക്കായിക്കോട്

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും ഉന്നതപഠനംകാര്യത്തിൽ മുന്നോട്ട് പോകാൻ കഴിഞ്ഞില്ല. എസ്. എസ്. എൽ. സി.ക്ക് ശേഷം പഠനം നിർത്തി ജോലി തേടി പോകുന്നവരാണ് കൂടതലും. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

9697 അദ്ധ്യയനവർഷത്തിൽ 788 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുവേണ്ടി മാവൂർ പ്രി മെട്രിക് ഹോസ്റ്റൽ മാവൂർ ഗവ: ഹൈസ്കൂളിന് സമീപം പ്രവർത്തിക്കുന്നു. ഇവിടെ കുട്ടികൾ താമസിച്ച് പഠനം നടത്തുന്നു.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങൾ കാർഷിക മേഖലെയെയാണ് ഉപജീവനത്തിന് ആശ്രയിക്കുന്നത്. എന്നാൽ കാർഷിക മേഖലയുടെ തകർച്ചോയോടുകൂടി ഈ വിഭാഗം മറ്റു മേഖലകളെ ആശ്രയിക്കാൻ നിർബ്ബന്ധിതനായി. ഇതിൽ ഭൂരിഭാഗവും, നിർമ്മാണരംഗത്തേക്കും ഗ്രാസിം ഫാക്ടറിയിലെ കരാർ തൊഴിൽ മേഖലകയെയുമാമണ് ആശ്രയിക്കുന്നത്. കാർഷകേതര മേഖലയിൽ പുരുഷന്മാർക്ക് 125ഉം സ്ത്രീകൾക്ക് 85ഉം ആണ് കൂലിനിരകക്ക്. ആയതുകൊണ്ട് കാർഷിക മേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. കലാകാലങ്ങളായി സ്ത്രീകൾ മാത്രം ചെയ്തു പോന്നിരുന്ന ഞാറ് പറയ്ക്കൽ നാട്ടി നടൽ, കളപറയ്ക്കൽ തുടങ്ങിയ കാർഷികവൃത്തിക്ക് വളരെയേറെ പ്രയാസം അനുഭവപ്പെടുന്നു. അതുകൊണ്ട് കാർഷിക മേഖലയുടെ വളർച്ചക്കും ഭക്ഷ്യധാന്യങ്ങളുടെ വർദ്ധനവിലേക്കും നയിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളും കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കത്തക്ക വിധത്തിൽ വേണ്ട നടപടികളും കൈക്കൊള്ളേണ്ടതാണ്.

മാവൂർപെരുവയൽ പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ സൊസൈറ്റി മാവൂരിൽ പ്രവർത്തിക്കുന്നു. ഇതിന്റെ കീഴിൽ മാവൂർ ബ്പികസ് എന്ന ഇഷ്ടിക കമ്പനി നിലവിലുണ്ട്. കണ്ണിലുണ്ട്. ഇവിടെ 8 തൊഴിലാളികൾ പണിയെടുത്ത് ഉപജീവനം നടത്തുന്നു.

## പാർപ്പിടം

പട്ടികജാതി വിഭാഗങ്ങൾക്ക് സർക്കാർ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾകൊണ്ട് ഈ വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും ഭാഗികമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. കോളനികളുടെ ആവിർഭാവവും സർക്കാർ സഹായവും പട്ടികജാതി കുടുംബങ്ങളെ ചെറ്റക്കുടിലുകളിൽനിന്ന് ഒരു പരിധിവരെ വിമുക്തമാക്കിയിട്ടുണ്ട്. ഒറ്റപ്പെട്ടുജീവിക്കുന്ന പട്ടികജാതി കുടുംബങ്ങൾ വിവിധ ഏജൻസികളിൽനിന്നെടുത്ത വായ്പാ കെണിയിൽ അകപ്പെട്ട് ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടുപോയതുകൊണ്ട് മറ്റ്

ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. ഒറ്റപ്പെട്ടു ജീവിക്കുന്നു. ഇത്തരം പട്ടികജാതി കുടുംബങ്ങളെ പുനരുദ്ധരിക്കുന്ന പ്രത്യേക പദ്ധതികൾ ആവിഷ്ക രിച്ച് നടപ്പിലാക്കണം. പഞ്ചായത്തിലെ പട്ടികജാ തിയിൽപെട്ടവരുടെ വിവരങ്ങൾ പട്ടിക 2ൽ കാണാം.

**പട്ടിക 2**

**വാർഡ് നമ്പർ ജനസംഖ്യാവിവരങ്ങൾ**

| | പു. | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 199 | 182 | 381 |
| 2 | 111 | 120 | 231 |
| 3 | 122 | 136 | 258 |
| 4 | 307 | 315 | 622 |
| 5 | 65 | 69 | 134 |
| 6 | 193 | 200 | 393 |
| 7 | 272 | 263 | 535 |
| 8 | 46 | 46 | 92 |
| 9 | 51 | 46 | 97 |
| 10 | 126 | 160 | 286 |
| 11 | 168 | 186 | 354 |
| ആകെ | 1660 | 1723 | 3383 |

അവലംബം സെൻസസ് റപ്പോർട്ട്

## പ്രശ്നങ്ങൾ

1 കോളനി നിവാസികൾ ഭാഗികമായി നിര ക്ഷരരാണ്. വിദ്യാഭ്യാസ പുരോഗതി പൂർണ്ണമായും കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്നു.

2 കാർഷികേതര മേഖലയിലെ കൂലിനിരക്ക് വർദ്ധന കാരണം ആ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുകയും അതുകാ രണം കാർഷിക മേഖലയിലെ തൊഴിലാളികൾ കൊഴിഞ്ഞു പോവുകയും ഇത് കാർഷികവൃത്തി അനുദിനം കുറഞ്ഞു വരാൻ കാരണമായി.

3 എല്ലാവർക്കും സ്വന്തമായി വീടും സ്ഥല വുമില്ല

ധനസഹായം കിട്ടിയാൽതന്നെ നിർമ്മാണം പൂർത്തിയാക്കാതെ ധനസഹായം ദുർവിനിയോഗം ചെയ്യുന്നു.

4 കോളനികളിൽ കുടിവെള്ളവും, വൈദ്യു തിയും, പൊതുശ്മശാനവും ഇല്ല.

5 ആരോഗ്യസംരക്ഷണ സംവിധാനം മെച്ച പ്പെട്ടതല്ല. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും, പെൺമക്കളുടെ വിവാഹത്തിനും ധനസഹായം കിട്ടുന്നില്ല.

6. IRDP പദ്ധതിയും, പട്ടികജാതി വികസന കോർപറേഷനും ഹരിജന ക്ഷേമ വകുപ്പും പട്ടിക ജാതി വർത്തിന്റെ ക്ഷേമത്തിന്നും അഭ്യസ്തവിദ്യ രായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും, ധന സഹായങ്ങളും ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല.

## സാധ്യതകൾ

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് ചെയ്യേണ്ട കാര്യങ്ങൾ

1 പഞ്ചായത്തിലെ കോളനികൾ മിക്കവയും കുന്നിൽ പ്രദേശങ്ങളിലാണ്. അതുകൊണ്ട് ഈ പ്രദേശങ്ങൾ എല്ലാ കാലത്തും കുടിവെള്ളക്ഷാമം നേരിടുന്നു. ഇത് പരിഹരിക്കാൻ വേണ്ടത് ചെയ്യണം.

2. കോളനികളിലെയും മറ്റും ഒറ്റപ്പെട്ട് ജീവി ക്കുന്ന വിദ്യാർത്ഥികളുടെയും പഠനനിലവാരം ഉയർത്തുകയും ഇടയ്ക്കുവെച്ച് പഠനം നിർത്തു ന്നത് തടയുകയും ഉപരിപഠനത്തിന് വേണ്ട പ്രോത്സാഹനവും സഹായങ്ങളും ചെയ്യണം.

3 ബോധനിലവാരം ഉയർത്തുന്നതിന് കോള നികളിൽ വായനശാലകൾ സ്ഥാപിക്കണം. നില വിലുള്ള കോളനികളിലെയും മറ്റു ഒറ്റപ്പെട്ടു ജീവി ക്കുന്നവരെയും ഉൾപ്പെടുത്തി ഗ്രാമീണ കൈതൊ ഴിൽ സംരംഭങ്ങളായ കുട, പായനെയ്ത്ത്, കരകൗ ശലവസ്തു നിർമ്മാണം, സോപ്പ് നിർമ്മാണം, മെഴു കുതിരി നിർമ്മാണം, എന്നിവക്ക് വേണ്ട പ്രോത്സാ ഹനവും പരിശീലനവും ലഭ്യമാക്കണം.

4. നിലവിലുള്ള പട്ടികജാതി സഹകരണ സംഘം മുഖേന കൂടുതൽ തൊഴിൽ സാധ്യതകൾ ഉണ്ടാകുന്നു, പരിശീലനം ലഭിച്ചവർക്ക് വായ്പകൾ അനുവദിക്കണം. അനുവദിച്ച വായ്പകൾ ദുർവി നിയോഗം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാ നുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്ത മാക്കുക.

5 കാർഷിക മേഖലകളിൽ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

6. സഹകരണ അടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. ഇത് പട്ടി കജാതിക്കാരുടെ തൊഴിൽസാധ്യത വർദ്ധിപക്കു കയും അതുവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സാധിക്കും.

7 കോളനികളുടെ ഗതാഗതസൗകര്യം വർദ്ധി പ്പിക്കുക.

8 കോളനികളിലെയും മറ്റ് ഒറ്റപ്പെട്ടു ജീവിക്കുന്നവരുടെയും പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

9. പട്ടികജാതി കുടുംബങ്ങൾക്ക് വീട് വെക്കാൻ അനുവദിച്ച ലോണിന്റെ ലഭ്യതക്കുള്ള സാങ്കേതിക ബുദ്ധിമുട്ടു പണത്തിന്റെ അപര്യാപ്തതയും കാരണം പണി മുടങ്ങിക്കിടക്കുന്ന വീടുകളുടെ ഇന്നത്തെ സ്ഥിതി പരിശോധിക്കുകയും കടക്കണിയിൽനിന്ന് അവരെ രക്ഷപ്പെടുത്താനുമുശ്ശ നടപടികളും ആവിഷ്കരിക്കണം.

10 മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും പാർപ്പിട സൗകര്യം ലഭ്യമാക്കണം.

11 വൈദ്യുതീകരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കണം .

12 മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കാൻ നടപടിയുണ്ടാവണം. കോളനികളുടെ ഇന്നത്തെ അവസ്ഥയെകുറിച്ചുള്ള ഒരു അവലോകനം പട്ടിക 3 കാണുക.

**പട്ടിക 3**

| ക്രമനമ്പർ | കോളനിയുടെ പേര് | റോഡുകൾ | വൈദ്യുതി | കുടിവെള്ളം മറ്റുള്ളവ |
|---|---|---|---|---|
| 1 | കണ്ണിപറമ്പ് | ഇല്ല | ഇല്ല | ഇല്ല |
| 2 | കുതിരാടം | ഇല്ല | ഉണ്ട് | ഇല്ല |
| 3 | പാടത്തുംകണ്ട് IHDP | ഉണ്ട് | ഇല്ല | ഉണ്ട് –ഭാഗികം: കോളനിയിൽ മുഴുവൻ ഇത് മെച്ചപ്പെടുഎത്തിക്കണം |
| 5 | കുനിച്ചിമാട് | ഇല്ല | ഇല്ല | ഉണ്ട് |
| 6 | വാവാട്ടുപാറ | ഉണ്ട് | ഇല്ല | ഉണ്ട് – ഭാഗികം |
| 7 | ഗോശാലംപറമ്പ് | ഉണ്ട് | ഇല്ല | ഉണ്ട് |
| 8 | കല്ലുവെട്ടുകുഴി | ഉണ്ട് ടാർ ചെയ്തത് | ഇല്ല | ഉണ്ട് |
| 9 | കോട്ടക്കുന്ന് | ഉണ്ട് | ഉണ്ട് | ഉണ്ട് |

# വിഭവസമാഹരണം

ഏഷ്യയിലെ ആദ്യത്തേതും ഏറ്റവും വലിയതുമായ റയോൺസ് ഫാക്ടറിയാണ് മാവൂരിലെ ഗ്രാസിം ഫാക്ടറി. ഈ വ്യവസായ കേന്ദ്രത്തെ കേന്ദ്രീകരിച്ചുകൊണ്ടാണ് പ്രധാനമായും മാവൂരിലെ ജനങ്ങളുടെ ദൈനംദിന ജീവിതം മുന്നോട്ടുപോകുന്നത്. കൂടാതെ ചെറുകിട വ്യവസായ യൂണിറ്റുകൾ നാമമാത്രമായും മാവൂരിൽ പ്രവർത്തിക്കുന്നു.

നെൽകൃഷി ആദായകരമായതുകൊണ്ട് കൃഷിനിലങ്ങൾ മണ്ണെടുക്കാൻ കൊടുക്കുകയും തന്മൂലം കൃഷി വളരെ കുറയുകയും ചെയ്തു. ഈ സ്ഥലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് ഇന്നത്തെ ബോധ നിലവാരത്തിൽ വ്യത്യാസം വരുത്തേണ്ടതുണ്ട്. കാർഷിക വൃത്തിക്ക് ഊന്നൽ നൽകികൊണ്ടുള്ള വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്. എന്നാൽ ഇപ്പോൾ നിലവിലുള്ള അവസ്ഥയിലും യുവാക്കളുടെ ഇടയിൽ നാമമാത്രമായ മാറ്റം കാണുന്നുണ്ട്. കൃഷി ആദായമാക്കിയാലേ പഞ്ചായത്തിന്റെ വിഭവ സമാഹരണം ഫലപ്രദമാകൂ.

പഞ്ചായത്തിന്റെ പരിധിയിൽപെട്ട ഗ്രാന്റുകൾ താമസം കൂടാതെ പിരിച്ചെടുക്കുന്നതിന് സർക്കാർ പഞ്ചായത്തിന് അധികാരം നൽകണം. ഇപ്പോൾ ഇത്തരം ഗ്രാന്റുകൾ 2 വർഷങ്ങൾക്ക് ശേഷമാണ് പഞ്ചായത്തിന് കിട്ടുന്നത്.

## പട്ടിക - 1 വരുമാനം

1994-95

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| a. കെട്ടിട നികുതി | 264751.15 | 24914.76 | 14836.39 |
| b.സർവ്വീസ് ചാർജ് | 13237.55 | 249914.76 | 14836.39 |
| c. തൊഴിൽ നികുതി | 10, 36630 | 10, 26280 | 10350 |
| d.വാഹന നികുതി | – | – | – |
| e. വിനോദ നികുതി | 24467 | 24467 | |
| f. അഡീ-വിനോദനികുതി | 14675 | 14675 | |
| g. പ്രദർശന നികുതി | 1370 | 1370 | |
| h. ലൈസൻസ് നികുതി | 17206 | 17206 | |
| i. ഡെപ്പോസിറ്റ് | 1,18587.65 1 | 18587.65 | |
| | 14,90,9224.35 | 14,64,886.95 | 26037.40 |

**അവലംബം - പഞ്ചായത്ത് രേഖ, സെക്കണ്ടറി ഡേറ്റ.**

### പട്ടിക 2

കടവിന്റെ പേര് കടവിൽനിന്നുള്ള വരുമാനം.

| | |
|---|---|
| കൽപ്പള്ളി | 16000 |
| ഊർക്കടവ് | 7600 |
| എളമരം | 19700 |
| കുറ്റിക്കടവ് | 400 |
| മണന്തലക്കടവ് | 50000 |
| ആകെ | 93700. |

നമ്മുടെ പഞ്ചായത്തിൽനിന്നും ലൈസൻസ് ഫീസായി 17206 രൂപ പിരിച്ചു കിട്ടാനുള്ളത് മുഴുവനായും പിരിച്ചെടുത്തിട്ടുണ്ട്. എന്തെങ്കിലും സാമ്പത്തിക സഹായം ലഭിക്കുമ്പോഴോ എന്തെങ്കിലും ആവശ്യത്തിന് പഞ്ചായത്തിൽ വരുമ്പോഴോ നികുതി കൊടുക്കുന്ന മനോഭാവമാണ് മിക്ക നികുതി ദായകർക്കുമുള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നമ്മുടെ നാടിന്റെ വികസനമാണെന്ന് മനസ്സിലാക്കി അതിൽ തങ്ങളുടേതായ പങ്കുവഹിക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാനും വികസനം യഥാസമയത്ത് പൂർത്തീകരിക്കുവാനും കഴിയും.

## നിർദ്ദേശങ്ങൾ

1. വരുമാനമുള്ള മുഴുവനാളുകളിൽനിന്നും വരുമാനത്തിനനുസരിച്ച് നികുതി പിരിച്ചെടുക്കണം.

2. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വാർഡുമെമ്പർമാരേയും പ്രധാനപ്പെട്ട പൊതുപ്രവർത്തകരേയും ഉപയോഗപ്പെടുത്തി മുഴുവൻ നികുതിയും യഥാസമയത്ത് പിരിച്ചെടുക്കണം.

3. വരവ്-ചെലവ് കണക്കുകൾ സുതാര്യമാക്കുന്നതിന് വേണ്ടി പരസ്യപ്പെടുത്തണം.

4. പഞ്ചായത്ത് നല്ലൊരു വരുമാനമുണ്ടാകുന്ന വാഹന നികുതി പിരിച്ചെടുക്കാറില്ല. എത്രയും പെട്ടെന്ന് ഇത് പിരിച്ചെടുക്കുന്ന സ്ഥിതി ഉണ്ടാക്കണം.

## കെട്ടിടനികുതി

ശാസ്ത്രീയമായ രീതിയിൽ നികുതി പിരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക. ദുർവ്യയ വീടുകൾക്ക് അമിത നികുതി ഏർപ്പെടുത്തണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുക.

## തൊഴിൽ നികുതി

സർക്കാർ സ്ഥാപനങ്ങളിലും വ്യവസായ ശാലകളിലും പെട്ടവരല്ലാത്ത മറ്റു തൊഴിലിലേർപ്പെടുന്ന വരുമാനമുള്ളവരിൽനിന്നും തൊഴിൽ നികുതി പിരിച്ചെടുക്കണം.

## വിനോദനികുതി

ഒരു സിനിമാടാക്കീസ് പ്രവർത്തിക്കുന്നു. പ്രധാനമായും വിനോദനികുതി ഇവിടെനിന്നുമാണ് പിരിഞ്ഞുകിട്ടുന്നത്. മറ്റു വിനോദനികുതികൾ പൊതുവെ കുറവാണ്. വിനോദനികുതി പൂർണ്ണായും അടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധന കാര്യക്ഷമമാക്കണം.

മറ്റു ധനാഗമ മാർഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പുഴയോരത്തും മറ്റു സ്ഥലത്തും പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി ലീസിന് കൊടുക്കണം. ഇങ്ങിനെ അളന്ന് കൊടുത്താൽ പഞ്ചായത്തിന് നല്ലൊരു വരുമാനം ഉണ്ടാക്കിയെടുക്കാം.

ലീസിന് കൊടുത്ത ചില സ്ഥലങ്ങളിൽ തെങ്ങുകൃഷി നടത്തുന്നുണ്ട്. ഈ സ്ഥലങ്ങളിൽനിന്നും ഇവരെ ഒഴിപ്പിച്ച് ഭൂമി ഇല്ലാത്തവർക്ക് പതിച്ചു കൊടുക്കുകയോ ഗ്രാമസഭാ നിർദ്ദേശത്തിനനുസരിച്ച് ഗ്രൂപ്പായോ ഒറ്റക്കോ ലീസിന് കൊടുക്കുകയോ ചെയ്യണം.

മണൽ ലേലത്തിനുള്ള അധികാരം പൂർണ്ണമായും പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക. പഞ്ചായത്തിനും ഉപഭോക്താക്കൾക്കും നഷ്ടമുണ്ടാക്കുന്ന രീതിയാണ് ഇപ്പോഴത്തെ മണൽലേലം. മണലെടുക്കുന്നത് നിശ്ചിത സമയത്തല്ലാത്തതിനാലും പല വഴിക്കും മണൽ കടത്തുന്നതുകൊണ്ടും ഇതിന്റെ അളവ് നിയന്ത്രിക്കുക സാധ്യമല്ല. പുഴയിൽ നിന്നും മണൽ വാരുന്നതിനുള്ള കുത്തകാവകാശം മണൽ തൊഴിലാളികളുടെ സഹകരണ സംഘമുണ്ടാക്കി അവർക്ക് കൊടുക്കുക. ഇതാണ് നിയന്ത്രണം കൊണ്ടുവരുന്നതിന് പറ്റിയ മാർഗം. ഇതുമൂലം പരിതസ്ഥിതിക്ക് കോട്ടം തട്ടുന്ന രീതിയിലുള്ള മണൽവാരൽ അവസാനിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാം. മണൽലേലം നടക്കുമ്പോൾതന്നെ അതു വിൽക്കുമ്പോൾ ഈടാക്കാവുന്ന വിലയും അളവും സംബന്ധിച്ച് വ്യക്തത വരുത്തി ഗുണഭോക്താവിനെ ചൂഷണംചെയ്യുന്ന ഇന്നത്തെ അവസ്ഥ മാറ്റണം.

സഹകരണ ബാങ്കിന്റെ ശാഖയുൾപ്പടെ 5 ബാങ്കുകൾ പ്രവർത്തിക്കുന്നു. സഹകരണ ബാങ്ക്, സഹകരണ ബാങ്കിന്റെ ശാഖ, ജില്ലാ സഹകരണ ബാങ്ക്, നെടുങ്ങാടി ബാങ്ക്, യൂക്കോ ബാങ്ക് എന്നിവയാണ് പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. നിക്ഷേപത്തിന്റെ തോതിനനുസരിച്ച് വായ്പ ലഭ്യമാക്കുന്നത് സഹകരണ ബാങ്കുകളാണ്. മറ്റു ബാങ്കുകൾ ഈ വഴി സ്വീകരിക്കേണ്ടതുണ്ട്. സമാഹരിക്കുന്നതിന്റെ 80 ശതമാനമെങ്കിലും പഞ്ചായത്തിൽ വായ്പയായി കൊടുക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വരവു ചിലവ് സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു. വരവ്

**പട്ടിക - 3**

VRM/ MI /VTC/ അടിസ്ഥാന/ നികുതി 75% / JRY /അൺടൈഡ് ഫണ്ട് /ആകെ

14170 /1750 /90469/ 189439 /551936/ 252480 /1100244

## ചെലവ് സംബന്ധിച്ച വിവരം

| ഇനം | തുക |
|---|---|
| ഭരണം | 917204 |
| പൊതുമരാമത്ത് | 889911 |
| വിദ്യാഭ്യാസം | 122647 |
| ജലവിതരണം ഓടകൾ പൊതുജനാരോഗ്യം | 262583 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 64675 |
| മറ്റുള്ളവ | 811593.49 |
| ആകെ | 3069113.49 |

(അവലംബം സെക്കണ്ടറി ഡാറ്റ)

**പഞ്ചായത്ത് പൊതുമരാമത്ത് വകുപ്പിന് വേണ്ടി ചെലവഴിച്ച തുക അധികവും റോഡിന്റെ റിപ്പയർ വർക്കിനാണ്. മഴക്കാലത്ത് റോഡിലെ മണ്ണ് മുഴുവൻ ഒലിച്ചുപോകുന്നു. ഇത് പഞ്ചായത്തിന്റെ വിഭവം ചോർന്നുപോകുന്നതിന് കാരണമാകുന്നു. ഈ റോഡുകൾ സംരക്ഷിക്കേണ്ട ചുമതല പ്രസ്തുത റോഡുകൾ ഉപയോഗിക്കുന്ന സമിതികൾ ഏറ്റെടുക്കുകയും മഴക്കാലം തുടങ്ങുന്നതിനു മുമ്പായി ചാലുകൾ ഉണ്ടാക്കി റോഡുകൾ സംരക്ഷിക്കുകയും വേണം.**

പണ്ടുണ്ടായിരുന്ന ആഴ്ചചന്ത പുനരുജ്ജീവിപ്പിക്കുക, അതുവഴിയും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം.

## ടൂറിസം

റഗുലേറ്റർ കം ബ്രിഡ്ജ് വരുന്നതോടെ താഴ്ന്ന സമീപ്രദേശങ്ങൾ വെള്ളത്തിന്നടിയിലാകും. ഈ പ്രദേശം ഉൾപ്പെടുത്തി ടൂറിസം വികസിപ്പിക്കുന്നതിന് വളരെയധികം സാദ്ധ്യതകൾ നിലവിൽവരും. ഇത് ചൂഷണം ചെയ്യാൻ സാധിച്ചാൽ പഞ്ചായത്തിന് നല്ല വരുമാനം ഉണ്ടാക്കാൻ സാധിക്കും.

നാഷണൽ സേവിംഗ്സ് സ്കീം പ്രകാരം പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 20 ശതമാനം പഞ്ചായത്തിന് ഇപ്പോൾ ലഭിക്കുന്നു. ഇത് വിപുലപ്പെടുത്താൻ കഴിയണം. മുഴുവൻ കുടുംബങ്ങളേയും RD അക്കൗണ്ടിൽ ഉൾപ്പെടുത്തി മാവൂരിനെ ബചത് പഞ്ചായത്തായി ഉയർത്താൻ കഴിഞ്ഞാൽ പഞ്ചായത്തിന് പ്രതിവർഷം നല്ലൊരു സംഖ്യ ഗ്രാന്റ് ലഭിക്കും. ഇത് സാധ്യമാക്കാൻ വേണ്ട പ്രവർത്തനം ബഹുജന പങ്കാളിത്തത്തോടെ നടത്തണം.

## മനുഷ്യാദ്ധ്വാനം

പഞ്ചായത്തിലെ പ്രധാന വിഭവം മനുഷ്യവിഭവം തന്നെയാണ്. മനുഷ്യാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാമെന്ന് എല്ലാ ഗ്രാമ സഭകളിൽ നിന്നും ഉറപ്പുണ്ടായിട്ടുണ്ട്.

**സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സ്കൂൾ കോംപ്ലക്സുകൾക്ക് രൂപം നൽകി വിദ്യാഭ്യാസം നൽകാൻ താൽപര്യമുള്ള മുഴുവൻ ആളുകളേയും ഉൾപ്പെടുത്തി ഈ രംഗം ഉയർത്തിക്കൊണ്ട് വരുവാനും SSLC വിജയ ശതമാനം വർദ്ധിപ്പിക്കാനും സാധിക്കണം.**

**വിവിധ മേഖലകളിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി മനുഷ്യാദ്ധ്വാനം നൽകാമെന്ന് ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ളത് പരമാവധി ഉപയോഗപ്പെടുത്തി നമ്മുടെ പഞ്ചായത്തിന്റെ വിഭവ സമാഹരണം പൂർത്തീകരിക്കേണ്ടതാണ്.**

# റിസോഴ്സ് പേഴ്സൺസ്

ബാലകൃഷ്ണൻ നായർ

കെ. സി. പ്രഭാകരൻ

പ്രേംരാജ് മോഹൻ

യശോദടീച്ചർ

വിശാലാക്ഷി ടീച്ചർ

സുനിൽകുമാർ

ശങ്കരനാരായണൻ

ബാലകൃഷ്ണൻ

പീതാംബരൻനായർ

ശശിധരൻ

കാമ്പുറത്ത് മുഹമ്മദ്

അനിൽകുമാർ

# ഉപസംഹാരം

കേരള ചരിത്രത്തിൽ തന്നെ ഇന്നോളം ദർശിച്ചിട്ടില്ലാത്ത ഒരു മഹാസംരഭമാണല്ലോ ജനകീയാസൂത്രണ പ്രസ്ഥാനം. ഇതിൻെറ ഭാഗമായി, ഇതുവരെയുള്ളതിൽ നിന്ന് വ്യത്യസ്ഥമായി പദ്ധതിയാസൂത്രണം താഴെ തട്ടിൽ നിന്നും തുടങ്ങുന്നു. ഈ പ്രവർത്തനങ്ങൾക്ക് ഉജ്ജ്വല തുടക്കമായി കേരളത്തിലെ എല്ലാ പഞ്ചായത്ത് നഗരസഭാവാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ നടന്നു. അങ്ങിനെ 9-ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാകുന്നതിൻെറ ഒന്നാംഘട്ട പ്രവർത്തനം നമ്മുടെ പഞ്ചായത്തിലും വിജയകരമായി സമാപിച്ചു. ആസൂത്രണപ്രവർത്തനത്തിൻെറ 2-ാം ഘട്ടത്തിലെ പ്രധാനിനമായ വികസനസെമിനാറിൽ അവതരിപ്പിക്കുന്ന ഈ റിപ്പോർട്ട് പൂർണമായും സമ്പുഷ്ടമായി എന്നഭിപ്രായമില്ല. കിട്ടാവുന്ന എല്ലാ സ്ഥിതി വിവരക്കണക്കുകളും ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ യുദ്ധകാലാടിസ്ഥാന പ്രവർത്തനത്തോടെ സംഘടിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് പഠന പര്യടനവും കാരണവചർച്ചയും ഈ റിപ്പോർട്ടിന് സഹായകരമായിട്ടുണ്ട്.

ഇതിൽ വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രധാനപ്പെട്ട എല്ലാ പ്രശ്നങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് വികസന സെമിനാറിൽ റിപ്പോർട്ട് അവതരണത്തിനു ശേഷം 12 വിഷയഗ്രൂപ്പുകളായി തിരിഞ്ഞാണല്ലോ ചർച്ച നടക്കേണ്ടത്. ചർച്ചക്ക് ഈ റിപ്പോർട്ടും ഗ്രാമസഭകളിലെ ഗ്രൂപ്പുചർച്ചയിൽ ഉയർന്നുവന്ന മറ്റു പദ്ധതി നിർദേശങ്ങളും വെക്കുന്നുണ്ട്. അടുത്ത 5 വർഷത്തിൽ എന്തെന്തു വികസന പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത് എന്ന് തീരുമാനിക്കണമെങ്കിൽ ഗൗരവാവഹവും ആഴത്തിലുമുള്ള ചർച്ചകൾ നടക്കണം.

അതിനു സഹായകരമായി തന്നെയാണ് ഗ്രാമസഭകളും പഞ്ചായത്ത് ഭരണ സമിതിയും പ്രതിനിധികളെ തീരുമാനിച്ചത്. ചർച്ചകളുടെ അവസാനഘട്ടത്തിൽ ഉരുത്തിരിഞ്ഞു വരുന്ന മുൻഗണനാക്രമം മാനിച്ചുകൊണ്ടു് നിർദ്ദേശിക്കപ്പെടുന്ന പരിപാടികളെ സ്കീമുകളാക്കിമാറ്റുന്നതിന് കൂടുതൽ പ്രവർത്തനമാവശ്യമുണ്ട്. ഇതിനായി സെമിനാറിൻെറ അന്ത്യത്തിൽ 12 കർമ്മ സമിതികൾ രൂപീകരിക്കുന്നു. ഈ വിവിധ കർമ്മസമിതികൾ തയ്യാറാക്കുന്നു പദ്ധതികൾ ഉദ്ഗ്രഥിച്ചു് സമഗ്രമായ ഒരു പഞ്ചായത്ത് വികസന പദ്ധതിയുണ്ടാക്കാൻ പഞ്ചായത്ത് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കും. ഈ കമ്മിറ്റി രൂപപ്പെടുത്തുന്ന വികസന പദ്ധതികളാണ് അടുത്ത അഞ്ചുവർഷത്തേക്ക് പഞ്ചായത്തിൽ നടപ്പാക്കേണ്ടുന്ന പദ്ധതികൾ ഈ പ്രവർത്തനങ്ങളുടെയെല്ലാം ഇതുവരെയുള്ള ഓരോ ഘട്ടങ്ങളിലും പഞ്ചായത്തിലെയും പുറത്തുമുള്ള വിവിധ ഓഫീസുകളിലെ ഉദ്ധ്യോഗസ്ഥൻമാരുടെയും പഞ്ചായത്തിലെ രാഷ്ടീയ സാമൂഹിക സാംസ്കാരി രംഗത്തെ പ്രവർത്തകരുടെയും നിസീമമായ സഹകരണം ഉണ്ടായിട്ടുണ്ട്.

ഭാവിയിലുള്ള എല്ലാ പ്രവർത്തനങ്ങളിലും എല്ലാ വിഭാഗം പ്രവർത്തകരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ റിപ്പോർട്ട് ചർച്ചക്ക് സമർപ്പിക്കുന്നു.

# ജനനമരണ രജിസ്ട്രേഷൻ

സ്കൂൾപ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ടവകാശം സ്ഥാപിക്കുന്നതിന്, റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന്

---

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം.
ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

---

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂലങ്ങൾ വാങ്ങുന്നതിന്,

---

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം
മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക

---

**ജനനവും മരണവും**
**21 ദിവസത്തിനകം രജിസ്റ്റർ ചെയ്യാൻ ഒർമ്മിക്കുക**
**ഇത് നിർബന്ധമാണ്**



അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗവും താണ വർഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

– മഹാത്മാഗാന്ധി

അധികാരം ജനങ്ങളിലേക്ക്